


# EMEA TRAINING COLLEGE
Kondotty

## ANNUAL MAGAZINE
2022-2023


Lyceum
E M E A TRAINING COLLEGE KONDOTTY
(AFFILIATED TO THE UNIVERSITY OF CALICUT & RECOGNISED BY N C T E)

# ഖുഷ്കലാ

**EMEA Training College**
**Kondotty**
**2022-23**


## *We Adore the Pioneering Leadership*



**Syed Muhammedali Shihab Thangal**



**C.H. Muhammed Koya**



**Seethi Haji Sahib**



**E. Ahamed**



**Avukader Kutty Naha**

*"Mobilize, weak or strong, and strive with your possession and your lives in the cause of God. That is better for you, if you only knew"*

**Holy Qur'an (09:41)**

# Annual Magazine Committee

# 2022-23

| | |
|---|---|
| Cheif Editor | : Dr. Abdul Kader Parambat |
| Staff Editor | : Rajesh. T. Thazhathayil. |
| Student Editor | : Rinshidha. V. |
| Members | : Asi Sabjan. V.P. |
| | : Ramshida. K.P. |
| | : Muhsina. K |
| | : Namitha Raj. P. |
| | : Sreeshma. P |
| | : Muhammed Nivas. V. |
| | : Sangeetha. S. |
| | : Farisha. K. |
| | : Sruthi. K. |

**EMEA Training College**
Kumminipparamb
Near Calicut International Airport
Kondotty, Malappuram District
Phone: +91 483 271 65 33
E-mail: emeatrainingcollege@gmail.com
www.emeatc.ac.in

ചിന്താസാഗരത്തിൽ മുക്കിയ കൈവിരലിലൂടെ
പൊട്ടിയൊഴുകിയതൊക്കെയും അക്ഷരങ്ങളായിരുന്നു.
കുന്നുകൂടിയ ചിന്തകളുടെ പർവതങ്ങളിൽ
നിന്നും വാക്കുകളുടെയും ചായക്കൂട്ടുകളുടെയും
കടലിലേക്ക് ഖുഷാലിയോട് കൂടിയ നീരൊഴുക്ക്.
സമയ രഥത്തിലേറി വരുന്ന
കാലമെന്ന സുന്ദരിയെ തോൽപ്പിച്ച്,
ഹൃദയം തൊട്ട നൊമ്പരങ്ങളുടെയും
പകുത്തെടുക്കലുകളുടെയും ഓർമകൾ
ഖുഷാലിയായി  പുനർജനിക്കട്ടെ



**Prof. (Dr.) M.K. JAYARAJ**
Vice-Chancellor

**UNIVERSITY OF CALICUT**
*(Re-accredited by NAAC with A+ Grade)*

# MESSAGE

I am happy to pen for this wonderful magazine to congratulate the commendable efforts put forth by the team.

I wish all the students and staff who have been involved in bringing out the magazine greater success and careers ahead. Let this be a platform to fire the enthusiasm and excite the minds of the students. My greetings to the editorial board to keep up the good work.

I wish all the very best for future endeavours and also congratulate the Principal and its staff for their achievements over the years.



**Prof. (Dr.) M. K. Jayaraj**
Vice Chancellor

Calicut University P.O., Malappuram (Dt.), Pin: 673635, Kerala, India
Phone (Off) 0494 2400241, 2407102 (Resi.) 0494 2402000, 2407600, Mob: 9400007779, Fax: 0494 2400361
e-mail: vc@uoc.ac.in | website: www.uoc.ac.in

# MESSAGE



"2022-23 വർഷത്തെ ഇം.എം.ഇ.എ ട്രൈനിങ്ങ് കോളേജ് യൂണിയൻ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അഭിമാനമുണ്ട്.

വിദ്യാർത്ഥികളുടെ ക്രിയാത്മകതയും കലാ വൈഭവവും പ്രതിഫലിക്കുന്ന കൃതികളും രചനകളും താളുകളിലും, ഓർമകളിലും എന്നു ഒരു സൃഷ്ടിയായി നില നിൽകട്ടെ എന്ന് ആശംസിക്കുന്നു."

**Mr.P.K. Moosa alias Bappu**
Manager & Treasurer of
EMEA Institution

# MESSAGE

ഇ.എം.ഇ.എ. ബി.എഡ്. ട്രൈനിംഗ് കോളേജ് യൂണിയൻ ഈ വർഷവും സപ്ലിമെന്റ് പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ ഉള്ളിലെ സർവ്വതോന്മുഖമായ കഴിവുകളെയും പുറത്തെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ആ അർത്ഥത്തിൽ ഈ സപ്ലിമെന്റും പഠന പ്രവർത്തനങ്ങളുടെ ഭാഗമാണെന്ന കാര്യത്തിൽ സംശയമില്ല. അധ്യാപക പഠന വിദ്യാർത്ഥികളിൽ അന്തർലീനമായ സർഗാത്മക കഴിവുകളെ തൊട്ടുണർത്താൻ ഈ സപ്ലിമെന്റ് പര്യാപ്തമായതാവട്ടെ എന്നാശംസിക്കുന്നു. എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

**പി.കെ. ബഷീർ. എം.എൽ.എ**
ജെനറൽ സെക്രട്ടറി, ഇ.എം.ഇ.എ.



13 “ചോ”ക്കുന്ന്

15 ഞാൻ

15 നിർവ്വചനം

16 Zap the fair

17 Hug

18 NOT A FAIRYTALE

19 ലാഡ് ബസാറിലെ കച്ചവടക്കാർ

20 Recurring Caste Violence and Mob-lynching in Kerala

21 ചുവന്ന മെഴുകുതിരി

21 മരുപ്പച്ച

22 ज़िंदगी

22 ഇദ്ധ / ഇദ്ദ

23 Life

23 പ്രതിനിധി

24 ഭാഗ്യവാൻ

25 സിനിമയും ജീവിതവും

27 Ataraxia

27 MY SOMETHING BLUE

28 ഓർമ്മയിലെ ബാല്യം !

33 FALL of a GREEN LEAF

34 ഫീഡ് ബാക്ക്

35 الأم

36 തീരാനോവ്

37 വൈക്കം സത്യാഗ്രഹം. ഐതിഹാസിക പോരാട്ടത്തിന് നൂറു വർഷം

38 VOICE OF A WOMAN

39 പ്രേMm

40 മനുഷ്യനാണ് മനുഷ്യനെപ്പോലെ ജീവിക്കുക.....

41 The Unbreakable Bond of Friendship

42 ജീവിതത്തിൻ നിറഭേദങ്ങൾ

42 പെയ്തു തീരാത്ത മഴ

43 കണ്മണിക്ക്

44 Lost spring

45 നുറുങ്ങു കഥകൾ

46 A MOTHER'S LOVE AN UNWAVERING FORCE

47 ആഹാ... ബി.എഡോ...??

48 Convenience v/s conventions

49 GLOBAL WARMING

51 വിജയരഹസ്യങ്ങൾ

53 NSS(National Service Scheme)

57 കറുപ്പും നിറമാണ്

58 Wholehearted

59 ഒരു Without

60 Endings and New Beginnings: Reflections on Departure from College Life

61 അവരെന്ത് വിചാരിക്കും?

62 മനുഷ്യര്

63 THE FINAL HOPE

64 ശബ്ദം

65 बारिश की बूंद

66 THE NAME SAKE

67 യുദ്ധം v/s മലയാളി മനസ്സ്

68 The will Power

73 കായിക വിദ്യഭ്യാസവും കുട്ടികളും

74 നജീബ് 27 വയസ്സ് സ്വതന്ത്രൻ...

76 POSITIVE

77 അധ്യാപിക എന്ന നായിക

80 Ever flaming

81 നാണയത്തുട്ട്

82 പുസ്തകങ്ങൾ

88 വാനമ്പാടികൾ കൂടൊരുക്കുന്നു.....

91 നൈസാമിന്റെ സുന്ദര നഗരിയിലേക്കൊരു യാത്ര

*Our Principal*




## Dr. ABDUL KADER PARAMBAT

**E.M.E.A.** Training College is fast emerging as a resourceful destination for higher studies in Malabar, spreading the fragrance of education in the society. This college is recognized by NCTE, Government of Kerala and affiliated to the University of Calicut. EMEA Training College established in 2005 by Ernad Muslim Educational Association, is the teacher training institution managed by the minority in the state to promote the cause of education in Malabar to provide quality education to all classes of people, to attract and encourage talented students towards teaching profession, especially from among financially and educationally backward Muslim minority students and other marginalized sections of the society.



# EDITORIAL BOARD



**Dr. ABDUL KADER PARAMBAT**
**Chief Editor**



**RAJESH T. THAZHATHAYIL**
**Staff Editor**



**RINSHIDHA.V**
Student Editor




**ASI SABJAN. VP**
Chairman



**RAMSHIDA KP**



**MUHSINA. K**



**NAMITHA RAJ. P**



**SREESHMA. P**



**MUHAMMED NIVAS. V**




**SANGEETHA. S**



**FARISHA. K**



**SRUTHI. K**




**ANJALA SHERI. P**
Natural Science



**Nafla Sherin. E**
English

# "ചോ" ക്കുന്ന്

സവുഷ്കിൻ അവിടെ പോകാറുണ്ട്. ചോക്കുന്നിൽ. ലോകത്ത് ഗതികിട്ടാതലയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം അവിടെ ഉണ്ട്. ആത്മാക്കളുടെ പറുദീസ്സ. മരിച്ചവരുടെ കുന്ന്. കഴിഞ്ഞ ഇടയ്ക്കാണ് കോരാമൂലയിലെ ഒറ്റപ്പെട്ട സ്ഥലത്ത് ഒരു ചായക്കട കാണുന്നത് . താരതമ്യേന തിരക്ക് കുറഞ്ഞ ഇടം ആണെന്ന് തോന്നി. അതുകൊണ്ട് തന്നെ സമാധാനത്തോടെ ഇരുന്നു കട്ടനടിക്കാൻ ഒരു മോഹം . മാത്രമല്ല ഒരാഴ്ചത്തെ ഉറക്ക ക്ഷീണം കണ്ണുകളിൽ അറിയാനുമുണ്ട്.അതിനെയൊന്ന് പമ്പകടത്തണം . ചൂട് ചായ മൊത്തി കുടിക്കുന്നതിനിടക്കാണ് അയാളുടെ ശബ്ദം ഞാൻ കേൾക്കുന്നത്.ചുണ്ടിൽ ബീഡിക്കുറ്റി കത്തിയെരിയുന്നുണ്ട്, ചൊമല കണ്ണ്, ദൃഢമായ ശരീരപ്രകൃതം. അവസാനത്തെ പുകയും വലിച്ചെടുത്ത് അയാൾ ബീഡി നിലത്തിട്ട് ചവിട്ടിയരച്ചു . അയാൾ മുൻപേ എന്നെ കണ്ടിട്ടില്ലെന്ന മട്ടിൽ എന്റെ അടുത്തേക്ക് വന്നു. എന്നെ കണ്ടിട്ട് ആണാണെന്നാണ് അയാൾ ആദ്യം വിചാരിച്ചത്, തൊപ്പി അഴിച്ച് തല രണ്ടുഭാഗത്തേക്കും കുലുക്കിയപ്പോൾ മുടി അഴിഞ്ഞു വീഴുന്നത് കണ്ടപ്പോഴാണ് അയാൾക്ക് ഞാൻ പെണ്ണാണെന്ന കാര്യം മനസ്സിലാകുന്നത്. ഞങ്ങൾ കുറെ സംസാരിച്ചു. ആദ്യം അയാളെ കണ്ടപ്പോൾ എനിക്ക് അല്പം പേടിയൊക്കെ തോന്നിയെങ്കിലും പിന്നെ മനസ്സിലായി അയാളൊരു പാവം ആണെന്ന് . ' അവറാച്ചൻ'അതാണ് അയാളുടെ പേര് . അവറാച്ചന്റെ സംസാരത്തിൽ നിന്നാണ് ഞാൻ ചോക്കുന്നിനെ പറ്റിയറിയുന്നത്. അത് ആ ചായക്കടയിൽ സ്ഥിരമായി വരാനുള്ള ഒരു കാരണമായി കൂടെ അവറാച്ചന് കഥകൾ കേൾക്കാനൊരാളും. കേൾക്കുന്തോറും ചോക്കുന്ന് എനിക്ക് ഒരു അത്ഭുതമായി മാറി.മാത്രമല്ല അവിടെ പോവാനുള്ള ആഗ്രഹം അതിരുകടന്നു തുടങ്ങി. കോരാമൂലയിൽ നിന്നും 5സാ മാറി കൈത്താപൊഴിയിൽ ആണ് ചോക്കുന്ന് സ്ഥിതി ചെയ്യുന്നത് . റോഡ് മുറിച്ചു കടന്നാൽ ഒരു ഇടവഴി ആണ് . കൈതച്ചെടി തിങ്ങി വളരുന്ന തോട് മുറിച്ചുകടന്നാൽ വിശാലമായ ഒരു പുൽമേട് , അതിന്റെ ഏറ്റവും മുകളിലാണ് ചോക്കുന്ന്. ഓശാന ദിവസമാണ് ഞാൻ അവിടെ ആദ്യമായി പോകുന്നത് . പുൽമേട്ടിലെത്തിയതും ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു കാറ്റ്. എന്റെ ചെമ്പൻ മുടിയെ തട്ടിത്തലോടി അതു കടന്നുപോയി. ചുണ്ട് വരളുന്നപോലെ തോന്നി എനിക്കപ്പോൾ.നാവുകൊണ്ട് ചുണ്ടൊന്നു നനച്ചപ്പോഴേക്കും ദിശതെറ്റി വന്ന കാറ്റ് അതിനെ വീണ്ടും ഈർപ്പരഹിതമാക്കി. ഓരോ അടി നടക്കുമ്പോഴും കാലുകൾക്ക് കനം വയ്ക്കുന്നപോലെ തോന്നി. എങ്ങനൊക്കെയോ തപ്പി തടഞ്ഞു ഞാനും അവിടെ എത്തി , ' ചോക്കുന്നിൽ '. മുൻപ് ആരും അവിടെ വരാത്തപോലെ തോന്നി എനിക്ക്. അവറാച്ചനും കേട്ടറിവ് മാത്രമേയുള്ളൂ . മാംസ്യത്തിന്റെ മണമുള്ള സ്ഥലം, അതാണ് ചോക്കുന്ന്. ഞാൻ പതിയെ ബാഗിൽ നിന്നും ഒരു ആൽബം പുറത്തെടുത്തു. വളരെ മനോഹരമായ ഒരു ആൽബം ഒന്നും അല്ലായിരുന്നു അത് , അങ്ങിങ്ങ് ഇളകിപറിഞ്ഞു കിടപ്പുണ്ട്. താഴേക്കു നോക്കിയാൽ അപ്പച്ചെടികൾ കാറ്റിൽ ആടിയുലയുന്നതായി കാണാം. ഞാൻ പതിയെ ആൽബത്തിലൂടെ കണ്ണോടിച്ചു. എന്തോ അണപൊട്ടി ഒലിക്കുന്നപോലെ കണ്ണുകളിൽ നിന്ന് കണ്ണുനീരിന്റെ പ്രവാഹം. ഞാൻ ഒന്ന് നെടുവീർപ്പിട്ടു. ശേഷം പൂമെത്തയിൽ കിടന്ന് കണ്ണുകൾ പയ്യെ അടച്ചു .കിളികളുടെ ശബ്ദം കാതുകളിൽ തുളച്ചുകയറുന്നുണ്ട്, ദൂരെ ഒരു വെള്ളച്ചാട്ടവുമുണ്ട് അതിന്റെ ശബ്ദവും കേൾക്കാം.പെട്ടെന്ന് കണ്ണുകളിലെ പ്രകാശം അണയുന്നതായി തോന്നി . കണ്ണുതുറന്നപ്പോൾ അവിടെ ഇരുട്ട് പരക്കുന്നതായി കാണപ്പെട്ടു.പെട്ടെന്ന് എന്താ ഇവിടെ സംഭവിക്കുന്നത് .. ? ! എനിക്ക് പേടിയാവൻ തുടങ്ങി . ധൃതിയിൽ ബാഗും എടുത്ത് ഞാൻ ആ കുന്നിറങ്ങി . എന്തോ ഇതുവരെ തോന്നാത്ത ഭയം. ഹൃദയമിടുപ്പ് കൂടി , കിതച്ചു കിതച്ചാണ് ഞാൻ അവിടുന്ന് താഴെക്കെത്തിയത്. കൈതാപൊഴിയിൽ എത്തിയപ്പോൾ എല്ലാം സാധാരണ ആയി. പിന്നെ നേരെ വീട്ടിലേക്ക്. വീട്ടിലെത്തി ഒന്ന് ഫ്രഷ് ആയപ്പോൾ ആണ് പെട്ടന്ന് ആൽബത്തിന്റെ കാര്യം ഓർമ്മ വരുന്നത്. ബാഗിൽ പരതി നോക്കീട്ടും കണ്ടില്ല . അപ്പോഴാണ് ഓർക്കുന്നത് വെപ്രാളത്തിൽ താൻ ബാഗ് മാത്രമാണല്ലോ എടുത്തതെന്ന്. അന്ന് രാത്രി ഉറക്കം വന്നില്ല . എങ്ങനെങ്കിലും അതുപോയി എടുക്കണം. നേരം പുലർന്നതും നേരെ ചോക്കുന്നിലേക്ക് തിരിച്ചു . ഭയം എന്ന വികാരം രണ്ടാമതും എന്നെ വലിച്ചു മുറുക്കുന്നു. ആദ്യം പോയ അത്ര സുഖകരമായിരുന്നില്ല തനിക്ക് ആ യാത്ര .ധൃതിപ്പെട്ട് പുൽമേട് കയറി, ക്ഷീണിച്ച കണ്ണുകൾ വീണ്ടും അടയുന്നപോലെ തോന്നി , എങ്ങിനെയോ മുകളിലെത്തി , താൻ കിടന്നിടത്ത് നോക്കിയപ്പോൾ ആൽബം അവിടെ കിടപ്പുണ്ട് , അതെടുത്ത് നിമിഷനേരംകൊണ്ട് കുന്നിറങ്ങി . അന്നുരാത്രി പതിവുപോലെ



പാൽ കുടിച്ചു കിടന്നു . ലൈറ്റ് അണച്ചതിനുശേഷം കണ്ണുകൾ പതിയെ ചിമ്മി വരുകയായിരുന്നു പെട്ടെന്ന് ഒരു കറുത്ത രൂപം കണ്ണിനെ വലം വയ്ക്കുന്നപോലെ തോന്നി , പുറത്ത് അസാധാരണമായ ശബ്ദങ്ങൾ .. തൊണ്ടയിൽ നിന്ന് വെള്ളമെല്ലാം വറ്റി അരണ്ടുപോകുന്നപോലെ തോന്നി , കൈകൾക്കും കാലുകൾക്കും ഭാരം വയ്ക്കുന്നപോലെയും . കണ്ണു തുറന്നപ്പോൾ ഏതോ രൂപം മുഖത്തിനടുത്തേക്ക് വന്നു . ഹൃദയമിടിപ്പ് കൂടി ... തപ്പിപിടിച്ചു ലൈറ്റിട്ട് പുലരും വരെ ഉറങ്ങാതിരുന്നു . അപ്പോഴേക്കും പേടിച്ച് വിറച്ച് ശരീരമാകെ വിയർപ്പിൽ കുളിച്ചിരുന്നു . പകൽ ആയപ്പോൾ എല്ലാം സാധാരണമായി . പക്ഷേ , വൈകി തുടങ്ങുമ്പോൾ തൊട്ട് എന്റെ ചങ്കിടിപ്പ് കൂടാൻ തുടങ്ങി , രാത്രിയിൽ ഞാൻ പേടിയിൽ മുങ്ങിമരിച്ചു , ആർത്തുവിളിച്ചു നേരം വെളുപ്പിക്കും . അവൾ ഇരുട്ടിനെ ഭയപ്പെട്ടു തുടങ്ങി . പിറ്റേ ദിവസം അനുവിനെ ഫോൺ ചെയ്ത് അത്യാവശ്യമായി കാണണമെന്നാവശ്യപ്പെട്ടു . എന്റെ സംസാരത്തിന് ശേഷമാണ് അവളുടെ അടുത്ത സുഹൃത്തിന്റെ നമ്പർ എനിക്ക് തരുന്നത് . അയാൾ ഒരു മനഃശാസ്ത്രജ്ഞൻ ആണ് . അതും ഇതും തമ്മിൽ എന്തു ബന്ധം .. ? അറിയില്ല . പക്ഷേ , അവളുടെ നിർബന്ധത്തിന് വഴങ്ങി ഞാൻ അയാളെ കാണാൻ തീരുമാനിച്ചു.അങ്ങനെ പിറ്റേ ദിവസം ഞാൻ അയാളെ പോയി കണ്ടു . മണിക്കൂറുകൾ നീണ്ട സംസാരത്തിനൊടുവിൽ അയാൾ ഒരു ശൂന്യമായ വെള്ളകടലാസ്സിൽ എന്തോ എഴുതി എന്നെ ഏൽപ്പിച്ചു.വീട്ടിൽ എത്തിയതിനു ശേഷം മാത്രമേ അതു തുറക്കാവൂ എന്ന നിർദ്ദേശത്തിന് ശേഷമാണ് അയാൾ അതെനിക്ക് തരുന്നത്.പിന്നെ അയാൾ എന്നോടൊരു കാര്യം കൂടെ ആവശ്യപ്പെട്ടു , അയാൾക്ക് ചോക്കുന്ന് കാണണമെന്ന് . അങ്ങനെ ഞങ്ങൾ രണ്ടുപേരും ചോക്കുന്നിലേക്ക് യാത്ര തിരിച്ചു . കോരാമൂലയിൽ എത്തിയതും അയാൾ എന്നോട് പറഞ്ഞു ' യാത്ര ചെയ്ത ക്ഷീണം കാണില്ലേ , കുറച്ച് നേരം ഇറങ്ങി നടക്കാം . ' ' മ്മ് എന്ന് ഞാൻ തലയാട്ടി .അവിടെയിറങ്ങി പയ്യെ നടന്നു , അതെന്നെ വല്ലാതെ അത്ഭുതപ്പെടുത്തി , ചായക്കട ഇരുന്ന സ്ഥലത്ത് എനിക്ക് ഒന്നും തന്നെ കാണാൻ സാധിച്ചില്ല . എനിക്കാകെ ഭ്രാന്ത് പിടിക്കുംപോലെ തോന്നി.അവിടെ അങ്ങനെ ഒരു കട നിന്നതിന്റെ ഒരു അവശേഷിപ്പും അവിടെ ഉണ്ടായിരുന്നില്ല . ഞാൻ അയാളെ ഒന്ന് നോക്കി , എന്താണ് സംഭവിക്കുന്നതെന്ന് എനിക്കപ്പോൾ മനസ്സിലാക്കാൻ പറ്റുന്നുണ്ടായിരുന്നില്ല . കൈതാപൊഴിയിൽ എത്തിയപ്പോഴേക്കും എല്ലാം മാറിമറിയുന്നുണ്ടായിരുന്നു . ' അവിടെ അങ്ങനെ ഒരിടവഴിയില്ല ... ' ഞാൻ ആകെ സ്തംഭിച്ചുപോയി . ഭ്രാന്തപിടിക്കുന്നപോലെ തോന്നി . റോഡിൽ കിടന്ന് അലറിവിളിച്ചു . കണ്ണീര് മുഖത്തെ പൊതിഞ്ഞു . ശരീരം തണുത്ത് മരവിച്ചു . എന്നെ ഒന്ന് സമാധാനിപ്പിച്ച ശേഷം അയാൾ എന്നെ വീട്ടിൽ കൊണ്ടാക്കി . ഒന്നും മനസ്സിലാകാത്ത പോലെ ഞാനിരുന്നു . കരഞ്ഞു ... പെട്ടെന്ന് അനുവിനെ വിളിക്കാനാണ് തോന്നിയത്..മനഃശാസ്ത്രജ്ഞനെ കാണാൻ അവളാണ് എന്നോട് ആവശ്യപ്പെട്ടത് .അപ്പോഴാണ് ഞാൻ ശരിക്കും ഞെട്ടിയത് , അവൾ മുന്നേ എന്നെ കണ്ടിരുന്നപ്പോഴെല്ലാം ഞാൻ തന്നെ സംസാരിക്കുന്നുണ്ടാവും , ഇന്ദ്രിയങ്ങൾ കൊണ്ട് ഒരു മനുഷ്യന് ചെന്നെത്താൻ കഴിയാത്ത ഇടങ്ങളെക്കുറിച്ച് മാത്രമായിരുന്നു എന്റെ സംസാരം , ആദ്യമൊക്കെ അവളതു തമാശയായെടുത്തു , പിന്നെ പിന്നെ അവളും അത് തിരിച്ചറിഞ്ഞു തുടങ്ങി.അനു തുടർന്നു ... ഒരാഴ്ച മുൻപായിരുന്നു നിന്റെ ഓപ്പോളിന്റെ മരണം . നീ കരയുന്നതാരും കണ്ടിട്ടില്ല , നിന്റെ മനസ്സിൽ എന്തായിരുന്നെന്ന് ആർക്കും അറിയില്ല , പക്ഷേ , അവസാനമായി കാലിൽ പിടിക്കുന്നതുമാത്രം എല്ലാരും കണ്ടു . അന്ന് മുതൽ നിനക്കൊരു മരവിപ്പാണ് ... പെട്ടെന്ന് ആണ് അനുവിന്റെ സുഹൃത്ത് തന്ന വെള്ളകടലാസ്സിനെപ്പറ്റി ഓർമവന്നത് , കോൾ കട്ട് ചെയ്ത് അത് തുറന്നുനോക്കി . ചുമന്ന മാഷികൊണ്ട് അയാൾ അതിൽ ഒന്നുമാത്രമായിരുന്നു എഴുതിയിരുന്നത് ' കുറ്റബോധം .. 'വളർന്നുവന്ന നാളുതൊട്ട് ഞാൻ ഓപ്പോളിന്റെ കൂടെ ആണ് , മറ്റെന്തിനെക്കാളും ഞാൻ അവരെ സ്നേഹിച്ചിരുന്നു. പക്ഷേ പ്രകടിപ്പിച്ചിരുന്നില്ല ... അവരെ മനസ്സിലാക്കാൻ ശ്രമിച്ചിരുന്നില്ല , എപ്പോഴും തിരക്കുകൾ ആയിരുന്നെനിക്ക് ... വിളിച്ചാൽ ഫോൺ എടുക്കില്ല , കാണാൻ പോകാറില്ല ... അന്ന് ആ ദിവസം എന്റെ തിരക്കുകളൊക്കെ കുറഞ്ഞു. പക്ഷേ, എന്നെ തിരക്കിവരാൻ അവരവിടെ ഉണ്ടായിരുന്നില്ല. ഭ്രാന്തമായ ദിവസങ്ങൾ, ഇരുട്ട് അതായിരുന്നു ജീവിതം.എനിക്കവരെ കാണണമെന്നു തോന്നി, സംസാരിക്കണമെന്ന് തോന്നി, അത്രമാത്രം എന്നെ സ്നേച്ചിച്ചിരുന്നതിന് കെട്ടിപിടിച്ചു ഉമ്മനൽകണമെന്ന് തോന്നി..മാപ്പ് പറയണമെന്ന് തോന്നി... കുറ്റബോധം എന്നെ വല്ലാണ്ട് വലിച്ചുകീറിയപ്പോൾ ഞാൻ ഓപ്പോളുമായി സംസാരിക്കാൻ തുടങ്ങി. ഞങ്ങളുടെ കൂടിക്കാഴ്ചകൾക്കുള്ള സ്ഥലത്തെ ചോക്കുന്ന് എന്ന് അടയാളപ്പെടുത്തി. മനുഷ്യരാർക്കും ഇന്ദ്രിയങ്ങൾക്കൊണ്ട് ചെന്നെത്താൻ പറ്റാത്തൊരിടം... അവിടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരമുണ്ട്... അതാണ് ' ചോക്കുന്ന് ' .



**Sruthi k**
First year
commerce

# ഞാൻ

ഇതെന്റെ ഹൃദയം
ഒരിക്കൽ നീ തൊട്ടുണർത്തി
സ്ഫടിക ഗോളമാക്കിയ കരിക്കട്ട

ഇതെന്റെ വാക്ക്
നീ പകർന്നു നൽകുന്ന
സ്നേഹത്തിന്റെ തീരാക്കടം

ഇതെന്റെ ക്ഷമ
നിരന്തരം നീ കൊണ്ടു നടന്ന
കരുതലിൻ പ്രതിധ്വനി

ഇതെന്റെ ഗന്ധം
നിന്റെ കണ്ണീർത്തടത്തിൽ മുങ്ങിമരിച്ച
വേദനയുടെ കൊടുംകാറ്റ് പടർത്തിയത്


ഇതെന്റെ മാംസത്തിൻ രുചി
നിന്റെ കഴുത്തിൽ ചുംബിച്ചപ്പോൾ
ഇരമ്പി വന്ന തിരമാലകളുടെ ഉപ്പ്

ഇതെന്റെ കർമ്മം
ഇരുട്ടിൽ ചൂട്ടായ് പരസ്പരം
എരിയുവാൻ... വെളിച്ചമാകുവാൻ

ഇത് ഞാൻ, അത് നീ തന്നെ
നീ തന്നെ

**Nahla. K.N**
First year
Physical Science





# നിർവ്വചനം

അനിവാര്യതയുടെ മൂടുപടമാണ് ഞാൻ
ഈ നിമിഷത്തിന്റെ തുടക്കവും ഒടുക്കവും വിതയ്ക്കപ്പെട്ട ഉദരം
തേഞ്ഞ കുങ്കുമപ്പൊട്ടിന് കീഴെ ഒരു കരിനിഴൽ
ഇന്നലെയുടെ പേറ്റു നോവറിയും മുമ്പേ
നാളത്തെ ഭ്രൂണത്തിലാഴ്ന്ന ലോഹമുന പിന്നെ,
നിന്റെ സ്വാതന്ത്ര്യത്തിന്റെ ദൂത്
രക്തം കുതിർന്ന മണ്ണിലെ
പശിമയുള്ള ചെളി ഗന്ധം
അവന്റെ പ്രണയത്തിന്റെ
വിഷം കലർത്തിയ
അവസാന തുള്ളി മാംസവും
കുത്തിയിറക്കുന്ന
കണ്ണിലെ ഇരുട്ട്
പിന്നെയുമെന്തൊക്കെയോ...
ആരൊക്കെയോ....
ഒടുവിൽ,


ഇന്നലെ
തീൻ മേശയിൽ, കരിയടുപ്പിൽ-
നിന്റെ വിള നിലങ്ങളിൽ ഇറ്റു വീണ
കണ്ണീരിലെ ചേതന
ഇന്ന്,
നഷ്ടപ്പെട്ടവന്റെ നെഞ്ചിലെ വിങ്ങൽ
ഇനിയും മരിക്കാത്ത പ്രണയത്തിലെ സ്പന്ദനം
നാളെ,
വിശക്കുന്നവന്റെ അന്നം
വിതയ്ക്കുന്നവന്റെ വാൾത്തല
അങ്ങനെ ഈ തൂലികത്തുമ്പിലെ
മഷി കറയായി ഇനിയും, ഞാൻ...!

**Adhithya Mol. R**
Second year
Natural science

# Zap the fair

In India, the estimated market for fairness creams is 5000 crore. From this, the obsession towards fairness of the society is clear. Also we can find around us, pregnant ladies drinking saffron milk for the child to be fair. Why do we wish our children to be fair? Why do we expect the actors in film to be fair? How did the market for fairness product grew so much in India? However, a new born can not distinguish the difference between value of black and white. They understand everything, only from what they see, what they hear from their surroundings and also from their personal experiences when they grow up. So, when we look in to the advertisements of fairness products, they show that dark skinned people cannot be successful in life, no one will love them and that they will not have any value in the society.

Looking in to the most influencing factor, the films that we see makes sure that the lead actors should never be dark skinned, the character may be poor or lower class people. Fairness is vital, if the character is from a well educated upper class family. By speading such colour discrimination to the society, along with creating insecurities in the name of dark skin for majority of people in a country, we are injecting the thought that fair is better than being dark in the subconscious mind of society. Making think that we are not good enough, the fairness industries are making profit from this insecurity feelings. We should not let the thought of colour discrimination to grow any further. Its our society's failure. Even if a child think that he or she is not good enough in the name of their colour. So, accept yourself whatever your skin colour is. Understand the truth that all skin colours are beautiful. Understand that Talent is more important than skin colour and try to create a society which provides equal opportunities without colour discrimination. So, try to accept yourselves. Iam proud that my colour is black, my colour is my identity. I never regret in the name of my colour.



**Namitharaj. P**
Second year
social science

# Hug



ആഴ്ച്ചകൾക്ക് മുമ്പ് മനോഹരമായ ഒരു കാഴ്ച കണ്ടു. മഞ്ചേരി ബസ്സ് സ്റ്റാൻഡ്. ആളുകളൊരുപാടുണ്ട്. സ്റ്റാൻഡിന്റെ നടുവിലായി ഒരു മധ്യവയസ്സ്കൻ ഇരിക്കുന്നുണ്ട്.അന്ധനാണ്. അയാളുടെ മുടിയിൽ നരയൊക്കെ വന്ന് തുടങ്ങിയിരുന്നു. കയ്യിലൊരു പെട്ടിയുണ്ട്. കുറച്ച് മിഠായിയും പേനയും ചീർപ്പുമായി മനുഷ്യന് വേണ്ടതായിട്ടുള്ള ചെറിയ ചെറിയ സാധനങ്ങളാണ് അതില്. അയാളുടെ കാലിനടുത്തായിട്ടുള്ള ഒരു ചെറിയ സ്പീക്കർ അയാൾക്ക് വേണ്ടി സംസാരിച്ചു കൊണ്ടിരിക്കുന്നു. 'സുഹൃത്തുക്കളേ.. ഞാൻ ഒരു അന്ധനാണ്.ജോലി എടുക്കാൻ പ്രയാസം അനുഭവിക്കുന്നു.യാചനക്ക് മനസ്സില്ലാത്തതിനാലാണ് ഞാൻ നിങ്ങൾക്കാവിശ്യമുള്ള കൊറച്ച് സാധനങ്ങൾ വിൽക്കാനായി നിങ്ങളുടെ മുന്നിൽ വന്ന് നിൽക്കുന്നെ.നിങ്ങളിത് വാങ്ങി എന്നെ സഹായിക്കണം....' കുറേ പേർ വന്ന് അയാളുടെ കൈയ്യിലുള്ള സാധനങ്ങളൊക്കെ വാങ്ങി അയാളെ സഹായിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ,ആരും അങ്ങനെ ഒരു ദാനമായി നൽകുന്നതായി കണ്ടില്ല. ദൂരെ നിന്നും രണ്ട് വെല്യുമ്മമാർ വരുന്നുണ്ട്.പർദ്ദയും വെല്യ വട്ട മക്കനയും ഒക്കെ ഇട്ട് അവരെങ്ങോട്ടോ പോകാനുള്ള ബസ്സ് അന്വേഷിച്ചുള്ള നടത്തത്തിലാണെന്ന് തോന്നുന്നു. കൈയ്യിലെ ചുളിവിലും നടത്തത്തിലെ പ്രയാസവും അവരുടെ പ്രായം കാണിക്കുന്നുണ്ടായിരുന്നു. അവർ നടന്ന് നടന്ന് ഈ മനുഷ്യന്റെ അടുത്തെത്തി.അയാളുടെ സംസാരം കേട്ട് രണ്ടാളും പരസ്പരം ഒന്ന് നോക്കിയിട്ട് അവിടെ തന്നെ നിന്നു. എന്തോ ഒന്ന് അവരെ അവിടെ നിന്നും പോകാൻ അനുവദിക്കുന്നില്ലായിരുന്നു.രണ്ട് പേരും കൈയ്യിലുണ്ടായിരുന്ന ആ ചെറിയ കവറിൽ കയ്യിട്ട് അതിന്ന് നമ്മൾ സാധനങ്ങളൊക്കെ വാങ്ങുമ്പോൾ തികച്ചും മോഡേൺ അല്ലാത്തതായി ഫ്രീ കിട്ടുന്ന ഒരു പേഴ്സ് ഉണ്ടാവുമല്ലോ,അതുപോലത്തെ ഒന്ന് പുറത്തെടുത്ത് അതിന്ന് ഓരോ നോട്ട് കയ്യിൽ ചുരുട്ടിയെടുത്തു. അടുത്ത് പോയി ആ ഒരു മനുഷ്യന്റെ മടക്കിപ്പിടിച്ച കൈയ് വിടർത്തി.അതിൽ വെച്ച് കൊടുത്തു.ഒന്നും പറയാതെ ഒന്നും വാങ്ങാതെ മനസ്സിലെന്തോ മന്ത്രിച്ചു നടന്നകന്നു. അയാൾക്ക് വേണ്ടി പ്രാർത്ഥിച്ചതാവാം.. അവരുടെ ദാനം ചെറുതോ വലുതോ എന്നതിലല്ല കാര്യം.അവർ ചുരുട്ടി പിടിച്ചു കൊടുത്ത ആ നോട്ടിന് ഒരു മൗനമായ സ്നേഹത്തിന്റെ സൗന്ദര്യമുണ്ടായിരുന്നു. ചില ആളുകളൊക്കെ അങ്ങനെയാണ്. ചിലപ്പോൾ അവർക്ക് വല്യ വിദ്യാഭ്യാസമൊന്നും ഉണ്ടാവില്ലായിരിക്കാം. എങ്കിലും അവരുടെ സ്നേഹത്തിലൊരു ആത്മാർത്ഥതയുണ്ടായിരിക്കും. മരിക്കുന്നതിന് മുമ്പ് വെല്യുമ്മ തന്നുകൊണ്ടിരുന്ന ചുരുട്ടിപ്പിടിച്ച നോട്ടുകൾക്കും അതുപോലുള്ളൊരു സ്നേഹത്തിന്റെ സൗന്ദര്യമുണ്ടായിരുന്നു. ആത്മാർത്ഥ തയുള്ള സ്നേഹങ്ങൾക്കൊക്കെ ഒരു സൗന്ദര്യണ്ടെന്നാണ്...

ഇന്ന് ഈ ലോകത്ത് ഏറ്റവും കൂടുതൽ വേണ്ടതും അത് തന്നെയാണ്.

"സ്നേഹം"

**Muhajir muhammed.K**
Second year
English

# NOT A FAIRYTALE




The lips were mourning feverishly
The hands were held out in supplication,
The heart weighed out in desperation.
It was paining the soul was feeling,
Pure agony only love can bring.
The tears shed formed oceans
The prayers reverberated into nothingness
The cries for help were gobbled up,
By the stark white hospital corridor:
The doctors delivered verdict
With a detachment seasoned over ages.
The nurses floated around relentlessly
Like the unseen ghosts of the haunted house.
Eyes that held the anxiety of eon,
Followed each flick of movements.
Hopping for a news not necessarily happy,
But at least one that can
Light up a spark of hope.
To carefully protect and preserve,
From the harsh winds of a cruel world.
It never came
A mother was weeping
Her heart was bleeding
Behind the tinted doors that remained close
Fought a life for which
She herself fought to bring into this world.
As each day passed,
His frame got smaller and smaller
His heart grew weaker and weaker
His soul struggled to break free of its confiner
Yet, as each day she pushed opened those doors,
Those eyes battled to stay open
To deliver a smile only she could see
To lend a hand of hope only she could hold
To make a vow on life only she could hear
And she savoured it all.
She held on to that hope,
As the beast looked after the last rose petal.
Alas....... if only it was a fairy-tale
Then the world wouldn't have collapsed around her
The rose wouldn't have wilted down
The spring wouldn't have withered away
She just wouldn't have to feel
The excruciating pain of love.

**Fida ishaq.PV**
Second year
English

# ലാഡ് ബസാറിലെ കച്ചവടക്കാർ

ധാരാളം പ്രതീക്ഷകളോടെ ഓരോ കസ്റ്റമറേയും മാടി വിളിക്കുന്ന കണ്ണുകൾ. അതൊരു പ്രത്യേകതരം കാഴ്ച തന്നെയായിരുന്നു. ഒരുപക്ഷേ ഒരു നേരത്തെ വയറിന് വേണ്ടിയാവാം പ്രതീക്ഷവറ്റാതെ അവർ കാത്തിരിക്കുന്നത്. വ്യത്യസ്ത സ്വഭാവങ്ങളോട് കൂടിയ വ്യത്യസ്ത തരം മനുഷ്യർ. രൂപത്തിലും ഭാവത്തിലും വേഷവിധാനം കൊണ്ടും സംസാരം കൊണ്ടും നമ്മളിൽ നിന്നും എത്രയോ മാറ്റങ്ങളുള്ളവർ. കസ്റ്റമറെക്കാൾ കൂടുതൽ ഇവർ തന്നെയായിരുന്നു വർണശബളവും തിരക്കുപിടിച്ചതുമായ ആ നഗരവീഥിയുടെ കേന്ദ്രബിന്ദു. വളകൾ, കളിപ്പാട്ടങ്ങൾ, തുണിത്തരങ്ങൾ, ചെരിപ്പുകൾ തുടങ്ങിയ നിരവധി വിൽപ്പനക്കാർ. മാന്യതയോടെ ഇടപഴകുന്നവർ, തന്റെ കച്ചവടം നടന്നില്ലെങ്കിൽ ചീത്ത വിളിക്കുന്നവർ, വിലപേശാനായി നമ്മെ തന്നെ പ്രോത്സാഹിപ്പിക്കുന്നവർ, സ്വന്തം കച്ചവടത്തിനായി കണ്ണിൽ കാണുന്നവരെയെല്ലാം വിടാതെ പിന്തുടരുന്ന ഒരു കൂട്ടം മനുഷ്യർ. അവരാണ് "ഹൈദരാബാദിലെ ലാഡ് ബസാറിലെ കച്ചവടക്കാർ" ബാഹ്യരൂപമൊഴിച്ചാൽ നമ്മളും അവരും ഒന്നുതന്നെ, മാനവ ജനത!

**Hanna.KT**
Second year
Natural Science



# Recurring Caste Violence and Mob-lynching in Kerala



Last july 2022,when Droupadi Murmur addressed the nation after being sworn in as President from the Central Hall of Parliament, she spoke about her own life journey. About that arduous journey from a small tribal village in Odisha. If this ascension underlined the country's determination, what a tribal youth viswanathan tells us through his own death is something else. Discrimination against lower castes and prejudice against people based on their dress, colour and appearance still exists.

The tragic death of viswanathan, a tribal man from Wayanad, who was accused of theft has once again highlighted the cases of caste based violence and mob lynching in Kerala. Viswanathan, who was found dead on February 11 in Kozhikode Government Medical College was questioned and roughed up by a group of people near the Medical College on the accusation of stealing a mobile phone. If mob brutality is the cause of death of this young man,it is undoubtedly extremely despicable.The courage of the mob to take the law into their hands and commit violence indicates the decline of the country. As in other parts of the country, this spirit of violence that is rising in Kerala is an open challenge to the civilized society. This demands the active attention of the government and society.

We know in 2011,a youth named Reghu was beaten to death at a bus stand in Perumbavoor after being accused of pickpocketing. There are thousands of such cases that occur across the country. Some are reported and some go unreported. The growth of such mob should be looked at with worry. The rampage of such gangsters is also due to the lack of timely attention and presence of the police and concerned authorities. This poor section can only stand helpless when the people at the helm of power are themselves criminals.

We know where the cases of Madhu's beating to death in Attapadi reached. The defection of the witnesses, the lack of an advocate, are a repeated reminder of how helpless these people are. We can imagine what will happen to Viswanathan's case in the context of the experience so far. There is no need to say much to convince how the survival of people who are so destitute -wiped out from the mainstream, landless and non-vote bank are so hopeless in the society. The stigmatization and marginalization faced by the likes of Viswanathan begins where the public perceives him as a bad person simply because of his frizzy hair, appearance and attire. As long as such pre-conceived notions of the public are not corrected, there is no point in blaming them for their feeling of losing their lives in the agony of the disgraced and saddened.

As long as public consciousness does not rise to the point of understanding that they have the right to live like everyone else and as long as the administration is unable to accurately mark the place of Viswanathan's in democracy, such sad lives will continue to repeat themselves. Adivasis will still face the crime of theft in secular progressive Kerala. We will continue to be a society that has defeated the tribal people.Being able to develop progressive and healthy social conditions is a great achievement of Kerala.But the growing incidents of mob-lynching are an indication towards how little we as a society have developed. We should all feel guilty that there are still the despicable remnants of the time when even the shadow was insulted on behalf of untouchability.

A severe action is required in order to curb the caste based violence. Every human, belonging to any caste or religion has the right to equal life. In the 21st century a community is still fighting for the basic human rights to live! Its extremely saddening to witness such incidents in this day and age.

**Rasmina. TM**
Second year
English

# ചുവന്ന മെഴുകുതിരി



ആ പ്രകാശത്തിന്
എന്റെ ഹൃദയത്തിന്റെ ചുവപ്പുണ്ടായിരുന്നു
സ്വയമുരുകി പ്രകാശിക്കുമ്പോഴും
മെഴുകുതിരി
തന്റെ കണ്ണീരിന്റെ നനവ്
ആരെയും അറിയിച്ചിരുന്നില്ല
പ്രകാശം പരത്തുവാൻ സ്വയം ഉരുകുന്നത്
ഒരു സമർപ്പണമാണ്
സ്വയം എരിഞ്ഞ് കാർമേഘങ്ങളാൽ
ആ പ്രകാശത്തിന് മങ്ങലേൽക്കും വരെ
അത് കത്തിക്കൊണ്ടേയിരിക്കും
എന്നിട്ടും ആ പ്രകാശം
അവന്റെ സ്വപ്നങ്ങൾക്ക്
മഴയുടെ കുളിർമ നൽകി
ഹൃദയത്തിന്റെ ചുവപ്പ് നിറം പോലെയല്ല
സമർപ്പണത്തിന് കണ്ണു നീരെന്ന്
അവനറിയാമായിരുന്നു
എന്നിട്ടും അവൻ
മെഴുകുതിരിയെ
ഏറെ ഇഷ്ടപെട്ടു.

**Subhisha P**
Second year
Commerce



# മരുപ്പച്ച


പ്രതീക്ഷയുടെ അവസാന തുള്ളിയും
ഈ മരുഭൂമിയിൽ വറ്റിക്കഴിഞ്ഞു...
വരണ്ടുണങ്ങിയ എന്നിൽ ഒരു
പുൽനാമ്പും മുളക്കില്ലെന്ന് ആരോ മന്ത്രിച്ചുകൊണ്ടിരിക്കുന്നു... എങ്കിലും
ഇന്നും പ്രതീക്ഷയുടെ അതിർവരമ്പുകൾ
തേടി അവൻ എന്നിലൂടെ യാത്ര
ചെയ്യുന്നു.. പർവ്വതങ്ങളിൽ
ഇടിമുഴക്കവും മരീചികയിൽ തടാകവും
അവൻ കാണുന്നു.. അവർ മുന്നോട്ടു കുതിക്കുകയാണ്..
പുതിയ മരുപ്പച്ചകൾ തേടി......
ഓരോ കാലടിയും
അനന്തതയിലേക്കാണെന്നറിയാതെ..

**Shadiya PK**
Second year
Physical science

# ज़िंदगी

इतनी बड़ी दुनिया में, अपनी एक छोटी सी दुनिया
इस छोटी सी दुनिया मे इतनी लंबी ज़िंदगी,
इतनी लंबी ज़िंदगी में, इतनी सारी मुश्किलें,
हर मुश्किल में एक सबक,
हर मुश्किल के पीछे एक कहानी,
आख़िर है क्या ये ज़िंदगी? मुश्किल का सामना करना ही ज़िंदगी है क्या?
कभी कभी मुश्किलो से भागना भी अच्छा क्यों लगता है?
कभी कभी अपनी इस छोटी सी दुनिया से चुप जाना भी अच्छा क्यों लगता है?
आख़िर है क्या ये ज़िंदगी?
जिससे हम भागना चाहते हैं, वो है ज़िंदगी?
या जिसे हम जीना नहीं चाहते उसकी तारीख से वो ज़िंदगी है?

**Rifna PC**
Second year
Physical Science





# ഇദ്ധ / ഇദ്ദ

ജീവിച്ചിരിക്കെ മയ്യത്ത് പോലെ
അവരെന്നെ വെള്ള പുതപ്പിച്ചു.
വെള്ളകൊണ്ട് അവരെന്റെ
സന്തോഷത്തെ പൊതിഞ്ഞുകെട്ടി...
അത്തറിന്റെ മണം പോലും അവരെനിക്ക് തടഞ്ഞുവെച്ചു...
രാവിനും പകലിനുമൊരേ നിറം.
ദുഃഖിക്കണമെന്ന് അവരെന്നെ നിർബന്ധിച്ചു കൊണ്ടേയിരുന്നു...!
എന്റെ ആത്മാവ് ശരീരത്തിൽ നിന്നും ഊരിപ്പോയപോലെ.
ആശ്വാസവാക്കുമായി വന്നവരൊക്കെയെന്റെ മയ്യത്ത് കാണാൻ
വന്നവരെന്ന് തോന്നിപ്പിക്കും വിധം ഞാൻ വീർപ്പ്മുട്ടി.
നിറമില്ല, മണമില്ല, മധുവില്ലാ ചിരിയില്ലാ...
പ്രാണനായവൻ ഇനി കൂടെയില്ലെന്ന്
അവരെന്നെ ഓർമിപ്പിച്ചുകൊണ്ടേയിരുന്നു...

**Jasira KC**
Second year
Commerce

# Life

Once I was a tender leaf
I danced at the timing of wind
I welcomed dazzling day and bracing night,
I had a youth with full of colours

Day passed, wrinkles fell on me.
and may colour faded
Aging paralysed me
I realised the taste of death
I fell down from the peak of free
without any emotion.

**Munsina Thasmi. KY**
Second year
English.



# പ്രതിനിധി

എനിക്ക് പരാതിയില്ല
എന്നെ ഇടിച്ചിട്ട് പോയ ലോറിയോട്
കണ്ടിട്ടും കാണാതെ പോയ ഡ്രൈവറോട്
റോഡിൽ ഞാൻ വേദന തിന്ന് കിടന്നപ്പോൾ
ചോര വാർന്നു പോകുമ്പോൾ
ചുറ്റും കൂടി നിന്ന്
അത് നോക്കി നിന്നവരോട്
ആരോടും എനിക്ക് പരാതിയില്ല.
പാതി ബോധത്തിൽ ഞാൻ കണ്ടു
ചിലരുടെ മൊബൈലിലെ ക്യാമറ
എന്നെ നോക്കി ഇളിച്ചു കാട്ടിയത്.
എങ്കിലും എനിക്ക് പരാതിയില്ല.
ആരോടും പരാതിയില്ല.
കാരണം, ഞാനും അവരിലെ ഒരാളായിരുന്നു.
അവരുടെ പ്രതിനിധിയായിരുന്നു.

**Archana. C. K**
Second year
Social science



# ഭാഗ്യവാൻ

“മുത്തേ എന്നാ നിന്നെയൊന്ന് കാണാൻ കഴിയാ?? എനിക്കങ്ങട് കൊതിയാവുന്നു...”
“കാക്കൂ.. ഇങ്ങള് സമാധാനപ്പെടീ.. ഇനിയും ഇങ്ങനെ പറഞ്ഞിരുന്നാല് ഞാൻ ഇറങ്ങി വരും ട്ടോ..”
ആന്നോടീ.. എന്നാ നീ വാ... നമുക്ക് എന്റെ വീട്ടിൽ സുഖായിട്ട് കഴിയാം.. രണ്ട്, മൂന്ന് ദിവസം പൊട്ടലും ചീറ്റലുമൊക്കെയുണ്ടാവും.. പിന്നെ അതൊക്കെ സെറ്റായിക്കൊള്ളും.. വരുമാനത്തിന് നമുക്കൊരു യൂട്യൂബ് ചാനലും തുടങ്ങാം.. ‘

മെസ്സേജുകൾ ചറപറ വാരി വിതറുകയാണ്. അൽത്താഫ് ആകെ ത്രില്ലിലാണ്. അവന്റെ ഇൻസ്റ്റാ കാമുകിയെ കാണാൻ. അവന്റെയുള്ളിൽ ലഡ്ഡുകൾ പൊട്ടിക്കൊണ്ടേയിരിക്കുന്നു.കിടക്കുമ്പോഴും അവൻ അവന്റെ ഇൻസ്റ്റ ഐശുനെ സങ്കൽപ്പിച്ചുകൊണ്ടേയിരുന്നു. പ്രണയം അങ്ങനെയാണല്ലോ.. വിസ്മയത്തിന്റെ മായാലോകത്തേക്ക് അവൻ പ്രണയിനിയെയും കൊണ്ടിറങ്ങി... എന്തു മനോഹരം!

അൽത്താഫേ... അൽത്താഫേ.. ഒന്നെണീക്കെടാ.. നിന്നെയാന്വേഷിച്ച് ആരോ വന്നിരിക്കുന്നു. നിന്റെ ടീച്ചറെങ്ങാനുമാണോ? നീ കോളേജിൽ വല്ല കുരുത്തക്കേടും ഒപ്പിച്ചോടാ? എണീക്കെടാ.. അൽത്താഫേ... ‘

ഉമ്മയുടെ പിരിപിരി ശബ്ദം കേട്ടാണ് അവൻ ഉണർന്നത്. കിട്ടിയ ഒരു തുണിയും ടീ ഷർട്ടും ഇട്ട് ഉമ്മറത്തെത്തിയ അവനെ കാക്കൂ എന്ന് വിളിച്ചു ഒരൊറ്റ കെട്ടിപ്പിടിത്തം ഉമ്മയുടെ അലറിവിളി കേൾക്കും മുമ്പ് വരെ ഇന്നലെ കണ്ട സ്വപ്നത്തിന്റെ ബാക്കിയെന്നാണ് അവൻ കരുതിയത്. കണ്ണുതിരുമ്മി ഒന്നും കൂടെ നോക്കിയപ്പോൾ അവൻ യഥാർഥ്യത്തിലേക് എത്തിയത്.
‘ ആരാ നിങ്ങൾ...? ‘
‘എന്ത്...?‘.
‘എന്താ കാക്കൂ... ‘

തെല്ല് വെപ്രാളത്തോടെ ആ കുതറിയോട്ടത്തിനിടയിൽ അവൻ ചോദിച്ചു.
45 വയസുകാരിയായ ആ സ്ത്രീയുടെ മറുപടി കേട്ട് അവൻ അന്ധാളിച്ചുപോയി.


‘ഞാനാ കാക്കൂ.. ഇങ്ങളെ ഇൻസ്റ്റ ഐശു..‘

‘നിങ്ങളില്ലാതെ എനിക്കിനി ജീവിക്കാൻ കഴിയില്ല ‘.
പിന്നെ അവിടെ ഒരു അട്ടഹാസമായിരുന്നു. നിലവിളിയോ.. മുറവിളിയോ.. എന്തോ...
ഒരു കാമുകിയുടെ സ്നേഹത്തിനു പുറമെ ഒരമ്മയുടെ വാത്സല്യം കൂടെ കിട്ടിയ മഹാ ഭാഗ്യവാൻ!

- ശുഭം -

**FARSANA BANU. K**
Second year
ENGLISH

# സിനിമയും ജീവിതവും



"ഈ ലോകത്തിൽ രണ്ടുതരം ആളുകളാണുള്ളത്. ചൂഷണം ചെയ്യുന്നവരും ചൂഷണം ചെയ്യപ്പെടുന്നവരും. അതിൽ ഒന്നാമത്തെ കൂട്ടത്തിലാണ് ഞാൻ ഉൾപ്പെടുന്നത്" പറഞ്ഞത് ഞാനല്ല അഡ്വക്കേറ്റ് മുകുന്ദനുണ്ണിയാണ്. വിനീത് ശ്രീനിവാസൻ, സുരാജ് വെഞ്ഞാറമൂട്, അർഷിദ, ചാന്ദിനി എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി അഭിനവ് സുന്ദർ നായക് സംവിധാനം ചെയ്തു 2022ൽ പുറത്തിറങ്ങിയ ചിത്രമാണ് മുകുന്ദൻ ഉണ്ണി അസോസിയേറ്റ്സ്. ജീവിത വിജയത്തിനു വേണ്ടി എന്തും ചെയ്യാൻ തുനിയുന്ന നാർക്സിസ്റ്റ് (Narcissist) ആയ കഥാപാത്രം നായകനാകുന്ന സിനിമയാണിത്. മലയാള സിനിമയിലെ നന്മമരമായ നായക സങ്കല്പങ്ങളിൽ നിന്നും തികച്ചും ഭിന്നമായ ശൈലിയുള്ള നായകൻ പറഞ്ഞുതരുന്നത് ഒരു പക്ഷേ നെഗറ്റീവ് കോൺസെപ്റ്റ് ആയിരിക്കാം. കർമ്മയിൽ അടിസ്ഥാനമായ പ്രവർത്തികളും ചിന്തകളും തികച്ചും അരോചകവും യുക്തിപരമല്ലാത്തതും ആണെന്നാണ് പലകഥാപാത്രങ്ങളും പറയുന്നത്. അതായത്, നന്മ ചെയ്താൽ ജീവിതത്തിൽ ഉയരം തിന്മ ചെയ്താൽ അതിനുള്ള ശിക്ഷ കിട്ടും. തുടങ്ങിയ കർമ്മ തിയ്യറികളെ വെല്ലുവിളിക്കുന്ന സിനിമയാണിത്. നമുക്ക് ചുറ്റുമുള്ള ഒരു കൂട്ടം ആളുകൾ കർമ്മയിൽ വിശ്വസിക്കുന്നില്ല എന്ന തിരിച്ചറിവാണ് പല കഥാപാത്രങ്ങളിലൂടെയും കാണാൻ കഴിയുന്നത്. അങ്ങനെയൊരു തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് നീതിന്യായ വ്യവസ്ഥയുടെ ആവശ്യകത മനസ്സിലാക്കാൻ കഴിയുക. ചുറ്റുമുള്ള മനുഷ്യരെ നമ്മൾ അളക്കുന്നത് അയാൾ എത്രമാത്രം സമ്പാദിച്ചു എന്നതിന്റെ പേരിലാണ്. വിജയം എന്ന വാക്ക് അതിൽ മാത്രമായി ചുരുങ്ങി കൂടുകയാണ്. പലപ്പോഴും മനുഷ്യരെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്നതും ഇങ്ങനെയൊക്കെയാണ്. ചുരുക്കിപ്പറഞ്ഞാൽ ജീവിതവിജയം എന്നത് പണത്തിന്റെ രൂപത്തിൽ അല്ലെങ്കിൽഅളന്ന് തിട്ടപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് സമൂഹം നിർവചിച്ചു വെച്ചിരിക്കുന്നത്. ഇതൊന്നുമില്ലാതെ മനസ്സമാധാനത്തോടെ ജീവിതം നയിക്കുന്ന ചെറിയ കാര്യങ്ങളിൽ സന്തോഷം കണ്ടെത്തുന്ന ചെറിയ മനുഷ്യരുടെ വലിയ ലോകത്തെ നാം ഒരിക്കലും വിജയിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നില്ല. അതുകൊണ്ടുതന്നെയാണ് എങ്ങനെയെങ്കിലും വിജയിച്ച് വലിയ പണക്കാരൻ ആയാൽ മതി എന്ന ചിന്ത ചുറ്റുമുള്ളവരിലേക്ക് കാൻസർ പോലെ പടരുന്നത്. വളരെ ടോക്സിക് ആയ നാസിസ്റ്റ് പേഴ്സണായ മുകുന്ദൻ ഉണ്ണി സ്വന്തം നേട്ടത്തിനു വേണ്ടി കൂടെ നിൽക്കുന്നവരെ തട്ടിക്കളയുകയാണ് ചെയ്യുന്നത്. ഇന്ന് സമൂഹത്തിലെ പല ഉന്നതരും ഇതുപോലുള്ള ചമ്യരശശൈശരെ ആളുകളെ വളർത്താനാണ് ശ്രമിക്കുന്നത്. ധാർമികത എന്ന ബോധം തൊട്ടു തീണ്ടാത്ത ഒരുപറ്റം മനുഷ്യർ ഉള്ള ലോകമാണിത് എന്ന ചിന്ത പല സീനുകൾ കാണുമ്പോൾ മനസ്സിൽ തറക്കുന്നുണ്ട്.


സിനിമയിൽ നിന്നും യഥാർത്ഥ ലോകത്തേക്ക് എത്തുമ്പോൾ ദിവസവും വാർത്തകളിൽ കാണുന്ന മുകുന്ദനുണ്ണിമാരെയാണ് ഓർമ്മ വരിക.

സിനിമയുടെ അവസാനം മുകുന്ദൻ ഉണ്ണി വിജയിച്ചപ്പോൾ തീർത്തും അരോചകമായി തോന്നിയത്, 'ഇയാൾ എന്തുകൊണ്ടാണ് പലപ്പോഴും വിജയിക്കുന്നത് എന്നാണ്'.

ഇതിനുത്തരം സിമ്പിൾ ആണ് ചൂഷണം ചെയ്യപ്പെട്ടവർ ഒരിക്കലും ശബ്ദമുയർത്തുന്നില്ല എങ്കിൽ മുകുന്ദനുണ്ണിയെ പോലുള്ള Narcissist കളെ നമ്മുടെ സമൂഹത്തിൽ മുളച്ചുപൊന്തും. ഇത് സ്വാഭാവികമായ സാമൂഹിക പ്രക്രിയയാണ്. പ്രതികരണശേഷിയില്ലാത്ത ഒരു സമൂഹമുള്ളിടത്തോളം കാലം ഇത് തുടർന്നു കൊണ്ടേയിരിക്കും. ടൗരരലൈ എന്നത് പണത്തിന്റെയും പ്രശസ്തിയുടെയും പേരിൽ അല്ലാതെ നിർവ്വചിക്കാത്ത കാലത്തോളം മുകുന്ദനുണ്ണിയെ പോലുള്ളവർ monopoly ആകും. പ്രതികരിക്കാനോ എതിർക്കാനോ ഒരാളും തയ്യാറാകുന്നില്ല എന്നതാണ് സത്യം. Success എന്നത് ഓരോ വ്യക്തിക്കും വ്യത്യസ്തമാണ്. മുകുന്ദനുണ്ണി പറയുന്നുണ്ട്
" Hard Work, Dedication, Perseverance, Discipline" എല്ലാം തനിക്കുണ്ട് പക്ഷേ വിജയമില്ല എന്ന്, ഇതിൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല.

അധ്യാപക വിദ്യാർത്ഥികൾ ആയതുകൊണ്ട് തന്നെ നമ്മുടെ മുന്നിൽ വരുന്ന കുട്ടികളെ സ്വപ്നം കാണാൻ പ്രേരിപ്പിക്കേണ്ടത് ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമായി വേണം. തെറ്റായ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യത്തിലേക്ക് കുതിക്കാൻ അവരെ അനുവദിക്കരുത്. പണത്തിന്റെയും പ്രശസ്തിയുടെയും രൂപത്തിൽ മാത്രം അവരെ motivate ചെയ്യരുത്. അതിനു തുനിഞ്ഞാൽ മുകുന്ദൻ ഉണ്ണിയെ പോലുള്ള product കളാണ് ഉണ്ടാവുക. അതിനെ ഏത് വിധേനയെങ്കിലും മാർക്കറ്റ് ചെയ്യാനാണ് അവർ ശ്രമിക്കുക. സ്വന്തം ഇഷ്ടങ്ങളെ കൂടെ നിൽക്കുന്നവരുടെ സാഹചര്യങ്ങളോട് കൂട്ടിവായിക്കാനറിയില്ലെങ്കിൽ തങ്ങളുടെ പിടിവാശിയുടെ ലോകത്ത് മാത്രമാണ് അവർ ജീവിക്കുക. സമ്പത്തുണ്ടോ, നല്ല വസ്ത്രം ധരിക്കുന്നുണ്ടോ, നല്ല കാറിൽ സഞ്ചരിക്കുന്നുണ്ടോ, നല്ല വീടുണ്ടോ അവനെ ആളുകൾ ബഹുമാനിക്കും. അതില്ലാത്തവന് എന്നും പുച്ഛമായിരിക്കും. അവർ എപ്പോഴും പരാജയപ്പെടുന്നവരും അടിച്ചമർത്തപ്പെടുന്നവരും ആയിരിക്കും. ഒരാളും ഇങ്ങനെയുള്ള ജീവിതം നയിക്കാൻ താല്പര്യപ്പെടുന്നില്ല. അതുകൊണ്ടുതന്നെയാണ് അഡ്വക്കേറ്റ് മുകുന്ദനുണ്ണിയെ പോലുള്ളവർ ഉയർത്തെഴുന്നേൽക്കുന്നത്. പക്ഷേ നാം മാറി ചിന്തിക്കേണ്ട മാറ്റി ചിന്തിക്കേണ്ട ചില ഘടനാപരമായ ആശയങ്ങളുണ്ട്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും എന്നതും വിജയം എന്നത് പ്രശസ്തിയും പണവുമാണ് എന്നത് പോലുള്ളതും ഇതിനുദാഹരണമാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന് പുഞ്ചിരി സമ്മാനിക്കുകയാണെങ്കിൽ അതിൽ പോലും കുഞ്ഞു വിജയങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കി കൊടുക്കണം. ശരിക്കും ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമോ?
ഉറക്കെ പറയണം 'ചീ' എന്നത്. അത് പറയാനുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ നമുക്ക് കഴിയണം.

**Fathima Farsana.C**
Second year
Commerce



# Ataraxia



Oh Universe!
Thank you for giving me breath
Flower, wind, rain mould me
Like a wave!
I will live upon by myself
With no ones Scars on life
Holding a long breath
I mourned for a good soul
Who left this solitude entity
I dread you badly, the only you
Who wrecked my dreams, desires
Slaying me in dark
With aloof soul out
I cry for my soul
The path of peace
Where I fly off as wind
To an edge of verge.

**Varna Davidson.K**
First year
English

# MY SOMETHING BLUE

We have walked a long way from three
All we ever wanted to be was free
We climbed the mountains to scream
Never knew life will put us through this stream
The three little girls, to one with a kids one
Single soul and waiting to marry
I have missed all the memories which I
wanted to carry
But life's never been a friend like you but,
Still I am sorry
We got hurt, got hit, got wasted
But we never saw us with the eyes like
Others who hated
Wishing to never grow for more
Wanding to be always in your place we can touch
Signing of your little mess

**SAFORATH**
First year
Commerce

# ഓർമ്മയിലെ ബാല്യം !

ബാല്യത്തിന്റെ ഓർമ്മകളിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ ഒരുപാട് സുന്ദരമായ നിമിഷങ്ങൾ മിന്നി മറയുന്നു. കളിയും ചിരിയും കുസൃതിയും നിറഞ്ഞ ഒരു ബാല്യകാലം ഇന്നും മനസ്സിന്റെ ഒരു കോണിൽ ഒളിഞ്ഞിരിപ്പുണ്ട്. ജ്യേഷ്ഠനുമായി ചേർന്ന് കളിച്ച നിമിഷങ്ങൾ ഇന്നും മധുരമൂറുന്ന ഓർമ്മകളാണ്. കളിക്കൂട്ടുകാരികളുടെ അഭാവം ഒരിക്കലും എന്നെ തളർത്തിയിരുന്നില്ല. ജ്യേഷ്ഠന്റെ കൂടെയുള്ള കളികൾ സാഹസികത നിറഞ്ഞതുമായിരുന്നു. ബാല്യത്തിന്റെ ഓർമ്മകളിൽ എന്നും പറങ്കിമാവിന്റെ സുഗന്ധമായിരുന്നു. ഞങ്ങൾ ഇന്നും കൊതിയോടെ അത് ഓർമ്മിക്കുന്നു. വിവിധയിനം മാവുകളും പറങ്കിമാവുകളും നിറഞ്ഞ പ്രദേശങ്ങൾ ഇന്ന് ഓർമ്മകളിൽ

മാത്രമെന്ന് തിരിച്ചറിയുമ്പോൾ ഒരുതരത്തിലുള്ള ശൂന്യതയും നിരാശയും അനുഭവപ്പെടുന്നു. അവധിക്കാലത്തിന്റെ ഓർമ്മകൾ എന്നും ഹരം കൊള്ളിക്കുന്നതാണ്. അവധിക്കാലം ആകുമ്പോൾ പിന്നെ ആഘോഷമാണ്. ഞങ്ങളെല്ലാവരും ഒന്നടങ്കം വിവിധ കളികളിൽ ഏർപ്പെട്ടിരുന്നു. ക്രിക്കറ്റ്, ഫുട്ബോൾ എന്നീ കളികൾ ഞാൻ ആദ്യമായി മനസ്സിലാക്കി തുടങ്ങി. തുടർന്ന് ഒട്ടനവധി കളികളിൽ എനിക്ക് അവരുടെ കൂടെ ഒരു ഭാഗമാകാനും സാധിച്ചു. ജ്യേഷ്ഠന്റെ ഒരു സഹായിയായി എന്നും ഞാൻ നിലകൊണ്ടിരുന്നു. മാവിൽ കയറി മാങ്ങ പറിച്ചും പറങ്കിമാവിൽ കയറിയുമെല്ലാം സാഹസികത നിറഞ്ഞ മരം കയറ്റവും ജ്യേഷ്ഠന്റെ കൂടെ ഞാൻ സ്വായത്തമാക്കി. മരത്തിൽ നിന്നും പല പ്രാവശ്യം താഴേക്ക് വീണത് ഇന്നും ഓർമ്മകളിൽ

നർമ്മം വിടർത്തുന്നു. ഇക്കാര്യം അച്ഛനോടും അമ്മയോടും പറയാതിരിക്കാൻ പ്രത്യേക മുൻകൂർ ധാരണയും ഞാനും ജ്യേഷ്ഠനും തമ്മിലുണ്ടായിരുന്നു. എന്നിരുന്നാലും ചില കുമ്പസാരങ്ങൾ എന്നിൽ നിന്നുമുണ്ടായിട്ടുണ്ട്. ആ ഇടയ്ക്കാണ് പറങ്കിമാവിൽ നിന്നും ലഭിക്കുന്ന കശുവണ്ടിയുടെ സാമ്പത്തിക ലഭ്യത ഞങ്ങൾ തിരിച്ചറിയുന്നത്. അങ്ങനെ സമ്പാദ്യത്തിന്റെ ആദ്യ പാഠങ്ങളിലേക്ക് ഞങ്ങൾ എത്തിനോക്കി. ഞാനും ഒരു സഹായിയായി എന്നവണ്ണം എന്റെ പങ്കാളിത്തം ഉറപ്പിച്ചു. വിവിധ മേഖലകളിലൂടെ കയറിയിറങ്ങി ഒടുവിൽ മീൻ വളർത്തൽ മോഹത്തിലേക്കെത്തി നിന്നു. അലങ്കാരമത്സ്യങ്ങളോടായിരുന്നു ഞങ്ങൾക്ക് ഏറെ പ്രിയം. ഒട്ടും വൈകാതെ തന്നെ ആ ആഗ്രഹവും പൂവണിഞ്ഞു. വ്യത്യസ്ത നിറത്തിലും ആകൃതിയിലുമുള്ള മീനുകൾ കണ്ണിനു കുളിർമയേകുന്നവയായിരുന്നു. എന്നാൽ പുതുമ അവസാനിക്കുന്നതിന് മുമ്പ് തന്നെ അവയിൽ ചിലത് ഞങ്ങളെ വിട്ടു പിരിഞ്ഞു. വളരെ ദുഃഖത്തോടെയാണെങ്കിലും അവയുടെ സംസ്കാര ചടങ്ങുകൾ വളരെ ആദരവോടുകൂടി തന്നെ ഞങ്ങൾ നടത്തി. കൊച്ചു കൊച്ചു പൂക്കൾ വെച്ച് ഞങ്ങൾ അവിടം അലങ്കരിക്കുകയും ചെയ്തു. എന്നാൽ, അല്പസമയത്തിനുശേഷം അവയ്ക്ക് എന്തായിരിക്കാം പിന്നീട് സംഭവിച്ചിട്ടുണ്ടാവുക എന്നൊരാകാംക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. മണ്ണ് ഇളക്കിമാറ്റി വീണ്ടും ഞങ്ങൾ അവയെ പരിശോധിച്ചു. പ്രത്യേകിച്ച് മാറ്റമൊന്നും അവയ്ക്ക് സംഭവിച്ചിട്ടില്ല, തിരികെ അവയെ മണ്ണിലേക്ക് തന്നെ സംസ്കരിച്ചു. പൊഴിഞ്ഞുപോയ ആ ജീവനുകൾ എന്നും അവിടെ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ കാലങ്ങൾ കടന്നു പോയിരിക്കുന്നു. ഇന്നും ആ ഓർമ്മകൾ മനസ്സിൽ പൂത്തുലഞ്ഞു നിൽക്കുന്നു.

**Gopika AP**
First year
Natural science






**Haneena Choottan**
Physical Science




**Murshida Mumdas.p**
Social Science

# TEACHING STAFF

Staff Secretary


MAYA P.V.


HAFSA MOL O.K.


CHANDRAN NAIR


MUHAMMED SHAFI KALATHINGAL


MOHAMMED SHAREEF K.


SHAHINA K.


BINDHU. A


M.P. RAVISHANKER


RAJESH T.


THAHSINA. P


NASEERA . K


ARUN KUMAR P.K.


MOHAMMED RASHID P.


LOVELY V.R.


MARSHEENA M.K.


SEES KOZHANGADAN


TREESA LESLEY LOBO

## NON TEACHING STAFF


JASIR JAVAD. K.P


ABDUL SHUKKOOR. CC


SHILPA. M

## NON TEACHING STAFF


SHILJITH M.



SHOUKATH ALI U.


ABDUL JABBAR


ASHIQUDEEN


DAKSHAYINI K.P.


K.K. CHANDRAN



**Lakshmi Priya**
Physical Science



# FALL of a GREEN LEAF

Once, not in the days of spring, summer or autumn, like the great poets describe,it was the day of a heavy rainfall, thatwatered above the concrete roofs and sank the shirts of man, hanged outside.
A leaf, in its adolescence, woke up by the heavy drops of clouds. Her parents were no more to care. she stood still not to drop herself off. She saw men running, nowhere to go but to hide in their construction upon faith. Men were lost. Their eyes were wilt but were clean and neat in their white shirt. Cars were bright, houses were lit but the roads were tired.
The leaf bathed herself from the smoke and dust. She looked to the cloud and felt the sense of solitude and pain. Not anymore, a mild breeze plucked her off to the ground, leaving her not green, but grey like the men she saw every day.

**THAMANNA. M**
First year
ENGLISH

# ഫീഡ് ബാക്ക്

എന്റെ അദ്ധ്യാപക പരിശീലനത്തിന്റെ അവസാന ദിവസമായിരുന്നു അന്ന്. കുറച്ചു വിഷമത്തോടെയാണങ്കിലും കുട്ടികളോട് യാത്ര പറയാനായി ഞാൻ ക്ലാസ്സിൽ ചെന്നു. കുട്ടികൾക്ക് സർപ്രൈസായി നൽകാനായി കുറച്ചു മിഠായികൾ ഞാൻ കയ്യിൽ കരുതിയിരുന്നു. എന്നാൽ അവരെന്നെ അതിനേക്കാളേറെ അദ്ഭുതപ്പെടുത്തി ! എനിക്കായ് അവരൊരുക്കിയ സ്നേഹ  സമ്മാനങ്ങൾ ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു. എന്റെ വാക്കുകൾ കേൾക്കാനായി കാതോർത്തിരുന്ന അവരോട് ഒരു പേപ്പർ എടുത്ത് ഫീഡ്ബാക്ക് എഴുതാനായി പറഞ്ഞു.

മറ്റാർക്കും കാണാതെ കടലാസ് കഷ്ണങ്ങൾ പൊത്തിവെച്ച് അവർ കുറിക്കുന്ന വാക്കുകൾ വായിക്കാനായി എന്റെ മനസ്സ് വല്ലാതെ കൊതിക്കുന്നുണ്ടായിരുന്നു. അതിനിടയിൽ ഒരു കുസൃതിക്കാരൻ എഴുന്നേറ്റ് നിന്ന് പറഞ്ഞു 'ടീച്ചറേ.. ഇവൻ ഇങ്ങളോട് എന്തൊക്കയോ പറയാനുണ്ടൊലോ..' ഏതാണ് ആ 'ഇവൻ' എന്നറിയാൻ ഞാൻ അവിടെ ചെന്നു. അത് ആ ക്ലാസ്സിലെ മിടുക്കൻ തന്നെയായിരുന്നു. CWSN വിഭാഗത്തിൽ പെട്ട അവനെ തുടക്കം മുതലെ ശ്രദ്ധിക്കാൻ എനിക്ക് അദ്ധ്യാപകരിൽ നിന്നും നിർദ്ദേശമുണ്ടായിരുന്നു. എഴുതാനും വായിക്കാനും പ്രയാസമാണെങ്കിലും ക്ലാസ്സിലെ മറ്റെല്ലാ കാര്യങ്ങളിലും അവൻ മിടുക്കനായിരുന്നു.
"അവന് പറയാനുള്ളത് ചോദിച്ചിട്ട് നീ അങ്ങ് എഴുതിക്കോളു" എന്ന് ഞാൻ മറുപടി നൽകി.

വീട്ടിലെത്തി ഞാൻ ആദ്യം തിരഞ്ഞത് അവനെഴുതിയ കടലാസ് കഷ്ണമായിരുന്നു. അതിൽ ഞാൻ ഇങ്ങനെ വായിച്ചു. "ടീച്ചറെ എനിക്ക് ഒരുപാട് ഇഷ്ടമാണ് കാരണം ടീച്ചർ എനിക്ക് ചിത്രങ്ങൾ വരച്ചു തരാറുണ്ട് " എന്റെ മനസ്സിന് വല്ലാത്ത സന്തോഷം തോന്നിയ നിമിഷമായിരുന്നു അത്. അവനെ പഠിപ്പിക്കാനായി ഞാൻ നോട്ട്പുസ്തകങ്ങളിൽ വരച്ചു നൽകിയ ചിത്രങ്ങൾ ഇത്രയേറെ അവൻ ഇഷ്ടപ്പെട്ടിരുന്നു എന്ന് എനിക്ക് അദ്ഭുതമായിത്തോന്നി. എന്റെ വാക്കുകളേക്കാളേറെ ഞാൻ കുത്തിവരച്ച ചിത്രങ്ങൾ അവന്റെ ഉള്ളിൽ പതിഞ്ഞിരുന്നു.

ചിലപ്പോൾ അങ്ങനെയാണ് ഒരാളുടെ മനസ്സിൽ ഇടം നേടാൻ വാക്കുകൾ പോലും നമുക്കാവിശ്യമില്ല.

**Sumayya V**
Second year
Social science

# الأم
(نـبـراس)

أمّـي نـور الـدّنـيـا
قلب مغلق للمحبة
هي نبراس فى الظّلم
تلمع قلبى حلم حلو
وهي حياتى وصديقتي
وهي مدرستى
أمى تهدى إلى الجنة
عندما كنت أعرق
أصبحت هوائى
فى ظلامى..... اصبحت هوائى
فى البرد أصبحت دفئي
تسامع فى كل شئ
الجنة فى تحت رجل الأم
أمّى حّياتى
أدعوك ياالهي لصحّة أمّى



**Sahala PP,**
Social Science,
II Year

# തീരാനോവ്

പണയപ്പുറം പള്ളിയിൽ ബാങ്ക് വിളിയുയർന്നു. ഞരക്കത്തോടെ അവൻ ആശുപത്രി കിടക്കയിൽ നിന്നെഴുന്നേറ്റു. ഏറെ നാളത്തെ പ്രവാസ ജീവിതത്തിനു ശേഷമാണ് നജീബ് നാട്ടിലെത്തിയിരിക്കുന്നത്. ഉപ്പയും ഉമ്മയും ഒരു കൊച്ചു പെങ്ങളും അടങ്ങുന്നതാണ് നജീബിന്റെ കുടുംബമെന്നു പറയുന്നത്. സ്വന്തം വീട്ടിലെ പ്രാരാബ്ദങ്ങൾതാങ്ങാനാകാതെ യാണ് നജീബ് പ്രവാസ ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കുന്നത്. കെട്ടിക്കാൻ ആയ കൊച്ചു പെങ്ങളും ഏതുനേരവും കാൽമുട്ട് വേദനയുമായി നടക്കുന്ന ഉമ്മയും അരയ്ക്കു താഴെ തളർന്നു കിടക്കുന്ന ബാപ്പ ഉമ്മറും നജീബിന്റെ കണ്ണിലെ അഗ്നി ജ്വാലകൾക്ക് വീര്യം പകരുന്നു. നജീബ് നേരത്തെ തന്നെ എഴുന്നേറ്റു, ആമിനക്കുട്ടി ഒന്നിങ്ങോട്ടു വരൂ... നീയെന്താ ഇന്ന് ക്ലാസ്സിൽ പോകുന്നില്ലേ? രാവിലെത്തന്നെ അനിയത്തിയോട് കുശലം പറച്ചിലിനായി

നജീബ് റെഡിയായിരിക്കുകയായിരുന്നു. ഇക്കായീ, ഞാൻ ഇന്ന് കോളേജിൽ പോകുന്നില്ല. ഞങ്ങളുടെ ക്ലാസ്സിൽ നിന്ന് എല്ലാവരും സ്റ്റഡി ടൂർ പോകുന്നുണ്ട്. പക്ഷേ, ഇതിനെക്കുറിച്ച് ഞാൻ ഉമ്മയോട് പറഞ്ഞപ്പോൾ ഉമ്മ എന്നെ ഒരുപാട് വഴക്ക് പറഞ്ഞു. പോകുന്നതിന് ആവശ്യമായ പണം ഇല്ല എന്നൊക്കെ പറഞ്ഞുകൊണ്ട് എന്നെ ഉമ്മ ഒരുപാട് ശകാരിച്ചു.
എന്തൊരു വിധിയാണിത് പടച്ചോനെ.. ഡിഗ്രി അവസാന വർഷമല്ലേ, അതുകൊണ്ടുതന്നെ കോളേജ് ജീവിതവും, ടൂർ എന്നിവയൊന്നും കൂട്ടുകാരുമൊത്ത് ആസ്വദിക്കാൻ ഇനി ഒരാളുടെ ജീവിതത്തിലും വീണ്ടും നടക്കാൻ പോകുന്നതുമില്ല. ഒരു ഇക്കയുടെ കടമയാണല്ലോ കൊച്ചു പെങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുക എന്നതും അവളെ നല്ല രീതിയിൽ കെട്ടിച്ചു വിടുക എന്നതും. ഇതെല്ലാം അവന്റെ മനസ്സിന്റെ നെരിപ്പോടിൽ വെന്തെരിയുന്നുണ്ടായിരുന്നു. ബാപ്പ ഒരുപാട് കഷ്ടപ്പെട്ടിട്ടാണ് അവനെ എൻജിനീയറിങ് പഠനത്തിന് പോകാൻ വേണ്ടി അനുവദിച്ചത്. എഞ്ചിനീയറിങ് പഠനം പൂർത്തിയായെങ്കിൽ പോലും ഒരു നല്ല ജോലി എന്ന് സ്വപ്നം യാഥാർത്ഥ്യമായിരുന്നില്ല. അവന്റെ ഏറെ നാളത്തെ കാത്തിരിപ്പിന്ശേഷമാണ് തന്റെ സുഹൃത്തായ രാഹുൽ ഗൾഫിൽ ഒരു ജോലിയുണ്ടെന്ന വിവരമറിയിക്കുന്നത്. പെങ്ങളുടെ വിവാഹത്തിനു മുമ്പ് നല്ലൊരു വീടുണ്ടാക്കി അവിടെ നന്നായി ജീവിക്കണം എന്നതും കൂടെ അവന്റെ ഒരു ആഗ്രഹമാണ്. സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കാൻ വേണ്ടി തന്നെയാണ് അവൻ ഏറെയും കഷ്ടപ്പെടുന്നത്. മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങിക്കൊണ്ട് തന്നെയാണ് അവൻ ഗൾഫിലേക്ക് കൊണ്ടുപോകാൻ വേണ്ട സാധനങ്ങൾക്കായി പർച്ചേസിന് ഇറങ്ങിയത്. ആ സമയത്താണ് ഗഫൂറിനെ കണ്ടുമുട്ടിയത്. അവൻ ഇന്നലെയാണ് ഗൾഫിൽ നിന്ന് തിരിച്ചു പോന്നത്.

നാട്ടിൽ ലീവിന് എത്തിയ സുഹൃത്തിനെ കണ്ടുമുട്ടിയപ്പോൾ നജീബ് വളരെ സന്തോഷവാനായി. ഗഫൂർ നല്ലൊരു വീടുണ്ടാക്കിയിട്ടുണ്ട് അവിടെ ഭാര്യയും മക്കളുമായി സന്തോഷത്തോടെ ജീവിക്കാൻ ഒരുങ്ങുകയാണ്. ഹൗസ് വാമിംഗ് തിരക്കിനിടയിൽ നെട്ടോട്ടമോടുകയാണ് അവൻ. നജീബ് അങ്ങനെ പർച്ചേസും കഴിഞ്ഞ് വീട്ടിലെത്തി. രാവിലെ നാലുമണിക്കുള്ള ഫ്ലൈറ്റിൽ ആയിരുന്നു യാത്ര. അവൻ അങ്ങനെ പ്രവാസ ജീവിതത്തിലേക്ക് നടന്നടുക്കുകയായിരുന്നു. ചെന്നപ്പോൾ തന്നെ അവൻ ഒരു മാസ്മരിക ലോകത്തേക്ക് എത്തിപ്പെട്ട പോലെ തോന്നി. കൺസ്ട്രക്ഷൻ സൈറ്റിലേക്ക് യാത്ര തിരിച്ചു. അവന്റെ ജോലി കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്താൻ തുടങ്ങി. അങ്ങനെ മാസങ്ങൾ കടന്നുപോയി. വീട്ടിലേക്ക് ശമ്പളം അയക്കുവാൻ തുടങ്ങി.വീട്ടുകാർ ഒരുപാട് സന്തോഷത്തിലായി. അങ്ങനെ ആമിന കുട്ടിയുടെ നിക്കാഹിന്റെ ഒരുക്കങ്ങൾ പൂർത്തിയാക്കാൻ എല്ലാവരും ആലോചനയിലായി. തന്റെ കുടുംബത്തെ പച്ചപിടിപ്പിച്ച് കരക്ക് എത്തിക്കുവാൻ തുടങ്ങി. നിക്കാഹിന് എന്തായാലും താൻ നാട്ടിൽ എത്തും എന്ന് അവൻ അവിടെയുള്ള കൂട്ടുകാരോടെല്ലാം പറഞ്ഞു. തുടർന്ന് വൈകുന്നേരം ആയപ്പോൾ കൺസ്ട്രക്ഷൻ സൈറ്റിൽ നിന്നും മടങ്ങി. ആ യാത്രയിലാണ് അവന്റെ ജീവിതത്തിന്റെ നൂലാമാലകൾ പൊട്ടിച്ചിതറുന്നത്. വളരെ നല്ല സ്പീഡിൽ ആയിരുന്നു മുതലാളി കാർ ഡ്രൈവ് ചെയ്തിരുന്നത്. പെട്ടെന്നൊരു ഇടിമുഴക്കമായിരുന്നു ചുറ്റും എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതോടുകൂടി പ്രതീക്ഷകൾ എല്ലാം തകർന്നടിഞ്ഞു. എമർജൻസി കണ്ടീഷൻ തരണം ചെയ്ത അവനെ കൂട്ടുകാർ ചേർന്ന് നാട്ടിലെത്തിക്കാൻ തയ്യാറായി. നിക്കാഹിനായി ഒരുങ്ങിയ വീട്ടിൽ ഇക്കയുടെ തളർന്നു കിടക്കുന്ന ശരീരവുമായി ആംബുലൻസ് വന്നു. ആമിനക്കുട്ടിയും ഉമ്മയും ബാപ്പയും തളർന്നു. അവർ ഒരുപാട് കരഞ്ഞു തളർന്നിരുന്നു. തൊട്ടടുത്തുള്ള മെഡിക്കൽ കോളേജിലേക്ക് അവനെ ഷിഫ്റ്റ് ചെയ്തു. ബോധാവസ്ഥയിൽ അവൻ എത്തിച്ചേരാൻ താമസമെടുക്കുമെന്ന് ഡോക്ടർമാർ വിധിയെഴുതി. പക്ഷേ അവന്റെ കുടുംബം കൂട്ട പ്രാർത്ഥനയായിരുന്നു. പനയപ്പുറം പള്ളിയിൽ ബാങ്കുവിളിയുയർന്നു, ഞരക്കത്തോടെ അവൻ ആശുപത്രി കിടക്കയിൽ നിന്നെഴുന്നേറ്റു... ഏറെ നാളത്തെ പ്രവാസജീവിതം അവന്റെ ജീവിതത്തിൽ സന്തോഷകരമായ അവസ്ഥ കൊണ്ടുവന്നെങ്കിൽ എന്ന് അവൻ ആശിച്ചുപോയിരുന്നു.

**Rathisha CP**
First year
Physical science





# വൈക്കം സത്യാഗ്രഹം. ഐതിഹാസിക പോരാട്ടത്തിന് നൂറു വർഷം

ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ ഇന്നും ആത്മനിന്ദ കൊണ്ട് മലയാളികളുടെ തലകുനിയുന്ന അധ്യായങ്ങളാണ് അടിമത്തവും അയിത്തവും. മനുഷ്യൻ മനുഷ്യനോട് ചെയ്ത ഏറ്റവും നീചമായ കൃത്യങ്ങൾ. അയിത്തത്തിനെതിരെ രാജ്യത്തെ തന്നെ ഏറ്റവും വലിയ സംഘടിത പ്രക്ഷോഭത്തിന് മണ്ണൊരുങ്ങിയത് കേരളത്തിലാണ്. കേരളത്തിന്റെ നവോത്ഥാന പ്രക്രിയയ്ക്ക് ഊർജം പകർന്ന വൈക്കം സത്യാഗ്രഹം എന്ന ആ മഹാ പ്രക്ഷോഭത്തിന് ഒരു നൂറ്റാണ്ട്. കാളവണ്ടിയും പട്ടിയും പൂച്ചയും സഞ്ചരിക്കുന്ന പൊതുവഴിയിലൂടെ സാധാരണ മനുഷ്യന് നടക്കാനുള്ള സ്വാതന്ത്രത്തിനായി ഒരുകൂട്ടം മനുഷ്യസ്നേഹികൾ നടത്തിയ സമരം. അതായിരുന്നു 1924 മാർച്ച് 30 നു തുടങ്ങിയ ഐതിഹാസികമായ വൈക്കം സത്യാഗ്രഹം.

ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനും കോൺഗ്രസ്സ് നേതാവുമായ ടി.കെ മാധവൻ 1923–ൽ കാക്കിനഡയിൽ നടന്ന എ.ഐ.സി.സി യോഗത്തിൽ വിഷയം അവതരിപ്പിച്ചു. കേരളത്തിലെ കോൺഗ്രസ് നേതാക്കളായ കെ.പി കേശവമേനോൻ, കെ.കേളപ്പൻ,കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരും ടി.കെ മാധവൻ, വേലായുധമേനോൻ തുടങ്ങിയവരേയും ചേർത്ത് കോൺഗ്രസ് ഒരു കമ്മിറ്റിയുണ്ടാക്കി. വഴിനടക്കാനുള്ള അവകാശത്തിനായി സത്യാഗ്രഹം നടത്താൻ തീരുമാനമായി. 1924 മാർച്ച് 30–ന് നിയമലംഘനത്തിനുള്ള ആദ്യ സംഘം ഒരുങ്ങി. പുലയ സമുദായക്കാരനായ കുഞ്ഞാപ്പിയും ഈഴവ വിഭാഗത്തിലെ ബാഹുലേയനും നായരായ ഗോവിന്ദപ്പണിക്കരുമായിരുന്നു ആദ്യ ഊഴക്കാർ. ഇവരെ പോലീസ് അറസ്റ്റ് ചെയ്തു. തുടർന്ന് ഘട്ടംഘട്ടമായി ഓരോ നേതാക്കളും നിയമംലംഘിച്ച് അറസ്റ്റ് വരിച്ചു.. 603 ദിവസമാണ് സമരം നീണ്ടുനിന്നത്. ചെറിയ പീഡനങ്ങളൊന്നുമായിരുന്നില്ല സത്യാഗ്രഹികൾ ഏറ്റുവാങ്ങിയത്. നിയമം ലംഘിച്ചവരെ മുഴുവൻ തല്ലിച്ചതച്ചു. പക്ഷെ അതുകൊണ്ടൊന്നും സമരത്തിന് ഊറ്റം കുറഞ്ഞില്ല. കേരളം പിന്നീടൊരിക്കലും കണ്ടിട്ടില്ലാത്ത സംഘബോധമാണ് അയിത്തത്തിനെതിരെ അന്നുയർന്നത്.

സത്യാഗ്രഹത്തിന്റെ ഗതിമാറ്റി കൊണ്ട് തമിഴ്നാട്ടിൽ നിന്ന് ദ്രാവിഡ നേതാവ് പെരിയോർ രാമസ്വാമി നായ്കർ എത്തി. ഭാര്യ നാഗമ്മാളോടൊപ്പം അദ്ദേഹം നാട് മുഴുവൻ നടന്നു പ്രസംഗിച്ചു. ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം ഈ പശ്ചാത്തലത്തിലാണ്. പഞ്ചാബിൽ നിന്ന് അകാലി വിഭാഗം വൈക്കത്തെത്തി സത്യാഗ്രഹികൾക്ക് പിന്തുണ പ്രഖ്യാപിച്ചു.'യങ് ഇന്ത്യ' പത്രാധിപർ അബ്ദുറഹിമാൻ, ബാരിസ്റ്റർ ജോർജ് ജോസഫ്, ആര്യ സാമ്രാജ്യത്തിന്റെ സ്വാമി ശ്രദ്ധാനന്ദ തുടങ്ങി വിവിധ മേഖലകളിലുള്ളവർ പ്രക്ഷോഭത്തിൽ കണ്ണിചേർന്നു.

'മറ്റുള്ളവരുടെ സ്പർശനം കൊണ്ട് തങ്ങൾക്ക് അശുദ്ധി വരുത്തുമെന്ന് കരുതുന്നവരെ ശുദ്ധിയിൽ തുടരാൻ ഇനി അനുവദിക്കരുത്' എന്ന ശ്രീനാരായണ ഗുരുവിന്റെ പ്രസ്താവന സമരാഗ്നി ആളിക്കത്തിച്ചു. ഇതിനിടയിലാണ് സമരത്തിന് നിർണായകമായ വഴിത്തിരിവുണ്ടാക്കി കൊണ്ട് നായർ സർവ്വീസ് സൊസൈറ്റി നായകൻ മന്നത്ത് പദ്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ പുറപ്പെട്ടത്. എൻ.എസ്.എസിന്റെ മറ്റൊരു നേതാവ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അന്നത്തെ റാണി സേതുലക്ഷ്മിബായിയെ കൊണ്ട് 20000 സവർണർ ഒപ്പിട്ട ഒരു മെമ്മോറാണ്ടവും നൽകി. ഇതുകൂടി കഴിഞ്ഞതോടെ പ്രക്ഷോഭത്തിന് ജനകീയമുഖം വന്നു. ഗാന്ധിജി വീണ്ടും വൈക്കത്തെത്തി ക്ഷേത്ര ഊരാളൻ ഇണ്ടംതിരുത്തി നമ്പ്യാതിരിയുമായും സമരനേതാക്കളുമായും സംസാരിച്ചു. ജാതിമതഭേദമില്ലാതെ സമരത്തിനു ലഭിച്ച പിന്തുണ സവർണ പ്രഭുക്കളെ ഇരുത്തിചിന്തിപ്പിക്കുന്നതായിരുന്നു. വൈകാതെ വൈക്കം ക്ഷേത്രത്തിന്റെ വഴികൾ എല്ലാവർക്കുമായി തുറന്ന് കൊടുക്കാൻ ഇണ്ടംതിരിത്തി നമ്പ്യാതിരി നിർബന്ധിതനായി. 1925 നവംബറിൽ പ്രക്ഷോഭം അവസാനിപ്പിക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടു മുമ്പ് തന്നെ കേരളം നേടിയെടുത്ത മഹിതമായ മാനവികബോധത്തിന്റെ ബഹിർസ്ഫുരണമാണ് വൈക്കത്തുണ്ടായത്. അന്ന് അത്തരമൊരു പ്രക്ഷോഭമുണ്ടായിരുന്നില്ലെങ്കിൽ സാധാരണക്കാർക്ക് പല പൊതുവഴികളും അപ്രാപ്യമാവുമായിരുന്നുവെന്ന് പിന്നീട് രാമസ്വാമി നായ്കർ എഴുതി. അതുകൊണ്ട് തന്നെ, മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കു വേണ്ടി പോരാടുന്ന ഏതുജനതയ്ക്കും ഏതുകാലത്തും വൈക്കം സത്യാഗ്രഹം ഒരു വഴിവിളക്കാണ്.

**Shareef Koonari**
Assistant Professor

# VOICE OF A WOMAN



I'm a woman
Not just a woman as you say
But, strong one with essence
Feeling deeply and smiling
Innocently to every barrier
And fighting endlessly with them.

I'm not tired,
As you think
But, I'm enough to value me
For everything that I do
I will rise my tongue
As the Echoes of truth
I'm not weak
As you consider,
But I'm soft to listen
And patient to understand
I will craft my destiny
With my deep kind heart
I'm not a junk
As you believe
But, brave with my soul
To acquire my rights
I have hope
Passion and power
And life colourful of dreams
Unlike every one of you treat
I often ignore your challenges
Not because of my fear
But, I'm busy with my world
To do something special
I'm just special
And it's my uniqueness.

**FARISA C K**
Second year
SOCIAL SCIENCE

# പ്രേMm

**പ്രേമത്തിന്** കണ്ണും മൂക്കുമില്ല പോലും..
സംഭവം സത്യമാണ്..
പക്ഷെ പ്രേമിച്ചുകൊണ്ടിരിക്കുന്ന സമയത്തുമാത്രം... ഇഷ്ടം തുടങ്ങുന്നതും ഇഷ്ടപ്പെടുന്നതും എന്തേലും ഒക്കെ കാരണം കൊണ്ടായിരിക്കും. അത് കണ്ണും മൂക്കും കാതും ഒക്കെ ഉണ്ടേൽ മാത്രം നടക്കുന്ന പ്രതിഭാസമാണ്.

പക്ഷെ പ്രേമിച്ചു തുടങ്ങിയാൽ നമ്മൾ ഫോൺ പവർഓഫ് ആക്കുന്നത് പോലെ ഇതും ഓഫ് ആക്കിയങ്ങ് ഇടും..

ബാക്ഗ്രൗണ്ടിൽ ആപ്പ്സ് വർക്ക് ആവുന്നുണ്ടാവും ബട്ട് നമ്മക്ക് മനസിലാവൂലാ,
ബാറ്ററി ഡ്രൈൻ ആവുന്നുണ്ടാവും നമ്മൾ ശ്രദ്ധിക്കൂലാ.. ഇനി ഇതൊക്കെ നോക്കും അതിന് ഒന്നേൽ ബാറ്ററി ലോ എന്ന മെസ്സേജ് വരണം അല്ലേൽ മുഷിയണം.. ??

മുഷിഞ്ഞാൽ പിന്നെ പറയണ്ടല്ലോ അത് വരെ ഓഫ് ആക്കിയിട്ട എല്ലാ കാര്യങ്ങളും
തല പൊക്കിയങ്ങ് വരും

അപ്പോൾ പിന്നെ ഈ പറഞ്ഞ കണ്ണും മൂക്കും പൂർവ്വാധികം ശക്തിയോടെയങ്ങ് തിരിച്ചു വരും...

പിന്നെ കാണുന്നത് എല്ലാം കാരണങ്ങൾ ആണ്.. ഒഴിവാക്കാനും.. അല്ലേൽ ഒഴിഞ്ഞു പോവാനും...

ഓർമ്മകൾ മരിക്കുമ്പോളാണല്ലോ മരണം ജനിക്കുന്നത്... പ്രേമത്തിന്റെ മരണവും മറവിയിലൂടെ തന്നെയാണ്..

ഇങ്ങനെ ഒക്കെ ആണേലും ലോജിക്കില്ലാത്ത ഈ മാജിക്കിന്റെ പവർ അറിയാന് പ്രേമിക്കുക തന്നെ വേണം..



**Muhammed Nivas V**
First year

# മനുഷ്യനാണ്
# മനുഷ്യനെപ്പോലെ ജീവിക്കുക.....




ജീവിതം എന്നത് ഒരു യാത്രയാണ്... ശരിയല്ലേ?
അതെ നാമെല്ലാം ഒരു യാത്രയിലാണ്. തിരികെ കിട്ടാത്ത ഒരുപാട് സെക്കന്റുകളാണ് നമ്മളെ വിട്ട് കടന്ന് പോകുന്നത്. അനവധി നിരവധി വൈവിധ്യങ്ങൾ നിറഞ്ഞതാണി ലോകം. വർണ്ണ പ്രപഞ്ചം എന്നൊക്കെ പറയാം.

നമ്മുടെ ജീവിതം ഒരു യാത്രയാണ് പറഞ്ഞല്ലോ. ലോകത്തിലേക്കും തിരിച്ചു പുറപ്പെട്ട ഇടത്തേക്ക് ആ യാത്ര ഒരു പഴയ ബസ്സിൽ ആണെന്ന് കരുതുക. ആടിയും കുലുങ്ങിയും പുക തുപ്പിയും ലക്ഷ്യസ്ഥലത്തേക്ക് എത്തുന്ന ഒരു പഴഞ്ചൻ ബസ്. നമ്മുടെ യാത്രാലോകത്തിലേക്കുള്ള ബസ്! അങ്ങനെ ബസ് നമ്മളുമായി ബസ്സ് സ്റ്റാൻഡിൽ എത്തി നമ്മളെ ഇറക്കി. ആ ബസിൽ വന്നിറങ്ങിയ ഭൂരിഭാഗം ആളുകളും സ്റ്റാൻഡിൽ തന്നെ ബാക്കി ജീവിതം ജീവിച്ചു തീർക്കുന്നവരാണ്. ശരിക്കും പറഞ്ഞാൽ ആ സ്റ്റാൻഡിൽ പുറത്തേക്കുള്ള ലോകം അവർക്ക് അന്യമല്ല എന്നാൽ താല്പര്യമില്ല എന്നതാണ് സത്യം: കാരണം മതപരമായ വേലിക്കെട്ടുകൾ, ആചാരപരമായ തടസ്സങ്ങൾ, മറ്റുള്ളവർ എന്ത് പറയും എന്നുള്ള പേടി.എന്റെ കുടുംബക്കാരുടെ മുന്നിൽ ഞാൻ കുറ്റക്കാരൻ ആവില്ലേ? അയ്യോ എന്നെക്കൊണ്ട് നടക്കുന്ന കാര്യമാണോ ഇതൊക്കെ? എന്നിൽ അതിനുള്ള കഴിവുണ്ടോ? തുടങ്ങിയ ചോദ്യങ്ങളുടെ ഘോഷയാത്ര.

സത്യത്തിൽ നിനക്കുള്ളിൽ ഒരുപാട് കഴിവുകൾ നീ പോലും അറിയാതെ ഉറങ്ങി കിടക്കുന്നുണ്ട്. മനോഹര ശബ്ദത്തിൽ പാടാൻ, കവിത എഴുതാൻ, പടം വരയ്ക്കാൻ, അഭിനയിക്കാൻ, യാത്രകൾ ചെയ്ത് ആ യാത്രയിലെ കാര്യങ്ങൾ വിശദീകരിക്കുവാൻ, ആളുകളെ വാഴികാട്ടുവാൻ, കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ, വാദ്യോപകരണങ്ങൾ വായിക്കുവാൻ, ഭംഗിയായി എഴുതുവാൻ, മനോഹരമായി സംസാരിക്കുവാൻ, ആളുകളെ നയിക്കുവാൻ, വാഹനങ്ങൾ ഓടിക്കുവാൻ, രുചികരമായ ഭക്ഷണം സ്നേഹത്തിൽ ചാലിച്ച് അത് വിളമ്പുവാൻ, നല്ല രീതിയിൽ തമാശകൾ പറഞ്ഞു മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ, താങ്ങാവാൻ, തണലാവാൻ, മറ്റുള്ളവരെ കെയർ ചെയ്യാൻ, സ്നേഹിക്കാൻ ഇവയെല്ലാം പലർക്കും ഉള്ള കഴിവുകൾ തന്നെയാണ്. എല്ലാ കഴിവുകളും എല്ലാവർക്കും ലഭിക്കുകയില്ല അങ്ങനെ അങ്ങനെ നിന്നിൽ ഉറഞ്ഞിരിക്കുന്ന കഴിവുകൾ നിനക്കുപോലും അറിവുള്ളതല്ല.

അതൊക്കെ കണ്ടെത്തണമെങ്കിൽ ആദ്യം പറഞ്ഞ ബസ്സ്സ്റ്റാൻഡിൽ നിന്ന് നീ പുറത്തേക്ക് ഇറങ്ങി മുന്നോട്ട് നടക്കണം. മറ്റുള്ളവർക്ക് കഴിയാത്തത് നിന്നെക്കൊണ്ട് ചെയ്യാൻ കഴിയണം. അങ്ങനെ മുന്നോട്ടു നടക്കുമ്പോൾ നിന്നിൽ മറഞ്ഞിരിക്കുന്ന ഓരോരോ കഴിവുകളും പുറത്തേക്കു വരാൻ തുടങ്ങും അവിടെയാണ് നേട്ടം ആരംഭിക്കുന്നത്

എല്ലാവരെയും പോലെ മടിപിടിച്ചു വന്നിറങ്ങിയ അതേ സ്ഥലത്ത് നിന്ന് പുറപ്പെട്ടിടത്തേക്ക് മടങ്ങി പോകാൻ ആണെങ്കിൽ എന്തിനു വന്നിറങ്ങി എന്ന ചോദ്യം സ്വയം ചോദിക്കണം. നടക്കണം ... ലോകം നിങ്ങൾക്കായി വെച്ചിരിക്കുന്ന സുന്ദരകാഴ്ചകൾക്കിടയിലൂടെ നടക്കണം.

ഉള്ളിലെ കഴിവുകൾ പല പല ഇടങ്ങളിലായി പുറത്തെടുക്കണം.

അങ്ങനെ ആയിരിക്കണം നമ്മൾ ഈ ലോകത്ത് ജീവിക്കാൻ. കുറ്റം പറയുന്നവർ പറയട്ടെ, ഇവൻ അല്ലെങ്കിൽ ഇവൾക്ക് ഭ്രാന്ത് ആണോ എന്ന് ചോദിക്കുന്നവർ ചോദിക്കട്ടെ. അത്തരക്കാരെ പേടിക്കാൻ തുടങ്ങിയാൽ നിനക്ക് വീടിന് വെളിയിൽ ഇറങ്ങാൻ ഒക്കുമോ? വസ്ത്രധാരണത്തെ കുറ്റം പറയുന്നവരെ പേടിച്ചാൽ നിനക്ക് വസ്ത്രം ധരിക്കാൻ ഒക്കുമോ? നീ കഴിക്കുന്നതിനെ കുറ്റം പറയുന്നവരെ പേടിച്ചാൽ നിനക്ക് ഭക്ഷണം കഴിക്കാൻ ഓക്കുമോ?

ജീവിതം ഒന്നേയുള്ളൂ...ഇനിയൊന്നില്ല. തിരിച്ചു കിട്ടണം എന്ന് നൂറുവട്ടം വിചാരിച്ചാൽ പോലും കഴിഞ്ഞു പോയ ഒരു സെക്കന്റ് പോലും ലഭിക്കുകയില്ല എന്നുള്ള ഉത്തമ ബോദ്ധ്യത്തോടെ മുന്നോട്ട് പോകുക. നിന്നെ മനസ്സിലാക്കി, നിന്നിലെ കഴിവുകളെ മനസ്സിലാക്കി മനുഷ്യനായി ജീവിച്ചു തിരിച്ചു പോകുക. ഒരു മരത്തിന് ചുറ്റും കറങ്ങുന്ന അതിൽ കെട്ടിയിട്ടിരിക്കുന്ന മൃഗത്തെ പോലെ ആകാതെയിരിക്കുക.
മനുഷ്യനാണ്...മനുഷ്യനെപ്പോലെ ജീവിക്കുക.


**Suhada sherin pk**
Second year
Natural Science

# The Unbreakable Bond of Friendship

Asi, Afreedi, Ansal, Muhajir, Salman, and Mubeen had been the closest of friends since childhood. They had grown up together, shared their dreams and aspirations, and supported each other through thick and thin. Their bond was unbreakable, and they were known as the inseparable six.

One summer day, they decided to embark on a road trip together. They piled into Asi's old beat-up car and hit the road, not knowing where their journey would take them. As they drove, they talked and laughed, reminiscing about old times and making new memories.

As the days passed, they found themselves in a small town that was hosting a festival. The town was lively, and the festivities were in full swing. They decided to explore and joined the crowds of people, trying new foods and games.

Suddenly, they heard a commotion from a nearby alleyway. They rushed to see what was happening and found a young boy being bullied by a group of older kids. Without a second thought, they jumped in to defend him, using their size and strength to protect the boy.

The boy, whose name was Ali, was grateful to his newfound friends. He joined them on their journey, and they welcomed him with open arms. They showed him the sights and sounds of their road trip, and he became an integral part of their group.

As their road trip came to an end, they realized that they had grown even closer. The experience of standing up for Ali had cemented their bond, and they knew that their friendship would last a lifetime.

Years went by, and they each went their separate ways, pursuing their own dreams and careers. But no matter where life took them, they always stayed in touch. They celebrated each other's achievements and supported each other through their struggles.

As they looked back on their lives, they realized that their friendship had been the most valuable thing they had ever had. They had been there for each other through every up and down, and they knew that they could count on each other no matter what.

Their bond had been unbreakable, forged through the shared experiences of their road trip and their unwavering support for one another. They knew that their friendship was a rare and precious thing, something that they would cherish for the rest of their lives.



**Usnul mubarack.KP**
Second year
Commerce

# ജീവിതത്തിൻ നിറഭേദങ്ങൾ



മഴവില്ലിനഴകിൽ ഒളിഞ്ഞിരിക്കും
നിറങ്ങൾ ഇമപൂട്ടി ഉറങ്ങുമ്പോൾ
അറിയാതെ തെളിയുന്ന വർണ്ണ വെളിച്ചത്തിനും,
തിരിച്ചെടുക്കാനാവാത്ത സ്വപ്നത്തിന്റെ നിറഭേദങ്ങൾ
ചുവപ്പിനോട് ഭ്രമമായിരുന്നു
പക്ഷേ ഇപ്പോൾ ഭയമാണ്.
പച്ചയെന്നും ഹരമായിരുന്നു
ഇപ്പോൾ അതൊരു സമുദായവും
മഞ്ഞയെന്നാൽ കൊന്നയായിരുന്നു,
എന്നാൽ ഇന്നതൊരു ജാതിയും.
കുങ്കുമത്തോട് മോഹമായിരുന്നു
ഇപ്പോഴോ, കൊമ്പും തേറ്റയുമാണ്
വെള്ളയെന്നും വെൺമയായിരുന്നു
ശവം മൂടും പുതപ്പാണിപ്പോൾ
കറുപ്പിനോട് വെറുപ്പായിരുന്നു
ഇന്ന് കറുപ്പ് ഒരോർമ്മയാണ്
നിലാവിലലിഞ്ഞ അമ്മയാണ്
അത് ഞാനാണ്
എല്ലാ നിറങ്ങളും അന്യം നിന്ന
നിറമില്ലാതൊരു ഉടലാണ് ഞാൻ

**Krishna priya PK**
Second year
Commerce




# പെയ്തു തീരാത്ത മഴ

നനവാർന്ന മിഴിയല്ല മൗനത്തിൻ മുഖമല്ല
നിറവാർന്ന പുഞ്ചിരി തൂകുന്നവൾ
ആകാശ നീലിമ പോലെ പടർത്തുന്ന
കുളിരേകും വാത്സല്യം പകരുന്നവൾ
എന്നാലും അവളെന്തോ മറക്കുവാൻ
ശ്രമിക്കുന്നുവെന്നാ മിഴികൾ പറയുന്നുവോ...?
ആരാരും കാണാതെ മനസ്സിന്റെ ഒരു കോണിൽ
ദുഃഖങ്ങൾ ഒളിപ്പിച്ചു വെക്കുന്നുവോ?
പുള്ളിയുടുപ്പിട്ട പൂമ്പാറ്റയാണ് അവൾ
പാറിപ്പറന്നു നടന്നിടുമ്പോൾ
എങ്കിലും ഏകയായ് മൂകയായ് അവളെന്നും
ആരെയോ തേടി കൊതിച്ചിരുന്നു.
മന്ദമാരുതൻ അവളെ പുണരുമ്പോൾ
ഇലകളായി മാറുവാൻ അവൾ നിനച്ചു
കാർമേഘം കൂരിരുൾ കെട്ടുന്നതല്ലാതെ
പെയ്യാൻ വിതുമ്പുന്ന ആ മഴ എവിടെയോ

പുറമേ പേമാരി കോരി ചൊരിയുമ്പോൾ
പെയ്യാൻ വിതുമ്പുന്ന മനസ്സിലെ പേമാരി
ഒരു തുള്ളി ഇറ്റിറ്റു വീഴുന്നതല്ലാതെ
പെയ്യാതെ തുടരുന്നു ആ മഴ എന്നെന്നും..!

**Anagha krishna.B**
Second year
physical science



# കണ്മണിക്ക്

'ആഹ്... ഹുസ്ന നീ പ്രെഗ്നന്റ് ആണല്ലേ..? ഇനിയുള്ളത് ആൺകുഞ്ഞ് ആയാൽ മതിയായിരുന്നുലെ..' രണ്ടാമത് ഗർഭിണിയാവുന്ന എല്ലാവരെയും പോലെ ആ പതിവ് പല്ലവി എന്റെ ചെവിയിലും പതിച്ചു കൊണ്ടേയിരുന്നു. അപ്പോഴൊക്കെയും ആരോഗ്യമുള്ള കുഞ്ഞിനെ നൽകണേയെന്ന നിശബ്ദമായ പ്രാർത്ഥന ഉള്ളിൽ നിറയുമായിരുന്നു..
'വേണ്ടു മ്മാ... മ്മക്ക് പെങ്കുട്ടിമതീട്ടോ.. ന്ക്ക് കളിക്കാനൊക്കെ അതാ ഇഷ്ടം. പിന്നേ ആങ്കുട്ടിയായാൽ എന്നെ എപ്പഴും കാട്ടും'
എന്റെ നിറവയറിൽ തലോടി നാലു വയസ്സുകാരി ഹീലു ഇടയ്ക്കിടെ പ്രാർത്ഥനയായി ഓർമ്മപ്പെടുത്തും..
കൂട്ടിന് ഒരാൾ വരുന്നുവെന്ന സന്തോഷവും ആകാംഷയും എല്ലാവരേക്കാളും അവൾക്കായിരുന്നു. അങ്ങനെ അഞ്ച് വർഷങ്ങൾക്ക് മുമ്പ് ഇതുപോലൊരു ഒക്ടോബർ മാസം ഞങ്ങളുടെ കാത്തിരിപ്പിന് വിരാമമിട്ട് അവൾ വന്നണഞ്ഞു.
"ഹുസ്നാ... പെൺകുട്ടിയാണ് ' ഡോക്ടറത് പറയുമ്പോൾ എന്റെ മനസ്സും ശരീരവും വിറയ്ക്കുകയായിരുന്നു.. ഞങ്ങൾക്ക് സ്വന്തമായി ഒരു മാലാഖ കുഞ്ഞിനെകൂടി തന്നനുഗ്രഹിച്ച നാഥന് സർവ്വ സ്തുതിയും നേർന്നുകൊണ്ട് ആ കുഞ്ഞു കവിളിൽ ആദ്യ മുത്തം നൽകുമ്പോൾ, കണ്ണും മനസ്സും ഒരുപോലെ അനുസരണക്കേട് കാട്ടി തുടങ്ങിയിരുന്നു..

പിന്നീട് മനസ്സ് മുഴുവനും ഹീലുവിനെ കുറിച്ചോർത്തുള്ള ആധിയായിരുന്നു. അത്രയും കാലം എന്നെ ചുറ്റിപറ്റി കറങ്ങിയിരുന്ന അവൾ ഇനിയെങ്ങനെയാവുമെന്ന ചിന്ത.. പക്ഷെ, ഞങ്ങളുടെ ടെൻഷനെല്ലാം കാറ്റിൽ പറത്തി കുഞ്ഞിനെ അവൾ നെഞ്ചോടു ചേർത്തു പിടിച്ചു. ഇത്താത്തയെന്ന പട്ടം സ്വയം എടുത്തണിഞ്ഞു. അളവിൽ കൂടുതൽ സ്നേഹത്താൽ കുഞ്ഞിനെ പൊതിഞ്ഞു. കണ്ണെഴുതി, കുഞ്ഞുടുപ്പിട്ട് അണിയിച്ചൊരുക്കി. പിച്ചവെക്കുമ്പോൾ അടി തെറ്റാതെ കുഞ്ഞി കൈകൾ കോർത്തു പിടിച്ചു, കൊഞ്ചലുകൾക്കൊപ്പം സംസാരിക്കാൻ പഠിപ്പിച്ചു..
പിന്നീടങ്ങോട്ട് കലപില സംസാരിച്ചും കൂട്ടു കൂടിയും പാട്ടും ആട്ടവും കളിയും ചിരിയും കരച്ചിലുമെല്ലാമായി അവർ ജീവിതം നിറമുള്ളതാക്കി തീർക്കുകയായിരുന്നു..

അസുഖമോ, സങ്കടമോ, വേദനയോ, ചിരിയോ എന്തുമാകട്ടെ ഒരുമിച്ചു പങ്കിട്ടെടുക്കുക അവരുടെ പതിവായി.. കുഞ്ഞുങ്ങൾ ഉണ്ടായാൽ വീടുണരുമെങ്കിലും ആദ്യകണ്മണി വീടകത്തിൽ ശാന്തമായി ഒതുങ്ങി കൂടുന്ന പ്രകൃതമായിരുന്നു. പക്ഷെ, അതിനെയെല്ലാം തിരുത്തി കുറിച്ചു കൊണ്ട് ഉറങ്ങി കിടന്ന വീടിന് ജീവൻ നൽകിയത് നീനുവായിരുന്നു. അവളുറങ്ങിയാൽ വീടും ഉറങ്ങും. ഹീലുവിനു ബോറടിയും തുടങ്ങും..
പിന്നീടുള്ള ജീവിത യാത്രയെ മുന്നിൽ നിന്നു നയിച്ചത് നീനു തന്നെയായിരുന്നു. പല മാറ്റങ്ങൾ സംഭവിച്ചതും അവൾ വന്നതോടു കൂടെയായിരുന്നു. വിട്ടു വീഴ്ച്ചകളും ക്ഷമയുമെല്ലാം അവൾ ഞങ്ങളെ പഠിപ്പിച്ചു തുടങ്ങി. പിടിവാശിയും, സംസാരവും, സ്നേഹവും, ചിരിയും, കരച്ചിലും, കൊഞ്ചലും സമം ചേർന്നതാണ് ഞങ്ങളുടെ നീനു. അവളുടെ കുറുമ്പുകളുടെ കാവൽക്കാരനായ ഉപ്പയാണ് ഏറ്റവുമടുത്ത കൂട്ടുകാരൻ.
ഉപ്പയുടെ കരളിന്റെ കഷ്ണമായി.. ഉമ്മയുടെ ജീവനായി... താത്ത കുട്ടിയുടെ ലോകമായി.. ആ കുറുമ്പി വളർന്നു.. .അവൾക്കു ചുറ്റും ഞങ്ങളും..ആ അനുഗ്രഹത്തിന് ഇന്ന് അഞ്ച് വയസ്സ് തികയുകയാണ്..
ഇനിയുമൊരുപാട് സന്തോഷങ്ങൾ പങ്കുവെക്കാനും ജീവിതത്തിൽ പതറാതെ മുന്നേറാനും.. കൂട്ടുകൂടാനും ബഹുമാനിക്കാനും സ്നേഹിക്കാനും ചേർത്തു പിടിക്കാനും അതിനേക്കാളുപരി നേരും നന്മയുള്ള ഒരു മനുഷ്യനായി വളരാനും അവൾക്കാവട്ടെ..
ഞങ്ങളുടെ കണ്മണിക്ക് പ്രാർത്ഥനകളിൽ പൊതിഞ്ഞ, സ്നേഹം നിറഞ്ഞ ഒരായിരം പിറന്നാളുമ്മകൾ...

**Shamil.T**
First year
English

# Lost spring



A leaf here, a leaf there
Pitter patter rain drops
A swing and a see-saw
The charm of wandering souls.

Laughter and joy
Tears uncensored with
Understanding and smiles...
Freedom to laugh and cry, to love and hate
Yes, I hate the lost spring

Spring and the blossoms
Fell in love with fleeting wind of Time
Got carried away by the thrills and shrills.

And Alas! Soon came the summer,
The autumn and then the winter
Everything has its end
Be it friendship, or love,
Marriage or parenthood
Beautiful things and faster than fullstops
Infinity is only better in happily ever after
Something more beautiful does not
Always come in world of dollars and rupyas...
Something more beautiful is what we
make of what we have not yet
Lost to time...

Spring shall not return
And I mourn for it
But it's better to keep my hearth
Burning with hope and new dreams
Than to waste the sparks with eyes and longing

Pitter patter rain drops
Always said pieces of my souls
A longing for a place and a time
They can't return to
Pervades minds of many

Saying goodbye at the tomb of
Younger me,
I look forward knowing
I shall return to this place yet again
Mourning for this me...
Truth strikes us out and wins in the end...
Yes, we are all just players meant to lose in this game

**Farhana Abbas**
First year
English

# നുറുങ്ങു കഥകൾ



## ആസ്പത്രിയിൽ

ആസ്പത്രി പ്രപഞ്ച ജീവിതത്തിന്റെ തനിപ്പകർപ്പാണ്
ജനനത്തിന്റെ ചിരിയും നിലനിൽപ്പിന്റെ കഠിനാദ്ധ്വാനവും
മരണത്തിന്റെ കരച്ചിലും എല്ലാം ഇവിടെ കാണാം
സൃഷ്ടി സ്ഥിതി സംഹാരങ്ങളുടെ അപൂർവ്വ സമ്മേളനം
ആസ്പത്രി പ്രപഞ്ച ജീവിതത്തിന്റെ തനിപ്പകർപ്പ് തന്നെ



## കരച്ചിൽ

പിറന്നയുടൻ കുഞ്ഞു കരയാത്തതിലാണ്
അമ്മ ആദ്യം കരഞ്ഞത്.
പിന്നെ അവൻ കരഞ്ഞപ്പോൾ കൂടെ കരഞ്ഞു.
അവന്റെ കരച്ചിൽ മാറാത്തതിന് കരഞ്ഞു.
അമ്മയുടെ കരച്ചിൽ കാണാതെ അവൻ ദൂരെ പറന്നു
പോയപ്പോൾ വീണ്ടും കരഞ്ഞു.
എല്ലാ കരച്ചിലും അവനുവേണ്ടി.

**NEERAJA MANOJ.KP**
Second year
Physical Science

# A MOTHER'S LOVE AN UNWAVERING FORCE



A mother's love, so pure and true,
A gift that lasts a lifetime through,
Like a shining star that guides the way,
A beacon of hope, night or day.

Her love is like a warm embrace,
A safe heaven in this worldly race,
A shelter from life's raging storm,
A love that keeps our hearts so warm.

It's a love that's like a rose in bloom,
Its beauty radiates, dispels all gloom,
With each petal, a new layer unfurled,
A mother's love, the most precious in the world.

In every smile, every tear,
Her love is constant, always near,
A guiding light through joy and strife,
A mother's love, the essence of life.

Oh, how sweet is a mother's love,
Sent from the heavens above,
Like a gentle breeze that soothes the soul,
A mother's love, the greatest treasure to behold

**Asi Sabjan.VP**
Second year
English

# ആഹാ... ബി.എഡോ...??

"When you get what you want, that's Allah's direction. When you don't get what you want that's Allah's protection ".

ഇത് ആര് പറഞ്ഞതാണെന്നൊന്നും അറിയില്ല, പക്ഷെ ഈയടുത്ത് കാണാനിടയായ ഹൃദയസ്പർശിയായ വാക്കുകൾ. ഡിഗ്രി കഴിഞ്ഞ് ഇനിയെന്തെന്ന് ഒരു ചോദ്യചിഹ്നമായി നിന്നപ്പോൾ എല്ലാവരും പി.ജി ക്കും ബി.എഡ് നും അപേക്ഷിക്കുന്നത് കണ്ട് ഞാനും കൊടുത്തു. ക്ലാസിന്റെ മുന്നിൽ നിന്ന് കൂടയുള്ളവരെ അഭിമുഖരിക്കാൻ പോലും ധൈര്യമില്ലാത്ത ഞാൻ ഏതെടുത്താലും പെട്ടുപോകുമെന്ന് തീർച്ച. അങ്ങനെയിരിക്കെയാണ് കിട്ടാകനിയായ ബി.എഡ് ന് അഡ്മിഷൻ കിട്ടുന്നതും കോഴ്സിനെ പറ്റി ഒരു അറിവുമില്ലാത്ത ഞാൻ ഇ.എം.ഇ.എ. യുടെ തിരുമുറ്റത്തെത്തിപ്പെ ടുന്നതും. അഡ്മിഷന് വന്ന അന്ന് തന്നെ സത്യം പറഞ്ഞാൽ കിളി പോയി. പി.ജി യിലെ സെമിനാറുകളെ പേടിച്ച് ബി.എഡ് ന് ചേർന്ന ഞാൻ കാണുന്നത് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന സീനിയേഴ്സിന്റെ ഫസ്റ്റ് സ്പെൽ റിഫ്ളക്ഷൻ സെഷനാണ്. അങ്ങനെ ക്ലാസ് തുടങ്ങി, ടാലന്റ് ഡെ വന്നു. അതോടു കൂടെ ഇതെനിക്ക് പറ്റിയ ഇടമല്ലെന്ന പൂർണ്ണ ബോധ്യം വന്നു. ടാലന്റുകളാൽ അമ്മാനമാടുന്ന കുട്ടികൾക്കിടയിൽ ഇന്നേവരെ സ്വന്തമായി ഒരു ടാലന്റുമില്ലെന്ന് വിശ്വസിച്ചിരുന്ന ഞാൻ എല്ലാവരുടെയും മുന്നിൽ പാട്ടുപാടാൻ നിർബന്ധിതയായി. അതൊരു തുടക്കം മാത്രമായിരുന്നു. പിന്നീടങ്ങോട്ട് ഞാൻ പോലുമറിയാതെ ഉറങ്ങിക്കിടന്ന പല കഴിവുകളും പുറത്ത് വന്നു തുടങ്ങി. പല മാറ്റങ്ങൾക്കും വിധേയയായി. ഇന്ന്, തിരിഞ്ഞു നോക്കുമ്പോൾ, കണക്കില്ലാതെ എഴുതിത്തീർത്ത A4 ബണ്ടിലുകൾക്കും, റെക്കോർഡുകൾക്കും, ചാർട്ടുകൾക്കുമിപ്പുറം, ഒരുപാട് നല്ല ആത്മബന്ധങ്ങളും സൗഹൃദങ്ങളും ഓർമ്മകളും തിരിച്ചറിവുകളും സമ്മാനിച്ച രണ്ടു വർഷക്കാലമാണ് ഈ കടന്നുപോയത്. ക്യാമ്പും യാത്രകളും പുതിയ കാഴ്ചകളും അനുഭവങ്ങളും തന്നപ്പോൾ ഇന്റേൺഷിപ്പ് കാലഘട്ടം നിഷ്കളങ്ക ബാല്യങ്ങളുടെ സ്നേഹത്താൽ സമ്പന്നമായിരുന്നു. പഠിച്ച സ്കൂളുകളിൽ പഠിപ്പിച്ച അധ്യാപകർക്കൊപ്പം കുറഞ്ഞ കാലയളവാണെങ്കിൽ പോലും അധ്യാപക പട്ടം ചൂടാനായതും, സ്വന്തം അധ്യാപകരിൽ നിന്ന് തന്നെ ടീച്ചറേ എന്നുള്ള വിളി കേൾക്കാനായതും ബി.എഡ് തന്ന സൗഭാഗ്യമായി കാണാനാണെനിക്കിഷ്ടം.

May be, that's why Allah directed me to this course, to cherish all these moments and more to go, inshah Allah...





**Thanseem. K. K**
Second year
English

# Convenience v/s conventions

'Girls in saree or churidar with pong shawl and boys in shirt and pants', this has been the dress code followed by a majority of teaching training institutions since a long time. Its quite ambiguous as blue and pink categorised gender norms upon children. I really wonder why a teaching trainee has to wear saree as their uniform in this century. Is it to gain respect? Is it to preserve Indian culture and tradition? If so then why should only girls have to wear this while boys ate in their comfort dress of pant and shirt not in dhothees. If uniforms are meant to enforce neutrality among students of different backgrounds and not to impact the learning environment aren't these kind of dress codes really offers the right purpose of uniform? This question might exasperate the authority, but the students are more frustrated in these kind of uniform.

In this age of implementing unisex uniforms for studenrs is it necessary to wear a dress which makes them uncomfortable? Why we have to dictate women's basic choices and governs their body as something that should covered by many layers of cloth? How does it even matter what is worn by students as long as it is in good spirit and the students are qualified or efficient. There have a number of reasons why girls dont want saree as their uniform. First it takes time to wear and this make us waste of time on saree instead of preparing for teaching.It is not easy to handle saree and teaching aids like charts especially in bus.It's difficut to use toilet, to run or even to walk speed. It effect the freedom of the student as she have to be conscious about many things, and this by effecting the gestures used by the teacher and it effect the whole class. Choosing saree to wear is someone's personal choice, but when it is taken as a uniform the priority should be in 'comfort' than conventional norms. Uniform must allow all students to enjoy the same level of freedom to move around freely and partake in sports or any activity without the fear of their dress flying up. The denial of female students to wear their comfortable dress as uniform and wear saree as their uniform represent our misplaced prioroties and also shows that despite our claims to modernity and development,we are mentally quite archaic and medieval. I wish to ask the authorities whether the mere adornment of a saree make one automatically virtous or is there more to charachter building than just clothes?. Needless to say teachers can look equally 'provocative ' in saree as well should they decide to do so. The whole point is dress up modesty. We are lying in 21st century right?

Although implementing gender neutral uniforms in teaching training colleges won't be that easy. Wearing comfortable dress as uniform will make students to feel more confident.More broadly these uniforms allow students to enjoy the same level of freedom to move around freely, achieving their freedom of movement.

**Sreeshma. P**
First year
english

# GLOBAL WARMING

Today there are many problems Whirling around the world, evoking human destruction. one of the toughest of them is the global warming. The best part is that we can take Safety measures from it if we put our minds to it. That is the reson why the world unites when this problem pops up, as in Copenhagen where we have an international meeting about this.

Ironically, there are also people around us who are selfish and are not concerned about anything around them. They don't even want to know what global warming is. So, we the students should make them aware of it. Other wise, our world will be at stake we can prevent simple things like burning of plastics and dry leaves, which releases toxic smoke to atmosphere

"Be the change you want to see in the World"

**SHIBILA EK**
Second year
English





**RINSY SHERIN**
Natural Science

# വിജയരഹസ്യങ്ങൾ



ജീവിതത്തിൽ ജയിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പലർക്കും പല ഉത്തരങ്ങളാണ്. ധനസമ്പാദനം, ഡിഗ്രികൾ വാരികൂട്ടുന്നത്, ബാങ്ക്ഡെപ്പോസിറ്ററിയുടെ വലുപ്പം, ഏക്കർക്കണക്കിന് ഭൂമി കൈവശമാക്കുന്നത്, സ്ഥാനമാനങ്ങൾ ആർജിക്കുക... എന്നിങ്ങനെ പല ഉത്തരങ്ങളുണ്ട്. ഒരു കാര്യം ഉറപ്പാണ്. വിജയത്തിന്റെ മധുരം അറിയുന്നത് പരാജയപ്പെടുമ്പോഴാണ്. ജീവിതത്തിൽ മനസ്സമാധാനവും സന്തോഷവും ഉണ്ടാകുകയും അനുയോജ്യമായ ആരോഗ്യം നിലനിർത്താൻ പറ്റുമ്പോഴും സാമ്പത്തികമായ സ്വയം പര്യാപ്തത നേടുമ്പോഴും മറ്റുള്ളവർ നമ്മെ അംഗീകരിക്കുകയും ചെയ്യുമ്പോൾ നമ്മൾ ജീവിത വിജയത്തിലേക്ക് അടുക്കുന്നു എന്നതാണ് വസ്തുത. ജീവിതവിജയം നേടിയവരെല്ലാം ചവിട്ടി കയറിയത് പ്രധാനമായും അഞ്ച് പടവുകളാണ്.

## 1. ജീവിതത്തിന് വ്യക്തമായ ലക്ഷ്യബോധം ഉണ്ടാകണം.

2013 നവംബർ 16ന് മുംബൈയിലെ വാങ്കടെ സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര മത്സരങ്ങളിൽ നിന്ന് വിടവാങ്ങിക്കൊണ്ട് ഇന്ത്യൻ ക്രിക്കറ്റിന്റെ ഇതിഹാസമായ സച്ചിൻ ടെണ്ടുൽക്കർ നടത്തിയ വൈകാരികമായ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: 'എന്റെ എല്ലാ നേട്ടങ്ങൾക്കും ഞാൻ ആദ്യം നന്ദി പറയുന്നത് എന്റെ അച്ഛനോടാണ്.എന്നോട് എന്നും അച്ഛന് പറയുവാനുണ്ടായിരുന്നത് ഒന്നുമാത്രമാണ്. ജീവിക്കുകയാണെങ്കിലും കളിക്കുകയാണെങ്കിലും ഒരു ലക്ഷ്യം ഉണ്ടാകണം. ആ ലക്ഷ്യത്തെ വിടാതെ പിന്തുടർന്ന് നേടണം'. ശക്തമായ ലക്ഷ്യബോധം അതിതീവ്രമായ സ്വപ്നങ്ങളിൽ നിന്ന് തുടങ്ങുന്നു. എല്ലാ വലിയ നേട്ടങ്ങളും സംരംഭങ്ങളും ലോകത്തിൽ സംഭവിച്ചത് മനുഷ്യന്റെ സ്വപ്നങ്ങളിൽ നിന്നാണ്. ലക്ഷ്യബോധം തീവ്രമെങ്കിൽ ജീവിതത്തിലെ ഏത് പ്രതിസന്ധിയേയും തരണം ചെയ്യുവാൻ നമുക്ക് കഴിയും.

പ്രസിദ്ധ അമേരിക്കൻ എഴുത്തുകാരനും വിദ്യാഭ്യാസ വിദഗ്ധനുമായ ജയിംസ് അല്ലൻ പറഞ്ഞു: " The world steps aside for the man who knows where he is going". ജീവിതത്തെ കുറിച്ചുള്ള ആത്യന്തിക കാഴ്ചപ്പാടുകളിൽ നിന്നും ഉരുത്തിരിയുന്ന ലക്ഷ്യത്തിന് ജീവിതത്തിന്റെ അടയാളപ്പെടുത്തലുകൾക്ക് നമ്മെ പ്രാപ്തരാക്കാൻ കഴിയുകയുള്ളൂ. ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യത്തിന്റെ പ്രസിഡന്റ് ആകാൻ എബ്രഹാം ലിങ്കൺ കൊതിച്ചത് അധികാരമോഹത്താലായിരുന്നില്ല. അമേരിക്കൻ പട്ടണമായ കെന്റക്കിയിലെ മനുഷ്യചന്തയിൽ ചാട്ടവാറുകളേറ്റു പുളയുന്ന മനുഷ്യന്റെ രോദനത്തിൽ നിന്നുൽഭൂതമായ ധാർമിക രോഷമാണ്, ജീവിതത്തിൽ എക്കാലത്തും ദൗർഭാഗ്യങ്ങൾ വേട്ടയാടിയ ഒരു മനുഷ്യനെ ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യസ്നേഹി എന്നടയാളപ്പെടുത്തിയത്.

## 2. പോസിറ്റീവായ മനോഭാവവും ചിന്തകളും.

ഗുരുശ്രേഷ്ഠനായ വസിഷ്ഠൻ തന്റെ പ്രിയ ശിഷ്യനായ രാമനോട് വിജയത്തെ കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി പറഞ്ഞു: മനം കൃതം കൃതം രാമാ. ന ശരീരം കൃതം കൃതം

മനുഷ്യനെ വിജയിപ്പിക്കുന്നതിൽ ശരീരത്തെക്കാൾ പങ്ക് മനസ്സിനാണ്. Attitude is the state of mind that guides all our actions. ജീവിതത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിത്തരുന്ന ചെറിയ കാര്യമാണ് പോസിറ്റീവായ മനോഭാവം. Positive attitude is the philosophy of approaching life with optimism and confidence. ശുഭാപ്തി വിശ്വാസത്തോടെ കുതിക്കുന്ന മനസ്സിന്റെ ശക്തി നിർണയിക്കാനാവില്ല. മനുഷ്യന് കഴിവുകളും കുറവുകളും ഉണ്ട്. കുറവുകളെ പറ്റി ചിന്തിച്ച് ആകുലപ്പെടുന്ന ഒരു മനസ്സിന് നേട്ടങ്ങളിലേക്ക് കുതിക്കുവാൻ കഴിയുകയില്ല. ഒരാളെ ജീവിതത്തിൽ വിജയിപ്പിക്കുന്നത് അയാളുടെ ജാതിയോ മതമോ ശരീരത്തിന്റെ വലുപ്പമോ നിറമോ ലിംഗഭേദമോ അല്ല, മറിച്ച് പോസിറ്റീവായ മനോഭാവമാണ് ജീവിതവിജയത്തിന്റെ അടിത്തറ നിർണയിക്കുന്നത്. രണ്ട് കാലും മുട്ടിനു കീഴെ മുറിച്ച് മാറ്റിയ മാർക്ക് ഇംഗ്ലിസ് എവറസ്റ്റ് കയറാൻ തുടങ്ങിയപ്പോൾ ആളുകൾ സംശയം പ്രകടിപ്പിച്ചു. പക്ഷേ അദ്ദേഹം പറഞ്ഞു. 'My mind has already conquered Mount Everest so I will ". എന്തും നേടാനും കീഴടക്കാനുമുള്ള ആത്മവിശ്വാസവും ചങ്കൂറ്റവും മനുഷ്യന് എക്കാലത്തും നൽകുന്നത് "I will " എന്ന മനോഭാവമാണ്. പിന്തിരിയാൻ എന്തെല്ലാം കാരണങ്ങൾ ഉണ്ടെങ്കിലും കാലം എത്ര കഴിഞ്ഞാലും തൽക്കാലം ഫലപ്രാപ്തി കണ്ടില്ലെങ്കിലും മനസ്സു മടുക്കാതെ ചിന്തയിലും പ്രവർത്തിയിലും നമ്മൾ ഉറച്ചു നിന്നാൽ വിജയം നമുക്ക് സുനിശ്ചിതമാണ്.

## 3. പ്രവർത്തനരേഖ അഥവാ ആക്ഷൻ പ്ലാൻ

ലക്ഷ്യസ്ഥാനത്തേക്കുള്ള റൂട്ട് മാപ്പാണ് ആക്ഷൻ പ്ലാൻ. വിജയത്തിലേക്കുള്ള ചുവടുവെപ്പുകൾ ഓരോന്നിനെയും അർത്ഥവത്താക്കുന്നത് പ്ലാനിങ് അഥവാ ആസൂത്രണമാണ്. ഒരു ലക്ഷ്യം സമയബന്ധിതമായി നേടണമെങ്കിൽ വ്യക്തമായ ബ്ലൂ പ്രിന്റിനെ അടിസ്ഥാനമാക്കി ലഭ്യമായ സമയത്തെ പ്ലാൻ ചെയ്യേണ്ടതുണ്ട്. നാളെയുടെ ഉദയത്തിനും അസ്തമയത്തിനും ഇടയ്ക്ക് ചെയ്ത് തീർക്കേണ്ടത് എന്തൊക്കെ എന്ന് നാം മുൻകൂട്ടി അറിഞ്ഞിരിക്കണം. ലക്ഷ്യസാക്ഷാത്ക്കാരത്തിനു ഗുണമായി വിവിധ സ്രോതസ്സുകളെ സംഘടിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും ആസൂത്രണം ആവശ്യമാണ്. വെല്ലുവിളികളെ തരണം ചെയ്യുന്നതിനും അവസരങ്ങളെ ഉപയോഗിക്കുന്നതിനും പ്ലാനിങ് നമ്മെ സഹായിക്കും. ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന്റെ ഓരോ ഘട്ടവും എങ്ങിനെയെന്ന് നാം മുൻകൂട്ടി അറിഞ്ഞിരിക്കണം.

"Proper planning prevents poor performance".

## 4. കഠിനാധ്വാനം.

വിജയത്തിലേക്ക് കുറുക്കുവഴികളില്ല. വിജയം യാദൃശ്ചികമായി സംഭവിക്കുന്നതല്ല. വിജയത്തിലേക്കുള്ള പാത കഠിനാധ്വാനത്തിന്റേതാണ്. ചൈനയിൽ വളരുന്ന മോസോ ബാംബു ആദ്യത്തെ അഞ്ച് വർഷം കൊണ്ട് ഒരടി മാത്രമെ വളരുകയുള്ളൂ. അടുത്ത അഞ്ചുമാസം കൊണ്ട് 60 അടി വളരും. ആദ്യത്തെ അഞ്ചുവർഷവും അതിന്റെ വേരുകൾ മണ്ണിനടിയിൽ കിലോമീറ്ററുകളോളം പടർന്ന് വെള്ളവും വളവും ശേഖരിക്കുകയാണ്. ആദ്യകാലത്തെ കഠിനാധ്വാനത്തിന്റെ മധുര ഫലങ്ങൾ ആണ് പിന്നീട് ലഭിക്കുന്നത്.

" The Heights by great men
Reached and kept were
Not attained by a sudden flight
But they, while their companions slept
Were toiling upward in the night"

**- H. W Longfellow.**

ജീവിതത്തെ ഉറങ്ങിത്തീർക്കുവാൻ മാത്രം ഉപയോഗിച്ചവർക്ക് ഒന്നും നേടുവാൻ കഴിയുകയില്ല. രാത്രികളെ പകലുകളാക്കി നിരന്തരം പരിശ്രമിച്ചവർ മാത്രമാണ് വിജയശ്രീലാളിതരായത്. ഒരു ദിവസം 15 മണിക്കൂർ വച്ച് 15 വർഷത്തോളം പരിശീലിച്ചാണ് ഹുസൈൻ ബോൾട്ട് മൂന്ന് ഒളിമ്പിക്സിൽ ( 2008, 2012, 2016) തുടർച്ചയായി 100 മീറ്ററിലും 200 മീറ്ററിലും 4×100 മീറ്റർ റിലേയിലും സ്വർണമെഡലുകൾ കരസ്ഥമാക്കിയത്. രണ്ടു ദശാബ്ദത്തോളം ക്രിക്കറ്റിൽ അത്യുജ്ജ്വല പ്രകടനം കാഴ്ചവയ്ക്കുവാൻ സച്ചിൻ ടെണ്ടുൽക്കർ കളിയില്ലാത്ത ദിവസം പോലും നൈറ്റ് പ്രാക്ടീസ് ചെയ്യുവാൻ എട്ടു മണിക്കൂർ ചെലവഴിച്ചിരുന്നു. ജീവിത വിജയത്തിലേക്കുള്ള പാത കുറുക്കുവഴിയുടേതല്ല. കഠിനാധ്വാനത്തിന്റേതാണ്.

No pain, no gain.

## 5. അച്ചടക്കം

വിജയത്തിലേക്കുള്ള പടിവാതിലാണ് അച്ചടക്കം. നമ്മുടെ കഴിവുകളും ഊർജ്ജവും ശരിയായ ഗതിയിൽ തിരിച്ചു വിടുമ്പോഴെ അച്ചടക്കം സാധ്യമാകൂ. ശാരീരികവും മാനസികവും ആത്മീയവുമായ അച്ചടക്കം ഒരുവനെ ലക്ഷ്യത്തിലേക്ക് അതിവേഗം അടുപ്പിക്കുന്നു. കടിഞ്ഞാൺ ഇല്ലാത്ത കുതിരയോ, ട്രാക്കിലൂടെ ഓടാത്ത ട്രെയിനോ ലക്ഷ്യത്തിലെത്തുകയില്ല. നിയന്ത്രിതമായി ബഹിർഗമിക്കുന്ന നീരാവിയും പെൻസ്റ്റോക് പൈപ്പിലൂടെ (Penstock Pipe) കടത്തിവിട്ട വെള്ളവും ടർബൈനെ (Turbine) കറക്കുകയും വൈദ്യുതി ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. അച്ചടക്കം എന്നാൽ അടിമത്തമല്ല, അടിച്ചമർത്തലല്ല, ആത്മനിയന്ത്രണമാണ്. പ്രപഞ്ചത്തിനും പ്രകൃതിക്കും ഒരു ചിട്ടയുണ്ട്. മനുഷ്യജീവിതത്തിലും ഈ ചിട്ട കൈവരിക്കുമ്പോൾ നമ്മൾ അച്ചടക്ക ബോധമുള്ളവർ ആകുന്നു. വിജയത്തിലേക്ക് എത്തുന്നു. നിയമങ്ങളെ അനുസരിക്കുന്നതും ധാർമിക മൂല്യങ്ങൾ പിന്തുടരുന്നതും ഉറച്ച ഈശ്വരവിശ്വാസവും മറ്റുള്ളവരെ ബഹുമാനിക്കുന്നതും അച്ചടക്കത്തിന്റെ ഭാഗമാകുന്നു. മനുഷ്യ ജന്മത്തെ അനുഗ്രഹീതരാക്കുന്നത് നമ്മുടെ പ്രവർത്തനങ്ങളാണ്. ഇവിടെ, സുന്ദരമായ ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്നതിന് ചില അടയാളപ്പെടുത്തലുകൾ ആവശ്യമാണ്. അതിനുള്ള 5 പടവുകളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. നമ്മുടെ ചിന്തകളും വാക്കുകളും പ്രവർത്തികളും മറ്റുള്ളവരെ വേദനിപ്പിക്കാതെ അല്പമെങ്കിലും സന്തോഷിപ്പിക്കുന്നതാണെങ്കിൽ ജീവിതം സാർത്ഥകമായി മാറും. ഇവിടെ ഇങ്ങനെ ഒരാൾ ജീവിച്ചിരുന്നു എന്ന് അഭിമാനത്തോടെ വരും തലമുറ നിങ്ങളെ അടയാളപ്പെടുത്തട്ടെ.

**M N Chandran Nair**
Assistant Professor of English
International Trainer- JCI

## NSS(National Service Scheme)

2022ൽ ആദ്യമായി നമ്മുടെ കോളേജിന് എൻ.എസ്.എസ് യൂണിറ്റ് അനുമതി ലഭിച്ചു. കോളേജിന് ലഭിച്ച സുവർണ്ണ നിമിഷമായിരുന്നു അത്. EMEATC എൻ.എസ്.എസ് 262 യൂണിറ്റ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രോഗ്രാം ഓഫീസർ ഡോ.സോണി ടി. എൽ ഉദ്ഘാടനം ചെയ്തു. വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ കോളേജിന്റെതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇത് വഴി തെളിയിച്ചു. എൻ.എസ്.എസ് വളണ്ടിയർമാരും കോളേജിലെ മറ്റു വിദ്യാർത്ഥികളും അധ്യാപകരും ഒന്നിച്ചു ചേർന്ന് കോളേജിനകത്തും പുറത്തുമായി വിവിധ സാമൂഹിക സേവന പരിപാടികൾ നടത്തുകയുണ്ടായി.

### ഇഫ്താർ മീറ്റും ഫണ്ട് കൈമാറ്റവും

പുണ്യ റമദാനിന്റെ ഭാഗമായി മതസൗഹാർദത്തിന്റെ ആശയം മുന്നോട്ടുവെച്ചുകൊണ്ട് കോളേജിലെ മുഴുവൻ അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആയി ഇഫ്താർ മീറ്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

### വീഡിയോ ഷൂട്ടിംഗ്

സയ്യിദ് പൂക്കോയ തങ്ങൾ ഡയാലിസിസ് സെന്റർ പൂർത്തീകരണത്തിന്റെ ഭാഗമായി ചാരിറ്റി സെന്ററിന്റെ നേതൃത്വത്തിൽ ഫണ്ട് ശേഖരണത്തിനായി ബിരിയാണി ചലഞ്ച് വെക്കാൻ തീരുമാനിച്ചു. പ്രസ്തുത പരിപാടിയുടെ പ്രമോഷന് വേണ്ടി എൻഎസ്എസ് വളണ്ടിയർമാരെ ഉൾപ്പെടുത്തി വീഡിയോ ഷൂട്ടിംഗ് നടത്തി.

### ജൂൺ 5 –ലോക പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ക്യാമ്പസും പരിസരവും വൃത്തിയാക്കി. അതോടൊപ്പം ഫോട്ടോഗ്രാഫി, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ഓറിയന്റേഷൻ ക്ലാസ് നടത്തുകയും ചെയ്തു. കോളേജിലും പരിസരത്തുമായി മാവ്, പ്ലാവ്, ചാമ്പ, നെല്ലി തുടങ്ങി വിവിധ തൈകൾ വച്ചുപിടിപ്പിച്ചു.

### ജൂൺ 20– ലോക അഭയാർത്ഥി ദിനം

അഭയാർത്ഥ്യ ദിനവുമായി ബന്ധപ്പെട്ട് EMEATC എൻഎസ്എസ് യൂണിറ്റ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ഡോക്യുമെന്ററി പ്രദർശനം നടത്തി. പ്രസ്തുത പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ഖാദർ ഉദ്ഘാടനം നിർവഹിച്ചു. റോഹിംഗ്യൻ അഭയാർത്ഥികളും അതുപോലുള്ള മറ്റു വിഭാഗങ്ങളും അവരുടെ ജീവിതത്തിൽ അനുഭവിക്കുന്ന ദുരിതങ്ങളുടെ നേർക്കാഴ്ചയായിരുന്നു ഡോക്യുമെന്ററിയുടെ പ്രമേയം.

### ജൂൺ 21 –അന്താരാഷ്ട്ര യോഗ ദിനം

യോഗ ദിനത്തിന്റെ ഭാഗമായി EMEATC എൻഎസ്എസ് യൂണിറ്റ് യോഗ പരിശീലനവും ഓറിയന്റേഷൻ ക്ലാസും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിക്ക് EMEA Arts & science physical education അധ്യാപകനായ ശിഹാബുദ്ദീൻ സാർ നേതൃത്വം നൽകി.

### ജൂലൈ 15- ദേശീയ യുവജന നൈപുണ്യ ദിനം

ദേശീയ യുവജന നൈപുണ്യ ദിനത്തോട് അനുബന്ധിച്ച് വിദ്യാർത്ഥികളിൽ വിവിധ കഴിവുകൾ വളർത്തിയെടുക്കുന്നതിനായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. EMEA arts & science physical education അധ്യാപകനായ ഡോ. ശിഹാബുദ്ദീൻ കുട്ടികളുമായി സംവദിച്ചു.

### ജൂലൈ 21 –ചാന്ദ്രദിനം

ചാന്ദ്രദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ചാന്ദ്രദിന ക്വിസ് മത്സരം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിക്ക് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഹഫ്സ മോൾ നേതൃത്വം നൽകി. ക്വിസ് മത്സരത്തിൽ ഫിസിക്കൽ സയൻസ് വിഭാഗത്തിലെ ഷാഹിന എന്നിവർ ഒന്നാം സ്ഥാനം കൈവരിച്ചു.

### ജൂലൈ 25–ജോബ് അവേർനെസ് ക്ലാസ്

EMEATC എൻഎസ്എസ് യൂണിറ്റിന്റെ കീഴിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളെ കുറിച്ച് ഒരു അവബോധം നൽകുന്നതിനും 'ഫോളിയോ' എന്ന പുതിയ ഒരു ആപ്പിലേക്ക് പ്ലേസ്മെന്റ് നൽകുന്നതിനുമായി ഷഹീർ എന്ന അധ്യാപകന്റെ കീഴിൽ ഒരു ക്ലാസ് സംഘടിപ്പിച്ചു.

## ഓഗസ്റ്റ് 5- ഹിരോഷിമ നാഗസാക്കി ദിനാചരണം

ഹിരോഷിമ നാഗസാക്കി ദിനാചരണത്തിന്റെ ഭാഗമായി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് മുഴുവൻ അധ്യാപകരും വിദ്യാർത്ഥികളും എൻഎസ്എസ് യൂണിറ്റ് സംഘടിപ്പിച്ച ഓർഗാമി നിർമ്മാണത്തിൽ പങ്കാളികളായി. അതോടൊപ്പം 'ഇനിയൊരു യുദ്ധം ഉണ്ടാകുമോ?' എന്ന വിഷയത്തിൽ പ്രസംഗം മത്സരവും നടത്തുകയുണ്ടായി. കൂടാതെ "യുദ്ധത്തിന്റെ പരിണിതഫലങ്ങൾ" എന്ന വിഷയത്തിൽ ഡോക്യുമെന്ററി പ്രദർശനവും നടത്തി.

## ഓഗസ്റ്റ് 15- സ്വാതന്ത്രദിനാഘോഷം

75-ആം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി EMEATC എൻഎസ്എസ് യൂണിറ്റ് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി patriotic osng, patriotic dance,fancy dress തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.

## December ദിവസത്തെ സഹവാസ ക്യാമ്പ് 26/12/2022 - 01/01/2023

NSS സപ്ത ദിന ക്യാമ്പ്
വെളിച്ചം
ലഹരി വിമുക്ത വിദ്യാലയം

**La Vi Yu**

സന്നദ്ധ സാമൂഹിക സേവനത്തിലൂടെ വിദ്യാർത്ഥി യുവാക്കളുടെ വ്യക്തിത്വവും സ്വഭാവവും വികസിപ്പിക്കാൻ ലക്ഷ്യമിടുന്ന ഇന്ത്യയിലെ കേന്ദ്ര യുവജന കാര്യമന്ത്രാലയത്തിന്റെ ഒരു പ്രധാന പരിപാടിയാണ് NSS. സേവനത്തിന്റെയും ജനാധിപത്യ ജീവിതത്തിന്റെയും അന്തസത്തെ പ്രതിഫലിക്കുന്നതാണ് NSS മുദ്രാവാക്യം "Not Me But You" ( ഞാനല്ല, നിങ്ങൾ ). EMEA ട്രെയിനിങ് കോളജിലെ ആദ്യ NSS യൂണിറ്റ് ആണിത്

EMEA Training college-ലെ National Service Scheme പ്രഥമ സപ്തദിന സഹവാസ ക്യാമ്പ് ഡിസംബർ 26 മുതൽ 2023 ജനുവരി ഒന്ന് വരെ നീരോൽപാലം എം.എൽ.പി സ്കൂളിൽ വച്ച് നടന്നു.

നാഷണൽ സർവീസ് സ്കീമിന്റെ പങ്കാളിത്ത പ്രദേശങ്ങളായ തേഞ്ഞിപ്പാലം പഞ്ചായത്തിലെ 7, 8 വാർഡുകളിൽ ആണ് ക്യാമ്പ് പ്രവർത്തനങ്ങൾ അരങ്ങേറിയത്.

"ലഹരിമുക്ത യൗവനം" എന്ന സന്ദേശത്തിൽ ഊന്നിയുള്ള ക്യാമ്പിന് "വെളിച്ചം" എന്ന പേരാണ് നൽകിയത്. ക്യാമ്പിന്റെ ഉദ്ഘാടനം ഡിസംബർ 26ന് 3:00 മണിക്ക് ശ്രീ. ടി വിജിത്തിന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട സ്ഥലം MLA സി.അബ്ദുൽ ഹമീദ് മാസ്റ്റർ എൻ.എസ്.എസ് പതാക ഉയർത്തി നിർവഹിച്ചു. സ്കൂളിൽ നിന്ന് നീരോൽപാലം അങ്ങാടി വരെ വിളംബര ജാഥ നടത്തി കൊണ്ട് സപ്തദിന ക്യാമ്പിന് തുടക്കം കുറിച്ചു.

വിളംബര ജാഥയുടെ ഭാഗമായി "മയക്കുമരുന്നില്ലാത്ത നാട്" "ലഹരി ഉപയോഗിക്കാത്ത ജനം" എന്ന ആശയത്തെ അടിസ്ഥാനമാക്കി ഫ്ലാഷ് മോബ് സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളും ഉയർത്തി ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയ ജാഥ നാട്ടുകാരുടെ ശ്രദ്ധയാകർഷിച്ചു. പ്രസ്തുത പരിപാടിയിൽ സ്കൂൾ പി.ടി.എ പ്രസിഡൻറ് യൂനുസ്.കെ, കോളേജ് പ്രിൻസിപ്പൽ അബ്ദുൽ ഖാദർ സാർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഹഫ്സമോൾ O.K എന്നിവർ പങ്കെടുത്തു.

വൈകിട്ട് ഏഴുമണിയോടുകൂടി പ്രൊഫസർ Dr. എ. ബി. മൊയ്തീൻകുട്ടി സാറിൻറെ നേതൃത്വത്തിൽ സാമൂഹിക - സാമ്പത്തിക - ആരോഗ്യ - വിദ്യാഭ്യാസ സർവ്വേയുടെ ചോദ്യ പരിചയ വേളയിൽ എല്ലാ വളർണ്ടിയർമാരും പങ്കെടുത്തു.

അന്നേ ദിവസത്തെ ക്യാമ്പ് അവലോകനം മോക്ക് പാർലമെൻറ് രീതിയിൽ രാത്രി 8 മണി മുതൽ 9 മണി വരെ സ്കൂൾ അങ്കണത്തിൽ വച്ച് നടന്നു.

### DAY 2

ക്യാമ്പിന്റെ രണ്ടാം ദിനമായ 27/12/2022 ചൊവ്വാഴ്ച രാവിലെ 6 മണിക്ക് റാഷിദ് സാറിൻറെ നേതൃത്വത്തിൽ യോഗ പരിശീലനം നടത്തി.

എട്ടുമണിക്ക് NSS ഗീതത്തോടെ ആരംഭിച്ച അസംബ്ലിയിൽ കഴിഞ്ഞ ദിവസത്തെ പത്രവാർത്തയുടെ അവതരണവും അന്നേദിവസം വിവിധ പ്രോഗ്രാമുകളുടെ ലഘു വിവരണവും നടന്നു.

8.30-12.30 വരെ വിവിധ വീടുകൾ സന്ദർശിച്ചു. സാമൂഹിക- സാമ്പത്തിക- വിദ്യാഭ്യാസ- ആരോഗ്യ സർവേയും ലഹരി മുക്ത യുവത സന്ദേശ പ്രചരണവും വളർണ്ടിയർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതിനുവേണ്ടി വളർണ്ടിയേഴ്സ്നെ വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുകയും ഓരോ ഗ്രൂപ്പിനും 20 വീടുകൾ സന്ദർശിക്കാനുള്ള ടാർജറ്റ് ഏൽപ്പിച്ചു. ശേഷം രണ്ടു മണി മുതൽ IQAC കോഡിനേറ്റർ ചന്ദ്രൻ സാറിൻറെ നേതൃത്വത്തിൽ ഐസ് ബ്രേക്കിംഗ് സെഷൻ നടന്നു.

4 - 6 മണി വരെ ക്യാമ്പിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടത്തി. ഉദ്ഘാടന സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പാൾ Dr. അബ്ദുൽ ഖാദർ സാർ, ജില്ലാ പഞ്ചായത്ത് മെമ്പർ ബഷീർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നസീമ യൂനുസ്, ഏഴാം വാർഡ് മെമ്പർ ജാഫർ സിദ്ദീഖ് തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് രാത്രി വളർണ്ടിയർമാരുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. അത്താഴത്തിന് ശേഷം പാർലമെൻറ് യോഗം ചേരുകയും വിവിധ പ്രോഗ്രാം കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ അവലോകനത്തിന് വിധേയമാക്കുകയും ചെയ്തു. ശേഷം അടുത്ത ദിവസത്തേക്കുള്ള ലീഡറിനെ തെരഞ്ഞെടുത്തു.

## DAY 3

മൂന്നാം ദിനമായ 28/12/2022 ബുധനാഴ്ചയെ വരവേറ്റത് റാഷിദ് സാറിൻറെ നേതൃത്വത്തിലുള്ള എയ്റോബിക്സ് ഡാൻസ് ആണ്. രാവിലത്തെ എയ്റോബിക്സ്, അസംബ്ലി തുടങ്ങിയവയ്ക്കുശേഷം കൃത്യം 8:30 മുതൽ 12:30 വരെ സാമൂഹിക-സാമ്പത്തിക-ആരോഗ്യ- വിദ്യാഭ്യാസ സർവ്വേ നടന്നു.

അന്ന് 2-4 മണിവരെ "കൗമാര പ്രശ്നങ്ങളും പരിഹാരവും" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് സംഘടിപ്പിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്റ്റേറ്റ് ട്രെയിനർ ശ്രീമതി മുൻഷിതയുടെ നേതൃത്വത്തിലുള്ള ക്ലാസിൽ NSS വളർണ്ടിയർസിന് പുറമേ പ്രദേശവാസികളും പങ്കാളികളായി.

അന്നേദിവസം രാത്രി ആറുമണി മുതൽ ട്രോമാകെയർ പ്രവർത്തകൻ ശ്രീ. ഹനീഫ "ജീവൻ രക്ഷാപ്രവർത്തനവും പ്രാഥമിക ശുശ്രൂഷയും" എന്ന വിഷയത്തിൽ വളർണ്ടിയർമാരുമായി സംവദിച്ചു. ഇതിലൂടെ പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ വളർണ്ടിയർമാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു

## DAY 4

ക്യാമ്പിന്റെ നാലാം ദിനമായിരുന്നു 29/12/2022. രാവിലെ 6-7 മണി വരെ ഞങ്ങൾ യോഗയിൽ ഏർപ്പെട്ടു. അസംബ്ലിയിൽ അന്നത്തെ പ്രധാന പ്രവർത്തിയായ "നീരോൽപാലം അങ്ങാടി ശുചീകരണവും, പരിസര ശുചീകരണ ബോധവൽക്കരണത്തെക്കുറിച്ച്" NSS പ്രോഗ്രാം ഓഫീസർ ശ്രീ. ഹഫ്സ മോൾ O.K ഞങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി.

കൃത്യം 8:30 മുതൽ ഞങ്ങൾ ക്യാമ്പിലെ കൈക്കോട്ടും പിക്കാസും ചൂലും മറ്റും എടുത്ത് നീരോൽപാലം അങ്ങാടിയിലേക്ക് എത്തി. തുടർന്ന് അങ്ങാടിയും പരിസരവും വൃത്തിയാക്കി. അങ്ങാടി ശുചീകരണത്തിന് വളരെ നല്ല രീതിയിൽ നാട്ടുകാരുടെ സഹകരണം ഉണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഒന്നാം ക്ലാസിലെ ചുമരുകൾ പെയിന്റ് ചെയ്യാനുള്ള സജ്ജീകരണങ്ങളും നടന്നു. വൈകീട്ട് 4-6 മണി വരെ സ്കൂളിനടുത്തുള്ള ദേവതിയാൽ കോളനിയിൽ "ലഹരി വിമുക്ത സമൂഹത്തിൻറെ ആവശ്യകതയെ" കുറിച്ച് ബോധവൽക്കരണം നടത്തി. ഇതിൻറെ ഭാഗമായി കോളനി വീടുകളിൽ ലഹരിവിരുദ്ധ വളർണ്ടിയർമാരുമായി ലഘുലേഖകൾ വിതരണം ചെയ്തു. ലഹരി വിരുദ്ധ ഷോർട്ട് ഫിലിം പ്രദർശനത്തിലേക്ക് കോളനി നിവാസികളെ ക്ഷണിച്ചു. രാത്രി 6-9 മണി വരെ കോളനി പരിസരത്ത് ശ്രീ. രാജേന്ദ്രൻ പുല്ലൂർ സംവിധാനം ചെയ്ത 'നേരറിയാതെ' എന്ന ഷോർട്ട് ഫിലിം പ്രദർശനം നടന്നു.

(കലാകാരനും സംവിധായകനുമായ ശ്രീ. രാജേന്ദ്രൻ പുല്ലൂർ കോളേജ് സംഗീത അധ്യാപിക ലൗലി ടീച്ചറുടെ ഭർത്താവാണ്.)

ഞങ്ങൾ പ്രതീക്ഷിച്ചതിലും വളരെ വിജയകരമായി പരിപാടി നടത്താൻ സാധിച്ചു. ശേഷം ക്യാമ്പസിലേക്ക് മടങ്ങിയ ഞങ്ങൾ രാത്രി 9 മണിക്ക് സ്കൂൾ അങ്കണത്തിൽ ശ്രീ. രാജേന്ദ്രൻ പുല്ലൂരുമായി അഭിമുഖം നടത്തുകയും ലഹരിയുടെ വിവിധ ദൂഷ്യഫലങ്ങളും ചർച്ച ചെയ്തു.

ക്യാമ്പിലേക്ക് തിരിച്ചെത്തിയ ഞങ്ങളെ സ്വീകരിക്കാൻ "Evergreen" എന്ന സ്പോർട്സ് ക്ലബ്ബ് അവിടെ കാത്തു നിൽക്കുന്നുണ്ടായിരുന്നു . അവർ ഞങ്ങൾക്കായി ഒരുക്കിയത് നെയ്ച്ചോറും ചിക്കൻ കറിയും ആയിരുന്നു. തുടർന്ന് EVERGREEN അംഗങ്ങളുമായി NSS വളർണ്ടിയർമാർ സംവദിച്ചു.

ശേഷം വിവിധ കലാപരിപാടികളും ക്യാമ്പ് അവലോകനവും നടന്നു.

ആ രാത്രിയും 7 സുന്ദര രാത്രികളിലേക്ക് നടന്നു ചരിത്രമെഴുതി ???.

## DAY 5

NSS സപ്ത ദിന ക്യാമ്പിന്റെ അഞ്ചാം ദിവസമായ 31/12/2022 ൽ രാവിലെ കൃത്യം 6:30ന് റാഷിദ് സാറിൻറെ നേതൃത്വത്തിൽ എയ്റോബിക്സ് ആരംഭിച്ചു.

അസംബ്ലിക്ക് ശേഷം പ്രാതൽ കഴിക്കുകയും സാമൂഹിക - സാമ്പത്തിക - ആരോഗ്യ - വിദ്യാഭ്യാസ സർവേയുടെ അവസാനം ഘട്ടമായി ദേവതിയാൽ കോളനി സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. 8:30ന് തുടങ്ങിയ സർവ്വേ നടപടികൾ 12:30 വരെ നീണ്ടു.

ഉച്ചയ്ക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി NSS കോർഡിനേറ്റർ ഞങ്ങളുടെ ക്യാമ്പ് സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

"സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ" എന്ന വിഷയത്തിൽ കോഴിക്കോട് ഗവൺമെൻറ് ലോ കോളേജിലെ അധ്യാപകൻ Dr. ലേവെൽമാൻ 2-4 മണി വരെ ക്ലാസ്സ് എടുത്തു.

വൈകിട്ട് 5 - 7 മണി വരെ തിരൂരങ്ങാടി എസ് ഐ റഫീഖ് സാറിൻറെ നേതൃത്വത്തിൽ "മദ്യത്തിലും മയക്കുമരുന്നിലും എരിഞ്ഞടങ്ങുന്ന ജീവൻ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥൻ ശിഹാബുദ്ദീൻ സാറിൻറെ ക്ലാസും ഉണ്ടായിരുന്നു.

തുടർന്ന് EMEATC -യിലെ പൂർവവിദ്യാർഥികളുടെ സംഗീതവിരുന്നും അരങ്ങേറി. ശേഷം അന്നേ ദിവസത്തെ ക്യാമ്പ് അവലോകനവും നടന്നു.

## DAY 6

ക്യാമ്പിന്റെ ആറാം ദിനമായ 31/12/2022 ൽ 6-7 മണിവരെ എയ്റോബിക്സ് റാഷിദ് സാറിന്റെ നേതൃത്വത്തിൽ നടന്നു.

ശേഷം സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ഗ്രോ ബാഗിൽ മണ്ണ് നിറക്കുകയും മറ്റു ചിലർ ചുമർചിത്രങ്ങൾ വരയ്ക്കുകയും ചെയ്തു.
'പ്രകൃതിയെ അറിയാൻ' എന്ന പരിപാടിയുടെ ഭാഗമായി പാടങ്ങളും തോടും സന്ദർശിച്ചു. വിവിധ വീടുകളിൽ നിന്ന് ചെടികൾ ശേഖരിച്ചു ഗ്രോബാഗിൽ നട്ടു.
രാത്രി പുതുവർഷത്തെ വരവേൽക്കാനുള്ള വിവിധ സജീകരണങ്ങൾ നടത്തി.
കൃത്യം 9 മണിക്ക് സമാപന സമ്മേളനം നടന്നു. ഇതിൻറെ ഭാഗമായി പി.ടി.എ പ്രസിഡൻറ്,വാർഡ് മെമ്പർ ,വ്യാപാര- വ്യവസായ-ഏകോപനസമിതി പ്രസിഡൻറ് എന്നിവരെ ആദരിച്ചു.
രാത്രി ഏറെ വൈകിട്ട് പുതുവത്സരാഘോഷത്തിന്റെ ഭാഗമായ ക്യാമ്പ് ഫയർ സംഘടിപ്പിച്ചു. കൃത്യം 12 മണിക്ക് കേക്ക് മുറിച്ച് പുതുവത്സരത്തെ വരവേറ്റു. ശേഷം ഓരോ വളർണ്ടിയർമാരും അവരുടെ ക്യാമ്പ് അനുഭവങ്ങൾ പങ്കുവെച്ചു.
NSS സപ്തദിന ക്യാമ്പിന്റെ അവസാന രാത്രിയായിരുന്നു ഇത്. ഒരുപാട് സുന്ദര നിമിഷങ്ങൾ ഞങ്ങൾക്ക് സമ്മാനിക്കാൻ ഈ രാത്രിക്കായി.

## DAY 7

1/01/2023 പുതുവർഷം. സപ്തദിന ക്യാമ്പിന്റെ ഏഴാം ദിവസം. രാവിലത്തെ യോഗയ്ക്കും അസംബ്ലിക്കും ശേഷം ക്യാമ്പ് സൈറ്റ് ശുചീകരണം നടന്നു. ഇതിന്റെ ഭാഗമായി സ്കൂൾ പരിസരം വൃത്തിയാക്കുകയും ജൈവ അജൈവമാലിന്യങ്ങൾ വേർതിരിക്കുകയും അവ സംസ്കരിക്കുകയും ചെയ്തു. എല്ലാം പഴയതുപോലെ ക്രമീകരിച്ചു.
സപ്തദിന ക്യാമ്പിന്റെ ഭാഗമായി ഞങ്ങൾ EMEATC NSS യൂണിറ്റ് നമ്പർ 262 സ്കൂളിന് വാട്ടർ ടാങ്ക് സമ്മാനിച്ചു.
"ലഹരി വിമുക്ത തലമുറ" എന്ന ആശയത്തിൽ ഊന്നിയ ഞങ്ങളുടെ സപ്തദിന ക്യാമ്പ് "വെളിച്ചം" നല്ലൊരു പുതുവത്സരവും മനോഹരമായ ഏഴുദിനങ്ങളും നൽകി വിവിധ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചു എങ്ങും വെളിച്ചം പരത്തി.
ഒരുപാട് നല്ല ഓർമ്മകളും നിമിഷങ്ങളും തന്ന സപ്തദിന ക്യാമ്പിനോടും നീരോൽപാലം ALP സ്കൂളിനോടും വിടപറഞ്ഞു ഞങ്ങളെല്ലാവരും വീട്ടിലേക്ക് മടങ്ങി.
സാമൂഹിക സേവനം, സാമൂഹിക അവബോധം, വ്യക്തിത്വവികസനം തുടങ്ങിയ ലക്ഷ്യങ്ങൾ ഈ ക്യാമ്പിലൂടെ NSS വളർണ്ടിയേഴ്സ് വിജയകരമായി കൈവരിച്ചു.
ക്യാമ്പിൽ നിന്ന് ലഭിച്ച അറിവുകളും അനുഭവങ്ങളും സമൂഹത്തിന് അർത്ഥവത്തായ സംഭാവനകൾ നൽകുന്നതിന് പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# കറുപ്പും നിറമാണ്

മനുജന് കറുപ്പും, വെളുപ്പും
ഒറ്റനോട്ടത്തിൽ
ആവാഹിക്കാനുള്ള സിദ്ധി ഉണ്ടത്രേ..
പെറ്റുവീണ നാൾ മുതൽ
കേട്ടു പഴകിച്ചത് കാരണം
നിറം നോക്കി വിലയിരുത്താൻ
കുഞ്ഞിലേ നാം പഠിച്ച കാരണം
കറുത്തവനെ, നിറമില്ലാത്തവനെന്ന
അഭിസംബോധനയിൽ
വർണ വെറിയുടെ
ആദ്യവിത്ത് നമുക്കുള്ളിൽ
പാകിയതാര്?
കറുപ്പും, വെളുപ്പും
രണ്ടു നിറമെന്നതിലുപരി
വെളുപ്പിനെ ചെങ്കോലണിയിച്ച്
അലങ്കരിച്ചപ്പോൾ കറുപ്പിനെ ചങ്ങലക്കിട്ട് ക്രൂശിച്ചു നാം
വെളുപ്പിനെ, വർണ്ണിച്ചവന്റെ
തൂലിക തുമ്പിൽ
കറുപ്പിനെ, വെറുപ്പിനാൽ
കാർക്കിച്ചു തുപ്പി.
'കറുത്ത യുഗത്തിൽ ഒരുനാൾ ചന്ദ്രൻ ഉദിച്ചു'
കറുപ്പും, വെളുപ്പും
വിവേചനമില്ലാത്ത നബിയുടെ
കരങ്ങളിൽ വെളുത്ത ഫാരിസും,
കറുകറുത്ത ബിലാലും
വർണവെറി പൂണ്ട ജനതക്ക്
മുമ്പിൽ തുല്യരായി.
കറുപ്പിനോടുള്ള മനുഷ്യന്റെ
വെറുപ്പിനിന്നും അറുതി ഇല്ലത്രെ..
കഴിഞ്ഞുപോയൊരു കറുത്ത
യുഗത്തിൽ നിന്നും
മനുഷ്യകുലം മോചിതമല്ല..
ഹിറ്റ്ലറുടെ ക്രൂരതയിൽ
കൊന്ന് തള്ളപ്പെട്ടവരിൽ മിക്കതും
കറുത്തവനായിരുന്നു.
വ്യാജ കുറ്റം ചുമത്തി
വെളുത്ത പോലീസ് ഓഫീസറുടെ
കാലിനടിയിൽ ഞെരിഞ്ഞമർന്ന്
ജീവനായി പിടച്ചതും
ഒരു കറുത്തവനായിരുന്നു.
കാലം മാറിയിട്ടും ഇന്നും മാറ്റം
അർഹിക്കാത്ത കറുപ്പ്,
കറുത്തവന്റെ ഉള്ളിൽ വർണ്ണ വെറിയിൽ നിന്നും
മോചനം തേടി മുന്നോട്ട്
നയിക്കാൻ കരുത്ത് തേടുന്നു
പ്രത്യാശയോടെ.....

**Majida P. P**
First year
Natural Science



# Wholehearted

Thinking of a dutiful River...
It is in flow...flow....flow...
Dancing to the melodies whispered by the winds
Since everyone's birth It has been in it's duty... committed...
Drifting to its destination...
With its bearings... Which none of anyone's zest can list out
It too might have loved to stop for a while
To have a look at those vibes beside..
But sincerely committed to its duty...Nevertheless It moves...
Sacrificing all those desires...
Nobody cares..
How much more It has to flow...!
To make Itself reach the destination completely.
Ready to hear all those curses and praises...
It still flows...with its frantic revenges and compassionate love..
May be, Lasts in eternity...

**Ansal Muhammad.V**
Second year
English



# ഒരു Without

മോടിപിടിപ്പിച്ച മൊഞ്ചില്ലേലും തട്ടുകടക്ക് തനതായ മേന്മയുണ്ട്. വഴിവക്കിലോരം ചേർന്ന് തേക്കാത്ത ചുമരും, ചെത്തിമിനുക്കിയ കവുങ്ങിൻ തടിയും, മേൽക്കൂരയായി ദാർപായിയും, തട്ടുകടക്ക് മാറ്റുകൂട്ടും.പരിമിതമായ സ്ഥലത്തും പ്രായപരിധിയില്ലാതെ വെച്ചു വിളമ്പും. ജാതിമത വിവേചനമില്ലാതെ ഒന്നായി ഉണ്ട് വിശപ്പടക്കുന്നിടം. ഇരിക്കാൻ തടിബഞ്ചിൻ ഇരിപ്പിടം, കഴിക്കാൻ വ്യത്യസ്ത വിഭവങ്ങൾ. ബീഡിക്കൊരു തിരികൊളുത്തി 55 പിന്നിട്ടോരുടെ സൊറപറച്ചിലിന് മാറ്റുരക്കും. ചൂടുചർച്ചക്ക് കാർന്നോര് തുടക്കമിടും. മുഷിപ്പില്ലാതെ തട്ടുകട ജോറാവും.കട്ടൻചായയും പഴംപൊരിയും തടിബെഞ്ചിൽ നിരക്കും. പറ്റിൽ കടം ചേർത്ത് പലരും ചായകുടി കസർത്തും. മഗ്രിബിന്റെ ബാങ്കിൻ വിളിയിൽ പാനീസ് വിളക്കിൻ തിരി തെളിയും. മിച്ചം വന്ന സാധനങ്ങൾ അടുക്കിവെച്ച് കുറ്റിയില്ലാത്ത വാതിൽ പൊളി അടുക്കിവെച്ച് ചൂട്ടിൻ വെളിച്ചത്തിൽ അയാളും കൂരയിൽ ചേക്കേറും

**Raniya.K**
First year
Natural Science



# Endings and New Beginnings:
## Reflections on Departure from College Life

As the last day of college approached, I felt a mix of emotions - nostalgia, excitement, and anxiety. After two years of attending classes, making friends, and creating memories, it was hard to believe that my college life was coming to an end.

Nelson Mandela once said, "Education is the most powerful weapon which you can use to change the world." These two years of college have equipped me with knowledge and skills that I believe will be useful in shaping my future. As I move on to the next chapter of my life, I am grateful for the opportunities and experiences that college has provided me.

However, leaving college behind is not easy. Mahatma Gandhi once said, "The future depends on what you do today." The uncertainty of what the future holds can be daunting. Will I be able to apply the knowledge and skills I have acquired? Will I find a job that aligns with my interests? These are some of the questions that fill my mind as I prepare to leave college.

At the same time, I am also looking forward to what the future holds. College life has been a stepping stone towards achieving my goals, and I am excited to continue on that path. The quote by Nelson Mandela, "It always seems impossible until it's done," reminds me that even though the road ahead may be challenging, with perseverance and hard work, I can overcome any obstacle.


College life has not just been about academic pursuits, but it has also been a time of personal growth and self-discovery. Through my interactions with my peers, professors, and mentors, I have gained a better understanding of who I am and what I want to achieve in life. As I leave college, I am grateful for the friendships I have made, the challenges I have overcome, and the opportunities that have come my way.

While the thought of leaving college can be overwhelming, I take comfort in the words of Nelson Mandela, "I learned that courage was not the absence of fear, but the triumph over it." I know that the road ahead will have its share of challenges, but I am ready to face them head-on with courage and determination.

Looking back on my college life, I am reminded of Muhammed Nabi's quote, "Live as if you were to die tomorrow. Learn as if you were to live forever." These two years of college have taught me to live in the moment and make the most of every opportunity. I will carry this lesson with me as I embark on the next phase of my life.

In conclusion, my departure from college marks the end of a significant chapter in my life. As I look forward to what lies ahead, I am grateful for the education, experiences, and memories that college has provided me. I will take the lessons learned and use them to shape my future, always remembering the wise words of Nelson Mandela and Mahatma Gandhi

**Salmanul Faris.U**
Second year
Commerce



# അവരെന്ത് വിചാരിക്കും?

ഒരുപാട് ആളുകളുടെ സ്വപ്നങ്ങൾ ഇല്ലാതാക്കിയ ഒരേയൊരു ചോദ്യമാണ് *അവരെന്ത് വിചാരിക്കും?* ഒരുപാട് പേർ പറയുന്നതും അനുഭവിക്കുന്നതുമായ ഒരു വികാരം.
ഒരുപാട് കാലമായി അവരുടെ വീട്ടിൽ പോയിട്ട്,ഫോൺ ചെയ്തിട്ടും എന്ത് വിചാരിക്കുമോ ആവോ?
സ്റ്റേജിൽ കയറി നാം പറയുന്നത് നന്നായി പോയില്ലങ്കിൽ ചുറ്റുമുള്ളവർ എന്ത് വിചാരിക്കും?
കല്യാണത്തിന് വിളിച്ചിട്ട് എങ്ങനെയാ വെറും കയ്യോടെ പോവുക ആൾക്കാർ എന്ത് വിചാരിക്കും?
റിചാർജ്ജ് ചെയ്യാൻ പറഞ്ഞെങ്കിലും പറഞ്ഞ സമയത്ത് ചെയ്യാൻ കഴിയില്ല അവരെന്ത് വിചാരിക്കും?
ഏതെങ്കിലും ഒരു കറിയും ചോറും മതിയെന്നാണ് പറഞ്ഞത് എന്നാലും വരും എന്ന് വിളിച്ച് പറഞ്ഞ സ്ഥിതിക്ക് വെറും കറി മാത്രമേയൊള്ളൂ അവരെന്ത് വിചാരിക്കും?

ഇങ്ങനെയൊക്കെ വിചാരിച്ച് ജീവിക്കുന്ന നമ്മളെ കുറിച്ച് ആരും ഒന്നും വിചാരിക്കുന്നില്ല എന്നതാണ്സത്യം. ചുറ്റുമുള്ളവർ എന്ത് വിചാരിക്കും, എന്ത് പറയും ആവശ്യത്തിന് കൂടുതൽ ചിന്തിച്ചാൽ നിരാശപ്പെടാനേ സമയം കാണൂ. ജീവിതം ജീവിക്കുക. ആരെയും ബോധ്യപ്പെടുത്താൻ ഉള്ളതാവരുത്. നിങ്ങൾക്ക് തിരുമാനിക്കാം നിങ്ങളുടെ സ്വാതന്ത്രമാണ്....

**Shabna. M**
First year
Social science



# മനുഷ്യര്

പതിനാലാം ദിവസത്തിനൊടുവിലാണ്
ദൽഹിയിലെ ആശുപത്രിയിൽ അവൾ
ജീവനുപേക്ഷിച്ചും പോരാട്ടം തുടർന്നത്.
അതിനാലാവണം തിടുക്കപ്പെട്ട്
കൂടപ്പിറപ്പുകൾ പോലുമറിയാതെ
'അവർ' അവളെ പെട്രോളൊഴിച്ചത്
കത്തിച്ച് കത്തിച്ച് ചാരമാക്കിയത്.
അവളിലേക്കുള്ള വഴികളൊക്കെയും
സായുധ പൊലിസ് അടച്ച് കളഞ്ഞിരുന്നു.
എന്നിട്ടും അവൾ ആളി കത്തി.
അധികാരവർഗ്ഗം കനലെരിഞ്ഞ് നീറി.

പത്തൊമ്പതിന്റെ ചൂരുള്ളോൾ,
അവളന്നും വീട്ടിന്റെ പള്ളനിറക്കാൻ
കാലിക്ക് പുല്ലരിയാൻ പോയതാണ്.
ഒച്ചവെച്ചാൽ വീടുത്തരം പറയുന്നിടത്തി-
രുന്ന് പുല്ലരിയുന്നോളുടെ
ദുപ്പട്ട പറിച്ചെടുത്തത് നാലാളുകൂടിയാണ്.
ഒറ്റക്ക് ചെറുത്തോള്, ഒറ്റക്ക് കത്തിയോള്.
ഒച്ചകേട്ട് നെഞ്ച്പിടച്ചമ്മ കിതച്ചെത്തി.
വാരിയെല്ലൊടിഞ്ഞ്, ചോരതുപ്പുന്ന
പകുതിപോയ നാക്കുമായ്
അവളവിടെ ഒടിഞ്ഞ് കിടപ്പുണ്ട്.

കോരിയെടുത്ത് സ്റ്റേഷനിൽ പോയെങ്കിലും
കേസെടുക്കാതെ പോലീസ് തനികൊണം കാട്ടി.
ആശുപത്രികൾ മാറിമാറി ഓള് പോരാട്ടമായി
നവമാധ്യമങ്ങൾ തീപന്തമായ് ആളിപ്പടർന്നു
അധികാരവർഗ്ഗം പ്രതികൾക്കൊത്താശപാടി
അവൾ ദലിതയായിരുന്നല്ലോ...?
മരിക്കാൻ വിധിച്ചവൾ.
നിർഭയ എന്ന് അവളെയാരും വിളിച്ചില്ല.
ഹത്രാസെന്ന് മാധ്യമങ്ങൾ പേര് ചെല്ലി
കത്വ പോലെ, ഉന്നോവ പോലെ ഊരിലൊതുങ്ങിയോളും

മരണവാർത്തയറിഞ്ഞാണ് അയാളുമങ്ങോട്ടിറങ്ങിയത്.
പ്രതികളുടെ താക്കൂറ് (ജാതി) വാല് കണ്ട്
നേരെഴുതേണ്ട പേനകളിലെ മഷിവറ്റിയപ്പോഴും
അയാളുടെ പേനയിൽ സത്യത്തിന്റെ ഉറവയുണ്ടായിരുന്നു.
നേരായുള്ള കാപ്പന്റെ യാത്രയവസാനിച്ചത്
ജയിലിലെ ഇരുണ്ട അറയിലായിരുന്നു.
ഭീകരവാദ ചാപ കുത്തി അവർ
അയാളെ തുറങ്കിലടച്ചു.
നീതി തലചുറ്റി വീണു.
ഒടുവിൽ തുലാസും.

മാധ്യമങ്ങൾ മൗനം പൂണ്ടിട്ടും,
അധികാരവർഗ്ഗം ഭയം വിതച്ചിട്ടും,
നാടാകെ പേടിപരന്നിട്ടും,
അരുകുചേർത്ത പെൺകുട്ടിയുടെ
'നീതി' തെരഞ്ഞ്, തടവിലടക്കപ്പെട്ടോന്റെ
'നീതിക്കായ്' നിർഭയം അവരെണീറ്റ് നിന്നു.
പ്രായം തളർത്തിയിട്ടും, ശരീരം തളർന്നിട്ടും
അറുപത്തിമൂന്ന് തികഞ്ഞ കുമാർ സൗവീർ
എഴുത്തുപേനയിലെ നേരായി നിവർന്ന് നിന്നു.
സാമൂഹികപോരാളിയെന്ന വാക്കിനർത്ഥമായി
അലീമുള്ള ഖാൻ കൂടെനിന്ന് ധൈര്യംപകർന്നു.
പിന്നേയും,
രേഖ വർമ്മ, എഴുപത്തൊമ്പത് കഴിഞ്ഞ ടീച്ചറമ്മ
ജാമ്യമായ് സ്നേഹപ്പെയ്ത്തായപ്പോഴാണ്
ഇരുട്ടിന് തോറ്റ് പിന്മാറേണ്ടിവന്നത്.
ഒന്നുപോലും കാണാത്ത അപരനുവേണ്ടി
കൂരിരുട്ടിലിങ്ങനെ വെട്ടമാവുന്നോരാണ്
വെളിച്ചത്തിനെന്തൊരു വെളിച്ചമെന്ന്
സാക്ഷ്യമാവുന്നത്.
ഇന്ത്യയെങ്ങിനെ തോൽക്കാനാണ് പിന്നെ...!

**Hafsa Mol.OK**
Assistant Profesor

# The Final Hope

An unusual loud noise interrupted my sleep. Through the window I could see the building next to me collapsing. The deafening sound electrified in my ears and the horrifying site made me lay numb in my bed for a while. What is happening in front of my eyes? I couldnot digest the entire situation. It seemed like the whole world is falling apart right infront of me.

I slowly got up of the bed and placed my feet on the ground.I felt slight tremors every now and then. Is this the end of the world? Where are my parents? Who is crying outside? I couldn't answer any of these questions my mind kept throwing at me. I rushed all at once to the window panting and gasping out of fear. The huge multistoreyed building next to our flat was not there anymore. Looking down I could see just huge pieces of building blocks splashed in blood. The smoke and dust filled the air and made the sight impossible.

Another immense quake made me fall to the ground. I couldn't balance myself. I realised that the brutality of earthquake was taking over us. "Mom, mom where are you?" I yelled and rushed to the living room. I could not hear her voice and it sent shock waves through my spine.
Where is my dear mom? I could see the furnitures broken, tables overturned, plates and glasses broken into a hundred pieces. "Mom?" I cried loudly for a reply. "Haalah" I could hear a feable sound from the kitchen. I rushed there and could see my mom trapped behind the refrigerator fallen over her and was bleeding. Yes, my dear mom had bled a lot in my absence.The kitchen floor was painted in her blood. What can I do to save my mother? The question hovered in my mind. Dad is not here to help me. What might have happened to him outside? The thought tore me apart into pieces.
I assured my dear mom that I would do anything to save her and to keep holding until then. I looked at my little hands. What can a 12 year old do? I tried pushing the refrigerator hard but it was immovable.I fell to the ground sobbing bitterly. Will I have to watch my mom die slowly right in front of me? No, I cannot leave my mom to the terrible earthquake.the image of collapsed building flashed through my mind. Thousands have already lost their kith and kin in a matter of seconds.Will I lose my family and friends the same way? Will I die along with them and become a part of memory?

The third quake shook my soul out and carried us into a world of darkness. Yes, the electricity was gone and I lost all the hope to save my mom. I could hear my mom's heavy breath in the darkness but I kept saying her I will help her out of this horrible situation. I could hear someone knocking and shouting loud from the outside.

Who is it? Who has come to help us? I rushed through the rubbles and broken furnitures in the blind. I kept touching the walls to lead my way to the front door in the darkness. I opened the door somehow and could see uncle Khalid standing shocked. "Come out Halaah, come with me now", he shouted. I told him my mom is stuck and is bleeding to death." Please help her. " I cried in front of him in the faint light. He said he could not come inside to help her out as there can be another quake in a matter of minutes and we need to vacate the building as soon as possible.

I begged him to help us but he left me alone in the darkness and he ran out of my sight fearing another shake."Haalah" I heard my mom call out. I rushed to her falling in between the furnitures, "My dear child, you escape from this building. Never look at me. Another quake can collapse this building. Please run away and save your life. " I couldnot digest what was happening. I did not want to leave my dying mom alone.I cannot do that."No, I cannot leave you." I told her again and again. " I will die along with you in this place." I caught her hands in the darkness and lay next to her just like an infant with its mother.
I waited for the last and final quake to take us away as soon as possible. I thought of the loving family that I had. My mom. My dad and me. Our beautiful world.The beautiful moments we had together. I closed my eyes for the final quake to take us away. The cries and falling apart of building echoed in my ears. The final quake was coming. It is nearing. Seconds left. Three, two, one! Goodbye world.

**Shahana Abdul Naseer**
First year
Commerce



# ശബ്ദം

ലോകത്തിന്റെ പല ഭാഗത്ത് നിന്നും അനേകായിരം ശബ്ദ കിരണങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. മനസ്സാക്ഷിക്കു നിരക്കാത്ത ഒട്ടനവധി ശബ്ദങ്ങൾ നാം ദിനംപ്രതി കേട്ടു വരികയാണ്.

ഇന്നു ലോകത്തിന്റെ വിവിധ മേഖലകളിലും രാജ്യത്തിന്റെ വിവിധങ്ങളായ തൂണിലും തുരുമ്പിലും പീഡനത്തിന്റെയും അടിച്ചമർത്തലിന്റെയും ശബ്ദങ്ങൾ നാം കേൾക്കുന്നു. എന്നാൽ ഇവർക്ക് വേണ്ടി ശബ്ദിക്കാൻ ഇവിടെ ഒരു മനുഷ്യനും തയ്യാറാകുന്നില്ല. തങ്ങൾ അനുഭവിച്ച ക്രൂരതകളും പീഡനങ്ങളും ലോകത്തിന്റെ മുന്നിൽ തുറന്നുകാണിക്കാൻ കഴിയാതെ എത്ര മനുഷ്യ ജന്മങ്ങളാണ് ദിനംപ്രതി അസ്തമിച്ചു കൊണ്ടിരിക്കുന്നത്. ഇനി ഇവരൊന്ന് പ്രതികരിക്കാൻ ശ്രമിക്കുകയാണെങ്കിൽ, തന്റെ തലമുറയെ തന്നെ വേരോടെ പിഴുതെറിയുന്ന പ്രവണതയാണ് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഫാസിസ്റ്റ് ശക്തികളുടെ പ്രധാന അജണ്ടയാണ് ശബ്ദിക്കുന്നവരെ അറുത്തു മാറ്റി നിശബ്ദമാക്കുന്ന മൃഗീയമായ നടപടി . തൂലികയിലൂടെ ഈ രാജ്യത്തെ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറിക്കൊണ്ടിരിക്കുന്നവരെല്ലാം ഇന്ന് ആറടി മണ്ണിൽ വിശ്രമിക്കുകയാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ, നമ്മുടെ രാജ്യം എത്ര വികൃതമായി എന്ന് നമുക്ക് മനസ്സിലാക്കാം.


ഇനി വരാനുള്ളത് നിങ്ങളുടെ ഊഴമാണ്. നാം എല്ലാവരും മനസ്സിൽ ഒരു പ്രതിജ്ഞയെടുക്കുക . നാളെയുടെ ശബ്ദമില്ലാത്തവരുടെ ശബ്ദം അത് എന്റേതാണെന്ന്. നിശബ്ദത അത് മടിയാണ്, ഭയമാണ്, അനീതിയുടെ മുതൽമുടക്കാണ്.ശബ്ദം അത് ആയുധമാണ്, ശക്തമായ നിലപാടാണ്!.

**FOUMIDA V**
Second year
English

# बारिश की बूंद

अनु सबेरे उठकर स्कूल जाने के लिए तैयार हो रही थी। अचानक उसने बाहर देखा। बादल ने सूरज को रोकते हैं। उनके चेहरे की खुशी चली गई । अनु का दोस्त आज छुट्टी पर है। दोनों रोज पैदल चलकर स्कूल जाते हैं। किसी तरह उसने नाश्ता किया और अकेले स्कूल जाने केलिए नीचे उतरे। अनु के चेहरे पर उदासी देखकर बादलों में बारिश की एक बूंद उसके पास आ गिरी। उन्होंने अपने छतरी से बारिश की बूंद को रोक लिया। लेकिन कुछ देर की श्रम फल के बाद बारिश की बूंद अनु की छतरी के अंदर घुस गई। बारिश की बूंद ने अनु से उसकी दुःख का कारण पूछा। उसकेलिए बारिश में अकेले स्कूल जाने की पसंद नहीं था। आज उसका दोस्त छुट्टी पर है । यह सुनने के बाद बारिश की बूंद को एक तरकीब सूझी। बारिश की बूंद ने अपने दोस्तों को बुलाया और अनु के साथ स्कूल जाने के योजना बनी । वे ने अनु को कई नजारे दिखाए और उससे बातें कीं। एक छोटा बच्चा बारिश में नाव बनाता है और बारिश के पानी में तैरता है। वह जोर से गाता था कि:

आओ आओ जल्दी आओ।<br>
बारिश खुशि से अति है ।<br>
रंग बिरंग के कागज लाओ।<br>
छोटे छोटे नाव बनाओ ।<br>
खुशी से खेलने कि आओ ।



अनु इन सब नजारों को देखकर बहुत खुश होकर स्कूल आई। अनु के साथ-साथ आज बारिश की बूंदें भी स्कूल में आ गईं। रवाना होने से पहले बारिश की बूंद ने अनु से कहती है कि : "जब तु दुःखी हो, मैं हु है तुम्हारे साथ"। इस धरती पर बहुत सारे लोग मुझे पसंद नहीं करते। लेकिन जब वे उदास होते तो मैं उनके पास ऐसे ही पहुंच जाता हूं। अनु ने बारिश की बूंद अलविदा को कहा और जल्दी से क्लास की तरफ दौड़ी। उसने अपने दोस्त को अपने नया दोस्त के बारे में बताया। बारिश की बूंदों ने अनु के दिन को सबसे खुशनुमा बना।

**NAJEEBA SHIRIN. M**
Second year
Physical Science

# THE NAMESAKE

Being named after people that inspired our parents somehow also brings the pressure of reaching their expectations and living upto your "namesake", if not just the emotions and burden about his name Gogol from "The Namesake" feels.

As the name suggests, "The Namesake" is a novel on identities and how people choose and develop their identities over time. Jhumpa Lahiri demostrates in graphic detail how each character - Ashoke, Ashima, Nikhil/ Gogol grows, suffer misfortune, and falls in love. The reader is completely Captivated by how the author has portrayed them as a family, a community and also as individuals with unique needs. If truly read and attempted to be learned from, the namesake is a good book that instructs on how to "name" and exist inside any culture, be it American.

The title itself draws attention to these issues because Ashoke originally calls his son "Gogol" after Nikolai.Gogol,a well-known Russian writer whose fiction holds a special place Achone's heart. Gogol has found his name odd for years and eventually a a burden. He is perplexed as to why his father chose to give him the name of an ecentric, down trodden author whole works, like "The Nose", are frequently depressing, unusual and unrepresentative of "real life". When he is younger, all he wants is to get away from the identities that he feels his family has imposed on him.



The Namesake is an account of the immigrant experience as well as a reflection of the author's diverse intellectual and cultural interests.

Do you have any namesake or were you in good terms. with your name since the beginning?

**Fathima Hisana. P**
Second year
English

# യുദ്ധം V/S മലയാളി മനസ്സ്




ലോകത്തിന്റെ ഏതു കോണിൽ യുദ്ധമുണ്ടാകുമ്പോഴും അധിനിവേശങ്ങൾ നടക്കുമ്പോഴും ആദ്യം ഉണരുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനസ്സ് മലയാളിയുടേതാണ്. എന്നാൽ പത്രവാർത്തകളിലും ചാനലുകളിലുമുള്ള യുദ്ധവാർത്തകൾക്കും ചർച്ചകൾക്കുമപ്പുറം എന്താണ് യുക്രൈനിലെ കാഴ്ചകളോട് മലയാളി നിസ്സംഗമായി നിൽക്കുന്നത് എന്നത് അമ്പരപ്പിക്കുന്ന ചോദ്യമായി അവശേഷിക്കുന്നു

ഓരോ യുദ്ധവും അവശേഷിപ്പിക്കുന്ന ദൃശ്യങ്ങൾ തന്നെയാണ് യുക്രൈനും നൽകുന്നത്. ഒന്നോ രണ്ടോ സംഘടനകളുടെ യുദ്ധവിരുദ്ധ പ്രസ്താവനകൾ വിരലിലെണ്ണാവുന്ന ചില കുറിപ്പുകൾ പത്രങ്ങളിലെ ഒരാഴ്ച്ചത്തെ ഹാഷ് ടാഗുകൾ. അതിനപ്പുറം പിന്നീട് എന്താണുണ്ടായത്?....പിന്നീട് യുക്രൈനിൽ കുടുങ്ങി കിടക്കുന്ന വിദ്യാർത്ഥികളെ ചൊല്ലി മാത്രമായി നമ്മുടെ ചർച്ച....

യുദ്ധം വരുത്തിവയ്ക്കുന്നത് എപ്പോഴും നഷ്ടങ്ങളുടെ ഒരു കൂമ്പാരമാണ്. പക്ഷേ ലോകത്ത് യുദ്ധം ഒഴിഞ്ഞ സമയം ഉണ്ടായിട്ടില്ല.(ഇപ്പോഴും എവിടെ എങ്കിലും യുദ്ധം നടന്നു കൊണ്ടിരിക്കും.) ഈ യുദ്ധങ്ങൾ ഒക്കെ ആർക്കു വേണ്ടി? എന്നും ഉയരുന്ന ചോദ്യമാണിത്? എക്കാലത്തും പ്രസക്തമായ ചോദ്യം! ഇന്നും ലോക ജനത ചോദിക്കുന്ന ചോദ്യം! നമ്മൾ ചോദിക്കുന്ന ചോദ്യം! കാരണം യുദ്ധത്തിലൂടെ സാധാരണക്കാരായ ജനതയ്ക്ക് എന്താണ് നേട്ടം? അവരുടെ സ്വത്തും, ജീവനും ഒപ്പം ഭൂമിയും നഷ്ടപ്പെട്ട് മനുഷ്യന് കഷ്ടതകൾ മാത്രമേ അതും സമ്മാനിച്ചിട്ടുള്ളൂ.

യുദ്ധം തുടങ്ങാൻ എളുപ്പമാണ്. യുക്രൈൻ തങ്ങൾക്ക് ഭീഷണിയാണെന്ന് റഷ്യ കണ്ടെത്തുന്ന കാരണം പോലെ നിരവധി ന്യായങ്ങൾ യുദ്ധത്തിന് കോപ്പുകൂട്ടുന്നവർക്ക് നിരത്തുകയുമാകാം. കോർപ്പറേറ്റുകൾക്ക് ആയുധ വിപണിയിൽ ലാഭം കൊയ്യാനും രാഷ്ട്രീയാധികാരം വികസിപ്പിക്കാനും വലിയ സാമ്പത്തിക ലാഭം കൊയ്യാനും ഈ യുദ്ധം എളുപ്പത്തിൽ വഴിയൊരുക്കിയേക്കാം.ഒപ്പം തന്നെ ആയിരക്കണക്കിന് കുടുംബാംഗങ്ങളെയാണ് പൂർണമായി ഇല്ലാതാക്കിയത്. അതിലേറെ കുട്ടികളെയാണ് അനാഥരാക്കുന്നത്. യുദ്ധങ്ങൾക്കെതിരെ നമ്മൾ ശബ്ദമുയർത്തണം. ഇരകൾക്ക് ഒപ്പം മനസ്സു കൊണ്ടങ്കിലും നിൽക്കാൻ നമുക്ക് സാധിക്കണം. എല്ലാ രാഷ്ട്രീയ ശരികൾക്കുമപ്പുറം മനുഷ്യത്വം എന്ന വികാരം നാം ഉൾക്കൊള്ളണം. യുദ്ധക്കൊടുതികൾ അനുഭവിക്കുന്നവരോടൊപ്പം നിൽക്കുക. അവരുടെ വേദനകൾ നമ്മുടെ കൂടി വേദനകളാക്കുക. അപ്പോൾ മാത്രമാണ് യുദ്ധം പ്രമേയമാകുന്ന തമാശകളും ട്രോളുകളും പോലും നമുക്ക് തിരസ്ക്കരിക്കാൻ സാധിക്കുകയുള്ളൂ.

രാജ്യത്തിന്റെ അതിരുകളൊരിക്കലും മലയാളിയുടെ യുദ്ധവിരുദ്ധ നിലപാടുകൾക്ക് തടസ്സമായിരുന്നില്ല. യുദ്ധങ്ങളുടെയും അധിനി വേശങ്ങളുടെയും പ്രത്യാഘാതം അനുഭവിച്ചിട്ടില്ലങ്കിലും സ്വന്തം കാര്യമെന്ന പോലെയാണ് അതിനോടെല്ലാം മലയാളി എക്കാലവും പ്രതികരിച്ചിരുന്നത്. ഫലസ്തിനു നേരെ ഇസ്രായേലിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന ഈ കയ്യേറ്റങ്ങളാണ് കേരളത്തിൽ പ്രതിഷേധമായും പ്രതികരണമായും കുറെക്കാലം പ്രത്യക്ഷപ്പെട്ടത്. അധിനിവേശത്തിനെതിരെയുള്ള മലയാളി മനസ്സിന്റെ പ്രതിഫലനം കൂടിയായിരുന്നു അത്.

എന്നാൽ ഇന്ന് പത്രവാർത്തകളിലും ചാനലുകളിലുമുള്ള ചർച്ചകൾക്കുമപ്പുറം എന്താണ് യുക്രൈനിലെ കാഴ്ചകളോട് മലയാളികൾ നിസ്സംഗമായി നിൽക്കുന്നത്? യുദ്ധ വിരുദ്ധ നിലപാടുകൾ വെറും ഹാഷ് ടാഗുകളിൽ ഒതുങ്ങാതെ അവയെല്ലാം ഇല്ലായ്മ ചെയ്യാൻ ശ്രദ്ധാപൂർവ്വമുള്ള ഒരു മനസ്സ് ഏതൊരു മലയാളികൾക്കും ഉണ്ടാവേണ്ടതുണ്ട്.

**Shamna Parveen KT**
First year




# The will Power

The willpower is the most powerful energy that insisted in the human beings . We know that the life will not always a bed of rose. We have to accept that in the life a person has to overcome many problems. As a coin has two sides, the life is too have bitter and sweeter sides . It can be diseases , financial problems, loss of loved ones and so on. But we need to move on so many stop in the midway of the journey consciously or unconsciously . If a man has willpower he or she cannot be defeated by anyone or anything . Many successful stories has the main ingredient willpower itself. The obstacles will slide away due to the brighter light of willpower. So the self confidence and believing oneself is the most important one that needed use willpower. When we not believe in ourselves then who is there is to believe us ? Positive thoughts and attitudes will encourage willpower. The survival stories that we hear from newspaper is the contribution of willpower of that particular persons. The willpower is the thing that makes impossible into possible. If one lost their willpower that means their soul is lost from them. Every problem has a solution, there is no problem which has no solution but we may not find the solutions at first sight. but if a person has willpower, he or she can easily sort out the solutions for the problem. It is the will power is the thing that needed to build one's own. One can build it by not giving up to the problems that they face. The desire of success can lit the flame of willpower and thus one can outshine the others.

**Muhammed mubeen kk**
Second year
English

# UNION MEMBERS 2022 - 23

Union Adviser



**MUHAMMED SHAFI KALATHINGAL**

Chairman



**ASI SABJAN. V.P**

General Secretary



**MUHAMMED RAEES. K**

Vice Chair Person



**AMRUTHA. P**

General Captain



**ANSAL MUHAMMAD.V**

Joint Secretary



**SUHADA SHERIN. P.K**

Student Editor



**RINSHIDHA. V**

Fine Arts Secretary



**ARCHANA. K**

UUC



**DAHEEN RASHEED. M**



**Raheema. K**
Social Science

# PRINCIPAL'S ANNUAL REPORT 2022-23

It is with pleasure that I am presenting the Annual Report 2022-23 of EMEA Training college Kondotty (self financing). First of all let me congratulate and thank the management, teaching and non teaching staff of the college as well as students for their co-operation and support for the smooth functioning of the college.

EMEA Training College was established in 2005 by Ernard Muslim Educational Association. The college is affiliated to the University of Calicut and recognized by the NCTE with an in take of 100.The optional subjects offered are Commerce, English, Natural Science, Physical Science and Social science.

## Staff Positions

Currently the institution has 13 full time and three part time faculty members and also five non teaching staff.DR. Abdul Kader Parambat continued as the principal of the college from 27-05-2019. Smt. Hafsamol OK ,Smt. Maya PV, Sri. Muhammed Shareef K ,Smt. Shahina Kadakkottri,Sri Rajesh T,Thazhathayil,Sri. Mohammed Shafi K, Smt. Bindu AV,Smt.Naseera K, Sri.Chandran Nair MN ,Smt.Marshina MK , Smt. Sees kozhangodan have worked as full time Asst.Professors during the year. Sri. Arunkumar PK, Smt. Lovely VR, and Sri.Mohammed Rashid P have worked as Asst.professors. Sri. Shoukathali U continued as the office Superintendent. Sri Abdul Shukkoor C, and Smt. Shilpa M have worked as office Assistant. and librarian respectively .Sri Abdul Jabbar K, Smt.Dakshayani KP and Sri Chandran KK continued as last grade employees.

## Committees and bodies

The college has various bodies and committees which help for the smooth functioning of it The staff Council as an advisory body of the college acted its various roles effectively. Major activities of the college during the year were implemented as per the decisions of the staff Council.

## Curricular Activities

The normal activities of the college start at 9.30 am with a morning assembly . classes start at 9.50 am and continues up to 4.30 pm with a one hour break for lunch . The classes are conducted for 36 hours per week

The college reopened after summer vacation on 1-06-2022. Intership for 3rd semester students was conducted from 22-08-22 to 14-12-22. the Community living camp "Vanampadikal koodorukkunnu" was conducted from 10/01/2023 To 13/01/2023. It is expected that the BEd programme of 2021-23 batch will be completed by last week of June 2023

Admission to the BEd programme 2022-24 started in August 2022 and classes for the same started in the first week of September 2022. The second sem started in march 2023.

Co –curricular activities

The college has a long tradition of encouraging students in co- curricular activities for developing the personality of student teachers as well as to equip them to conduct such programmes in future when they take up appointments at schools and colleges.

## Students Union

The following students were elected as the office bearers of the students Union

| | | |
|---|---|---|
| Chaiman | : | Asi Sabjan VP |
| Vice chairperson | : | Amrutha P |
| General Secretary | : | Mohammed Raees K |
| Joint Secretary | : | Suhada Sherin PK |
| Fine Arts Secretary | : | Archana K |
| General Captain | : | Ansal Mohammad V |
| Students Editor | : | Rinshidha V |
| University Union Counselor | : | Daheen Rasheed M |

The formal inauguration of the students union was done by Sri. PK Basheer MLA on 30-11-2022 in the presence of Sri. Balathil Bappu manager of EMEA instuitutions . Sri. Ranish Narayanan,a noted violinist was also present in the occation .

The college was able to conduct many activities under the stewarship of the students union .This include FIFA FINAL SCORE PREDICTION Competition ,Christmas celebration , Republic Day celebration ,Valentine's day , SHE STAR day etc. An IFTHAR MEET was conducted on 05-04-2023 with ramzan greetings exchanges followed by an iftar party at dusk.

## URMARI 2K23

Annual athletic meet URMARI 2K23 was held on 09-03-2023. The meet was inaugurated by Sri. P .Shibu , SHO of karippur . Varius indoor and out door games events were also conducted.

## KALHARA 2K 23

The Arts Festival of the college KALHARA 2K 23 held on 16th and 17th march 2023 was inaugurated by Sri. Musthafa acted Cine Artist and Director.

I once again express my sincere thanks to the management , staff ,parents and students for their wholehearted co-opertion and support for the smooth functioning of this prestigious institution.

Kondotty
31-05-22

sd/-
**DR. ABDUL KADER PARAMBAT**
PRINCIPAL

# കായിക വിദ്യഭ്യാസവും കുട്ടികളും

കളികൾ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. കുട്ടികളുടെ പ്രകൃതം പരിഗണിച്ച് കൊണ്ട് തന്നെ അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് കൊണ്ടുള്ള കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന്യം നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതിയിൽ പരിമിതമാണ്. ആഴ്ചയിലെ ഒന്നോ, രണ്ടോ പരിശീലന ക്ലാസ്സുകൾ പോലും സയൻസ്, കണക്ക് തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

നിരവധി മേഖലകളിൽ നടക്കുന്ന സങ്കീർണ്ണമായ മാറ്റങ്ങളുടെ സംയോജിത ഫലമാണ് കുട്ടികളുടെ വികാസം. വൈജ്ഞാനികം, ഭാഷാപരം, വൈകാരികം, സാമൂഹികം, സർഗാത്മകം തുടങ്ങിയ മേഖലകളിലുണ്ടാവുന്ന ഗുണപരമായ മാറ്റങ്ങളാണ് ആത്യന്തികമായി സാമുഹ്യ ജീവിതത്തിന് വ്യക്തികളെ പ്രാപ്തരാക്കുന്നത്. കായിക വിദ്യാഭ്യാസത്തിന് കുട്ടികളുടെ മാനസിക വളർച്ചയിൽ നല്ല പങ്കു വഹിക്കാൻ കഴിയും.

കുട്ടികളുടെ കായിക ക്ഷമതയും ആരോഗ്യവും വ്യായാമശീലങ്ങളും പരിപോഷിപ്പിക്കുന്ന കായിക വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നൽകേണ്ടത് അത്യാവശ്യമാണ്. ഇതിനായി ശാസ്ത്രീയവും അന്തർദേശീയവും വ്യവസ്ഥാപിതവുമായ പഠനക്രമം വികസിപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ വിദ്യാർത്ഥികളുടെ ആരോഗ്യത്തോടൊപ്പം അക്കാദമിക് രംഗങ്ങളിലും സാമൂഹിക ഇടപെടലുകളിലും മാറ്റങ്ങൾ വരുത്താൻ കഴിയൂ.നിലവിലുള്ള പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്നതിനനുസരിച്ച് കായിക വിദ്യാഭ്യാസത്തിലും കുട്ടികൾക്ക് പ്രയോജനകരമായ പല മാറ്റങ്ങളും ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം




**Hamdah Tharayil**
Second year
Physical Science



# നജീബ് 27 വയസ്സ്
# സ്വതന്ത്രൻ...

ഞാനിപ്പോൾ ചെറിയ മയക്കത്തിലാണ്. തറയിൽ കിടന്നതിനാൽ ശരീരം പാതി മരവിച്ചിരിക്കുന്നു. ശരീരം മാത്രമാണോ മരവിച്ചത്, അതോ മനസ്സും കൂടിയുണ്ടോ? ഫാനിന്റെ ശബ്ദം കേൾക്കാതെ ഉറങ്ങാൻ പറ്റില്ലായിരുന്നു മുൻപൊക്കെ എനിക്ക്, എന്നാൽ ഇപ്പോൾ അവ എന്റെ കാതുകളെ അലോസരപ്പെടുത്തുന്നു. ക്ഷീണം ശരീരം വിട്ടുമാറാത്തതിനാൽ എഴുന്നേൽക്കാൻ ഞാൻ മടി കാണിച്ചു. ഒരു കണക്കിന് അത് നന്നായി, കഴിഞ്ഞ എത്ര നാളുകളുടെ ഉറക്കമാണ് ഇന്നലെ ഒരു രാത്രി കൊണ്ട് ഞാൻ ഉറങ്ങി തീർത്തത്. പണ്ട് ഒരു സുഹൃത്ത് പറഞ്ഞത് ഓർമ്മ വരുന്നു, 'ജീവിതത്തിലെ പകുതി വിഷമം മറക്കാൻ ഉച്ചവരെ കിടന്നുറങ്ങിയാൽ മതിയെന്ന്'. ആ തമാശ ഓർത്ത് പാതിയുറക്കത്തിലും ഞാൻ ചിരിച്ചു. ആദ്യത്തെ ഉറക്കം മുതൽ അവസാനത്തെ ചിരിവരെ എന്നിൽ ഉണർത്തിയ ചിന്ത 'ഇവ രണ്ടുമാണ് ജീവിതത്തിലെ ഏറ്റവും വിലയേറിയ കാര്യങ്ങൾ' എന്നതാണ്. കാരണം, മനഃസ്സമാധാനം ഉണ്ടെങ്കിലേ ഇവ രണ്ടും നമ്മേ തേടി വരികയുള്ളൂ. ഇപ്പോൾ എന്റെ ശരീരം പാതി മാത്രമാണ് മരവിച്ചത്, ഈ കഴിഞ്ഞ കാലങ്ങളിലായി ഞാൻ മുഴുവനായി മരിച്ചിരുന്നു. ഓർക്കുമ്പോൾ പേടിയോ, ധൈര്യമോ, വിഷമമോ, ഒറ്റപ്പെടലോ എന്താണെന്ന് അറിയില്ല, അവയെ ഞാൻ എങ്ങനെ വിശേഷിപ്പിക്കും എന്നതിലപ്പുറം അവ കടന്നു ദീർഘദൂരം ഞാൻ സഞ്ചരിച്ചിരിക്കുന്നു.

ആദ്യമൊക്കെ ജോലി ഇല്ലാത്തതായിരുന്നു എന്റെ വിഷമമെങ്കിൽ പിന്നെ പിന്നെ എന്റെ എല്ലാ സുഹൃത്തുക്കളും ജോലിയിൽ കയറുന്നത് അല്പം വിഷമത്തോടെയും സന്തോഷത്തോടെയും ഞാൻ നോക്കി നിന്നു. കൈയ്യിൽ എടുക്കാൻ അന്ന് ഒന്നും ഉണ്ടായിരുന്നില്ല. ജോലി അന്വേഷിച്ചുള്ള അലച്ചിലുകൾ മാത്രമായിരുന്നു അവശേഷിച്ചിരുന്നത്. ഇന്ന് ശരിയാകും നാളെ ശരിയാകും എന്ന് മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു. അതുകൊണ്ടുതന്നെ ഞാൻ തളർന്നപ്പോഴും എന്റെ മനസ്സ് തളർന്നില്ല. അങ്ങനെ എന്റെ അലച്ചിലുകൾക്ക് ഒരു ഷട്ടർ ഇടണം എന്നിരിക്കെയാണ് ഞാനും മുനീഫും കൂടി ദുബായിൽ വിസിറ്റിങ്ങിന് പോകുന്നത്. അവിടെ ഏതൊക്കെ രീതിയിൽ ശ്രമിക്കാമോ അതിന്റെ പരമാവധി ശ്രമിച്ചു,നിർഭാഗ്യം എന്നു പറയട്ടെ മുനീബിന്റെ അലച്ചിലിന് അന്ന് ഫലം കണ്ടു. അപ്പോഴും എന്റെ അലച്ചലുകൾ വെറുതെയായി. ദുബായിൽ നിന്നും മടങ്ങുമ്പോൾ എന്താണ് മനസ്സിൽ തോന്നിയത് എന്ന് അറിയില്ല. മുനീബിനെ ഓർത്തപ്പോൾ സന്തോഷം തോന്നി. തിരിച്ചു നാട്ടിലെത്തിയപ്പോൾ എങ്ങനെയെങ്കിലും ഒരു ജോലി തരപ്പെടുത്തിയേ മതിയാകൂ എന്നതായി പിന്നെ. വൈകിയാണെങ്കിലും ഭാഗ്യം പോലെ ഒരു ജോലി ഒത്തു വന്നു. ആ ജോലി എത്രത്തോളം തന്റെ പ്രശ്നങ്ങളെ ശമിപ്പിച്ചു എന്നതിലപ്പുറം നിലനിൽപ്പിന് അത് അത്യാവശ്യമായിരുന്നു. ആ വർഷം ഒരു കാര്യം കൂടി സംഭവിച്ചു 'ആയിഷ' എന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. അത് ഒരു കണക്കിന് നന്നായി സന്തോഷമായാലും ദുഖമായാലും അതിന്റെ അളവ് കുറയാതെ പങ്കിടാൻ ഒരാൾ ഉള്ളത് എന്ത് അനുഗ്രഹമാണ്.


അടുത്തദിവസം മുനീബിന്റെ ഒരു call. സാധാരണ അവൻ നാട്ടിലെ വിശേഷങ്ങളും തന്റെ കാര്യങ്ങളും തിരക്കുന്നതിൽ നിന്ന് വ്യത്യസ്തമായ ഒരു call ആയിരുന്നു അത്. സംസാരിച്ചു കഴിഞ്ഞപ്പോൾ ഞാൻ വേഗം ആയിഷയുടെ അടുത്തേക്കാണോടിയത്. തന്നെ തേടി ഒരു ജോലി എത്തിയിരിക്കുന്നു എന്ന കാര്യം അവളോട് പറയാനാണ് തോന്നിയത്. ആദ്യം online ആയി interview, പിന്നെ കുറച്ച് ദിവസം dubai-ൽ training തുടർന്ന് ആഫ്രിക്കയിലേക്ക് അങ്ങനെയാണ് മുനീബ് പറഞ്ഞത്.

ദുബായിലെ രണ്ടാഴ്ചകാലം വളരെ സന്തോഷകരമായി ആണ് കടന്നുപോയത്. തുടർന്ന് നാട്ടിൽ വിസ്സയടിക്കാൻ വന്നപ്പോഴാണ് ഞാൻ ആ വാക്ക് ആദ്യമായി കേൾക്കുന്നത് "കൊറോണ". അതെന്ത് കുന്തം എന്ന് കേട്ടവരൊക്കെ ചോദിച്ചു പക്ഷേ എന്റെ ചിന്ത മുഴുവൻ വരാനിരിക്കുന്ന നല്ല നാളെകളെ കുറിച്ചായിരുന്നു. അങ്ങനെ എന്റെ സ്വപ്നങ്ങൾക്കും നീണ്ടനാളത്തെ കാത്തിരിപ്പിനും ഒരു വിമാനം ചിറകു വിരിച്ചു. കയ്യിലുള്ളതെല്ലാം ചിലവായി തുടങ്ങിയിരുന്നു ആ യാത്രയോടെ ഉള്ളതൊക്കെ ഇറുക്കി പിടിച്ചാണ് ഞാൻ സ്വപ്നത്തിന്റെ ചിറകുകളെ ബലപ്പെടുത്തിയിരുന്നത്. എന്നിരുന്നാലും ഞാൻ മനസ്സറിഞ്ഞ് ചിരിച്ച ദിവസം. പക്ഷേ ആ ചിറകുകൾക്ക് അൽപയുസ്സേ ഉള്ളൂ എന്ന് തിരിച്ചറിയാൻ ഒട്ടും വൈകിയില്ല.
ഞാൻ ആ വാക്ക് രണ്ടാമതായി കേട്ടു "കൊറോണ". വിമാനത്തിൽ നിന്ന് ഇറങ്ങിയതും നേരെ ഒരു തടവിറയിലേക്കാണ്, സ്വാതന്ത്ര്യത്തെ മുഴുവൻ പിടിച്ചെടുത്ത് അവിടെ ആ എയർപോർട്ടിൽ ദിവസങ്ങളോളം നിൽക്കാൻ നിർബന്ധിതരായി. "കൊറോണ" എന്റെ ജീവിതത്തിൽ എങ്ങനെ ഒരു വില്ലനായി? ഉള്ളതൊക്കെ കൊടുത്തു ഞാൻ എന്റെ ചിറകുകളെ ബലപ്പെടുത്തുമ്പോൾ അവയൊക്കെ അരിഞ്ഞുവീഴ്ത്തി എന്നെക്കാൾ മുൻപേ അവൻ ആ എയർപോർട്ടിൽ എത്തിയിരുന്നത്. ഇതൊന്നുമറിയാതെയാണ് ഞാൻ അവിടെ കാലെടുത്തു വയ്ക്കുന്നത്. ഫ്ലൈറ്റുകൾ എല്ലാം ക്യാൻസൽ ചെയ്തു പുറത്തേക്ക് വിടുന്നില്ല. അപ്പോഴാണ് കൂട്ടിൽ കിടക്കുന്ന തത്തയെ ഓർമ്മ വന്നത് ഞങ്ങൾക്ക് സാമ്യതകൾ ഏറെ ആയിരുന്നു. ബന്ധനങ്ങൾക്കപ്പുറം ഒന്ന് സംസാരിക്കാനോ ഞാൻ പറയുന്നത് മനസ്സിലാക്കാനോ അവർക്ക് സാധിച്ചിരുന്നില്ല അവിടെ ഉണ്ടായിരുന്നതെല്ലാം ആഫ്രിക്കൻ വംശജർ ആയിരുന്നു. കമ്മ്യൂണിക്കേഷൻ നല്ല രീതിയിൽ നടന്നിരുന്നില്ല. ഇനി നാട്ടിലേക്ക് എങ്ങനെ പോകും എന്നറിയാതെ കൂട്ടിലിട്ട തത്തയെപ്പോലെ ഞാനും അവിടെനിന്നു. സാമ്പത്തികമായി ഞാൻ അപ്പോഴേക്കും ചിന്നഭിന്നമായിരുന്നു. അവിടുത്തെ വെള്ളത്തിനും ഭക്ഷണത്തിനും നല്ല ചിലവായിരുന്നു. അതുകൊണ്ടുതന്നെ ഒരു നേരത്തെ ഭക്ഷണം കൊണ്ട് മൂന്നുനേരം വിശപ്പടക്കാൻ ഞാൻ നിർബന്ധിതനായി. കാൽ ചുവട്ടിലെ മണ്ണ് ഒലിച്ചു പോയ അവസ്ഥ, സ്വപ്നങ്ങൾ തകർന്നടിഞ്ഞത് ഒരുവശം, മറുവശം വീട്ടിലെ ചിന്തകൾ എന്നെ വേട്ടയാടി. ഭാഗ്യം എന്നെ തുണച്ചു തിരിച്ചു പോകാനുള്ള കാര്യങ്ങളൊക്കെ അവർ ശരിപ്പെടുത്തിതന്നു കൂടെ മുംബൈയിൽ വിമാനം ഇറങ്ങുമ്പോൾ രണ്ടാഴ്ചകാലം 'ക്വാറന്റൈൻ' ഇരിക്കണമെന്ന നിർദ്ദേശവും. രണ്ട് ആഴ്ചക്കാലത്തെ ചിലവെല്ലാം വീട്ടിൽ നിന്ന് അവരയച്ചുതന്ന പൈസ കൊണ്ട് വല്ല്യ ബുദ്ധിമുട്ടില്ലാതെ പോയി. തുടർന്ന് കാലിക്കറ്റ് എയർപോട്ടിൽ എത്തി അവിടുന്ന് നേരെ ഹജ്ജ് ഹൗസിൽ മൂന്ന് ദിവസത്തെ "ക്വാറന്റൈൻ". അതുകഴിഞ്ഞ് എന്നെ കൂട്ടാൻ വരാൻ ആരും തയ്യാറായിരുന്നില്ല. പിന്നെ എന്റെ സുഹൃത്തുക്കളിൽ ഒരാൾ ഞാൻ നിൽക്കുന്ന ഇടത്ത് വണ്ടി നിർത്തിയിട്ട് പോയി. അങ്ങനെ ദീർഘദൂരത്തെ യാത്രയ്ക്കൊടുവിൽ വീട്ടിലെത്തി. അവിടെയും എനിക്കായി ഒരു മുറി ഒഴിച്ചിട്ടിട്ടുണ്ടായിരുന്നു. ഞാൻ എന്റെ യാത്രയിലുടനീളം "ആട് ജീവിതത്തിലെ" നജീബിനെ പറ്റി ഓർത്തു.ഈ കഴിഞ്ഞ കാലമത്രയും എന്റേത് ഒരു 'കൊറോണ ജീവിതവും' എന്റെ പേരാണെങ്കിലോ 'നജീബും'. ചിരിക്കാൻ തോന്നിയില്ല അതും ജീവിതമായിരുന്നു. പിന്നെ ഹെൽത്തിൽ നിന്നുള്ള നിരന്തരമായ കോളുകൾ എന്റെ മാനസിക നില തെറ്റിക്കുന്നുണ്ടായിരുന്നെങ്കിലും ഞാൻ പൂർണ്ണമായി സഹകരിച്ചു. പിന്നീടാണ് അറിയുന്നത് എന്റെ കൂടെ യാത്ര ചെയ്ത ഒരാൾക്ക് കൊറോണ സ്ഥിതീകരിച്ചിരിക്കുന്നു. അതറിഞ്ഞതും മുറ്റത്ത് നിമിഷങ്ങൾക്കുള്ളിൽ ആംബുലൻസ് ചീറിപ്പാഞ്ഞെത്തി. കേട്ടപാതി കേൾക്കാത്ത പാതി തന്റെ അയൽവാസി വാട്സ്അപ്പിൽ തനിക്ക് കൊറോണ വന്നെന്ന് നാടിളക്കി പറഞ്ഞു. എന്നെ നേരെ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിച്ചു. അവിടെ വീണ്ടും ക്വാറന്റൈൻ ഇരുത്തി. അപ്പോഴേക്ക് എനിക്ക് കൊറോണ വന്നെന്നുള്ള വാർത്ത നാടു നീളെ പരക്കാൻ തുടങ്ങി. വീട്ടുകാരെ അകറ്റിനിർത്തി അവരെയും മാനസികമായി തകർത്തു.

പെട്ടെന്നാണ് ഞാൻ ഞെട്ടി ഉണർന്നത് ദൂരെ ബാങ്ക് വിളികൾ ഉയരുന്നുണ്ട്. ഇന്ന് ഇവിടുത്തെ എന്റെ പതിനാലാം ദിവസത്തെ നിസ്കാരമാണ്. ഇത്രയും ദിവസങ്ങൾ, ഇത്രയും അനുഭവങ്ങൾ, എല്ലാം ഞാൻ എത്ര ശക്തനാണെന്ന് എന്നെ തന്നെ ഓർമിപ്പിച്ചു. നേരം ഇരുട്ടി വന്നു ആശുപത്രിയിൽ അപ്പോഴും വെളിച്ചം നിലനിന്നു. ഇന്നും ഒരുപാട് പേർ വന്നിട്ടുണ്ടെന്നാണ് കേട്ടത്. അവർക്കും പറയാനുണ്ടാവും ഒരുപാട് കഥകൾ.... ഒറ്റപ്പെടലുകൾ.... നഷ്ടങ്ങൾ... എന്ന് മനസ്സിലോർത്തു.

അങ്ങനെ ആ രാത്രി പുതിയൊരു പ്രഭാതത്തിന് വഴിമാറി. അന്നേ ദിവസം രാവിലെ നഴ്സ് ധൃതിയിൽ വന്ന് വിളിച്ചുപറഞ്ഞു " നജീബ് 27 വയസ്സ് " വീട്ടിലേക്ക് പോകാം. അതെ ഞാൻ സ്വാതന്ത്രനായിരിക്കുന്നു... ???

**Fiyas.KM**
First year
Social Science



# POSITIVE

## Be positive is the key

By Starting with positive assumptions we have a better chance of building a pleasing personality resulting in good relationships. Humility is the foundations of all virtues.It is a sign of greatness.    when people accept responsibility they are actually giving themselves promotions. Acceptance of responsibility reflects our attitude & makes our actions & Inacions truth full. Responsible behavior is  to accept credibility that at represents maturity. Being a, Social animal man ought to show consideration to his fellow being courtesy & politeness.

In onder to be postive In our thoughts, approach & way of life we have to follow the above bits of modules & make them our routine. Be a better person with positive out look, with young & sympathetk. Because some time in our life we would have been all of these ourselves. so be always positive in your life. I remind you that the mutual trust & confidence are the foundation stone of all friendship.

The actions that we have to adopt in our life are practice humility ,accept responsibility considering others and "to have a friend be a friend"



**Muhsina.P**
First year
commerce

# അധ്യാപിക എന്ന നായിക



ട്രെയിൻ സ്റ്റേഷനിൽ നിന്നും നീങ്ങി തുടങ്ങിരിക്കുന്നു. അവൾ തന്റെ തോൾ സഞ്ചിയും എടുത്ത് ജനലിന് അരികിലെ സീറ്റിൽ സ്ഥാനമുറപ്പിച്ചു പുറത്തെ കാഴ്ചയിൽ കണ്ണോടിച്ചു കൊണ്ടിരിക്കവേ തന്റെ ജീവിതത്തിൽ പുതിയ മാറ്റങ്ങൾക്ക് വഴിവെച്ച ആ കാലഘട്ടത്തെക്കുറിച്ചും അന്നവളെ നേർവഴിക്ക് നയിച്ച ആ വ്യക്തിയെക്കുറിച്ചും അവൾ വീണ്ടും ഓർത്തു.
' ഇന്നെന്നെ ഈ പുരസ്കാരത്തിന് അർഹതയാക്കിയത് ആ വ്യക്തിയാണ്.....'
അവൾ ഓർത്തു..

ശേ.... ഇന്നും വൈകിയല്ലോ......
മനസ്സിൽ എന്തൊക്കെ പിറുപിറുത്തു കൊണ്ട് അവൾ പാടവരമ്പത്ത് കൂടി വേഗതയിൽ നടന്നു നീങ്ങി...
'സ്കൂളിലെത്തുമ്പോഴേക്കും പീരിയഡ് തുടങ്ങിയിട്ടുണ്ടാവും തീർച്ച.. രണ്ടുദിവസം ക്ലാസിൽ പോകാത്തതുകൊണ്ടാകും ആരും എന്നെ ഇന്നു കാത്തുനിന്നില്ല.. എന്നാലും അമ്പിളിക്കെങ്കിലും എന്നെ ഒന്ന് വിളിക്കാമായിരുന്നു .. അവരെ പറഞ്ഞിട്ട് കാര്യല്ല അച്ഛൻ കാരണാണു വൈകിയതു '


ദൂരെ നിന്നും വടക്കോട്ട് പോകുന്ന ട്രെയിനിന്റെ ചൂളം വിളി കേൾക്കുന്നു .
കൈയ്യിന്റെ വീശൽ അൽപം കൂട്ടി കൊണ്ട്
അവൾ ആവുന്നത്ര വേഗതയിൽ ആ വീതി കുറഞ്ഞ ആ പാടവരമ്പിലൂടെ നടന്നു ചുറ്റുപാടും ഒന്നും ശ്രദ്ധിക്കാൻ അവൾക്ക് സമയം ഉണ്ടായിരുന്നില്ല , ഇനിയും വന്ന അത്രയും ദൂരം നടക്കണം സ്കൂളിലെത്താൻ.
പാടത്തെ ഞാറു നടുന്ന പെണ്ണുങ്ങൾക്കിടയിൽ ആരോ ഉറക്കെ വിളിച്ചു ചോദിക്കുന്നുണ്ടായിരുന്നു..
' എടീ ... ഗായത്രി മോളെ നീ ഇന്നും വൈകിയോ.. രണ്ടുദിവസമായി നിന്നെ വീട്ടിൽ എങ്ങും കണ്ടതേയില്ല'
കേട്ടപാതി കേൾക്കാത്ത പാതി അവൾ നടന്ന നടപ്പിൽ തന്നെ അതിനുള്ള മറുപടിയും കൊടുത്തു.
'ആ.. വൈകി.. വൈകി വല്യമ്മേ'

കുന്നിൻ ചെരുവിലെ നിരന്ന പാതയിലൂടെ ട്രെയിൻ വേഗതയിൽ പോയിക്കൊണ്ടിരിക്കുന്നു.
'ദൈവമേ സമയം പത്ത് ആയി കാണും , ഈ അച്ഛന്റെ ഒരു കാര്യം രാവിലെ ഉടുപ്പ് എല്ലാം ഇസ്തിരി ഇട്ട് തന്നിട്ടെ വിടൂ ,
ഷൊർണൂരിലേക്കുള്ള ട്രെയിനാണ് ആ പോകുന്നത് ,
ഒരിക്കൽ ഞങ്ങൾ അതിൽ കയറിയിട്ടുണ്ട് ഞാനും അച്ഛനും അബിയും അന്ന് അച്ഛൻ പറഞ്ഞിരുന്നു ഈ വണ്ടി ഷൊർണൂരേക്കാണെന്ന് '
ഞാറ് നടുന്ന പെണ്ണുങ്ങളെയും പാടങ്ങളെയും ഒരുപാട് പിന്നിലാക്കി കൊണ്ട് അവൾ സ്കൂളിന്റെ മുറ്റത്തെത്തി. പരിസരം എല്ലാം വിജനമായി കിടക്കുന്നു. അവൾ മനസ്സിൽ കരുതി ''ക്ലാസ് തുടങ്ങിക്കാണും. എന്തായാലും സാരമില്ല ഫസ്റ്റ് പീരിയഡ് ബാലൻ മാഷിന്റെ മലയാളം ക്ലാസ് ആണ്.
എനിക്ക് ഏറെ ഇഷ്ടമാണ് മാഷിന്റെ ക്ലാസ്സ്
പാടത്തിൽ നിന്നും പറ്റിപ്പിടിച്ച
ചെളിക്കാലു മായി അവൾ വരാന്തയിലേക്ക് പ്രവേശിച്ചു.
' മാഷിന്റെ ശബ്ദം ഒന്നും കേൾക്കുന്നില്ലല്ലോ'
ക്ലാസ് റൂമിൽ കയറാൻ നിന്നു. എന്തെന്നില്ലാതെ പെട്ടെന്നൊരു ഷോക്ക് അടിച്ച പോലെ അവൾ ക്ലാസിന്റെ മുന്നിൽ സ്തംഭിച്ചങ്ങനെ നിന്നു..
ക്ലാസ് റൂമിൽ നിന്നു പതിഞ്ഞ ഒരു സ്വരത്തിൽ അവളോട് ഇങ്ങനെ ചോദിച്ചു,
' കുട്ടി ഈ ക്ലാസിൽ ഉള്ളതാണോ? എന്താ ഇത്ര വൈകിയത് ? വരൂ അകത്തേക്ക് വരൂ'
അവൾ ചുറ്റുപാടും ഒന്നുകൂടി ശ്രദ്ധിച്ചു ഇതെന്റെ ക്ലാസ് തന്നെയല്ലേ?. ആണല്ലോ ടീച്ചറുടെ മറുപടിക്ക് എന്നോണം അവൾ തലയാട്ടിക്കൊണ്ട് ക്ലാസിലേക്ക് കയറി,
ബാലൻ മാഷിന്റെ പിരിയഡിൽ പുതിയ ടീച്ചർ വന്നിരിക്കുന്നു. അവൾ ടീച്ചറുടെ മുഖത്തേക്ക് ഒരു അമ്പരപ്പോടെ നോക്കിക്കൊണ്ട് ബാഗ് ഡെസ്കിൽ വെച്ച് ഫസ്റ്റ് ബെഞ്ചിൽ കയറിയിരുന്നു. ടീച്ചർ , "കുട്ടിയുടെ പേര് എന്താണ്?' .....
അവൾ ബെഞ്ചിൽ നിന്നും എണീറ്റു കൊണ്ട്
മിണ്ടാതെ കുറച്ചുനേരം ടീച്ചർ തന്നെ നോക്കി നിന്നു.... അപ്പോഴേക്കും പുറകിൽ ഇരിക്കുന്ന ഏതോ ഒരു കുട്ടി ഉറക്കെ വിളിച്ചു പറഞ്ഞു 'ടീച്ചറെ അവളുടെ പേര് ഗായത്രിന്നാ..

' ഉം .. ശരി ശരി ..കുട്ടി എന്താ ഒന്നും മറുപടി പറയാത്തത്? എന്തുകൊണ്ടാ വൈകി എത്തിയത് ?'
ഞാനാ ഇന്നു മുതൽ നിങ്ങളുടെ ക്ലാസ് ടീച്ചർ ബാലൻ മാഷിന് പകരം വന്നതാ, ഇവരെ എല്ലാവരെയും പരിചയപ്പെട്ടു കുട്ടിയുടെ പേര് ഒന്ന് പറഞ്ഞേ '
'ഗായത്രി'
ടീച്ചർ അവളുടെ തോളിൽ തൊട്ടുകൊണ്ട്
'ഗായത്രി കുട്ടി ഇനിമുതൽ നേരത്തെ വരണം. കുട്ടികൾക്ക് ആദ്യം വേണ്ടത് എന്താണ്? കൃത്യനിഷ്ഠത ,മനസ്സിലായോ അവൾ തലയാട്ടി,
'എന്നാൽ ഇരുന്നോളൂ.'
അന്നവൾ ക്ലാസിലുള്ള മറ്റ് കുട്ടികളോടൊന്നും മിണ്ടിയില്ല. ടീച്ചർ വഴക്ക് പറഞ്ഞതിലല്ല അവൾക്ക് സങ്കടം, എന്നാലും മാഷ് പോയപ്പോൾ അവൾക്ക് ഒന്നുകൂടി കാണാൻ സാധിച്ചില്ലല്ലോ എന്ന് ആലോചിച്ചിട്ട്.
മാഷേ ഒരുപാട് ഇഷ്ടമായിരുന്നു അവൾക്ക്. വൈകുന്നേരം സ്കൂൾ വിട്ടതും അവൾ കൂട്ടുകാരികളെ ഒന്നും കൂടെ പോകാതെ ധൃതിയിൽ ഒറ്റയ്ക്ക് വീട്ടിലേക്ക് പോയി.
രാത്രി പഠിക്കാനുള്ള പുസ്തകം തുറന്നു വച്ച് എന്തൊക്കെയോ ആലോചിച്ചിരിക്കുകയായിരുന്നു അവൾ
പിറ്റേദിവസവും അവൾ സ്കൂളിലേക്ക് എത്താൻ വൈകി. അന്നും ടീച്ചർ അവളോട് ഒന്ന് രണ്ട് കാര്യങ്ങൾ പറഞ്ഞു . അന്ന് രാത്രിയും അവളുടെ ആ ഒറ്റയ്ക്കുള്ള ഇരുത്തം കണ്ട് അച്ഛൻ ചോദിച്ചു,
' എന്താ മോളെ നിനക്ക് പറ്റിയത്? ഞാൻ രണ്ടുദിവസമായി നിന്നെ ശ്രദ്ധിക്കുന്നു'
'അച്ഛാ ബാലൻ മാഷ് വേറെ സ്കൂളിലേക്ക് പോയി, പകരം ഒരു ടീച്ചർ വന്നിട്ടുണ്ട്. സ്കൂളിൽ എത്താൻ വൈകിയതു കൊണ്ട് ടീച്ചർ ഇന്നലെയും ഇന്നും എന്നെ വഴക്ക് പറഞ്ഞു എനിക്കാ ടീച്ചറെ ഇഷ്ടമായില്ല. '
'ഓ ഇതാണോ കാര്യം? ഇതിനാണോ നീ ഇങ്ങനെ മുഖം വീർപ്പിച്ചിരിക്കുന്നത്. നീയല്ലേ പറഞ്ഞിട്ടുള്ളത് എനിക്കും ഒരു നാൾ ക്ലാസിലെ നമ്പർവൺ കുട്ടി ആകണമെന്ന്.
അങ്ങനെയുള്ള നീ തന്നെ ആണൊ ഈ ചെറിയ കാര്യത്തിന് സങ്കടപ്പെട്ടിരിക്കുന്നത്.
മോളെ അധ്യാപകൻ എന്ന് പറഞ്ഞാൽ
വിവരമുള്ള ഒരു കുട്ടിയെ കണ്ടെത്തി പഠിപ്പിക്കുന്നവരല്ല... ദിശാബോധമില്ലാത്തവരെ ബോധവാന്മാർ ആക്കുകയും നേരിന്റെയും അറിവിന്റെയും പാത തെളിയിക്കുകയും ചെയ്യുന്നതാണ് ശരിയായ അധ്യാപക ധർമ്മം...

ഒരു വ്യക്തിയുടെ ജീവിതത്തിൽ അയാൾക്ക് അറിവും ജീവിതവും പകർന്നു നൽകുന്നവർ എല്ലാവരും അധ്യാപകർ തന്നെയാണ്.... ആ വിദ്യാഭ്യാസം കുഞ്ഞിലെ മുതൽ തുടങ്ങുന്നു, ആദ്യം സ്വന്തം മാതാപിതാക്കളിൽ നിന്ന് പിന്നീട് സ്കൂൾ കാലഘട്ടങ്ങളിൽ സ്വന്തം അധ്യാപകരിൽ നിന്നും
ജീവിത നൈപുണ്യങ്ങൾ ഒരു നല്ല അധ്യാപകന് മാത്രമേ പഠിപ്പിക്കാൻ കഴിയൂ.
അമ്മയില്ലാത്ത മോൾക്ക് സ്വന്തം അമ്മയാണ് കാര്യങ്ങളെല്ലാം പറഞ്ഞു തരുന്നതെന്ന് ആലോചിക്കുക . ടീച്ചർ പറയുന്ന കാര്യങ്ങൾ കേൾക്കുക. ടീച്ചറെ ഇഷ്ടപ്പെടുക സ്വന്തം അമ്മയാണ് പറയുന്നതെന്ന് മനസ്സിലാക്കുക...'

അച്ഛന്റെ ഈ വാക്കുകൾ അവളുടെ മനസ്സിൽ വല്ലാതെ തറച്ചു കയറി പിറ്റേദിവസം മുതൽ അവൾ എല്ലാ കുട്ടികളും എത്തുന്നതിനു മുന്നേ ക്ലാസ്സിൽ എത്തും ടീച്ചർ പഠിപ്പിക്കുന്ന കാര്യങ്ങളെല്ലാം അതേപടി അനുസരിച്ചു കൊണ്ട് പഠിച്ചു .
അവളുടെ പല പ്രശ്നങ്ങളും ടീച്ചർ ചോദിച്ചറിഞ്ഞു അതിനുള്ള പലവിധ പരിഹാരമാർഗ്ഗങ്ങളും ടീച്ചർ ഉപദേശിച്ചു. അവൾ കൂടുതൽ ആത്മവിശ്വാസത്തോടെ പഠിക്കാൻ തുടങ്ങി.
പരീക്ഷയിൽ അവൾ കൂടുതൽ പുരോഗതി കൈവരിച്ചു. ഒരിക്കൽ അവൾ ടീച്ചറോട് പറഞ്ഞു ,
'ടീച്ചറേ ...അമ്മയില്ലാത്ത എനിക്ക് പുതിയൊരു അമ്മയെ കിട്ടിയിരിക്കുന്നു ...അതെ ഇത് എന്റെ തന്നെയാണ് എന്റെ സ്വന്തം അമ്മ.... '.അവളുടെ കണ്ണുകൾ നിറഞ്ഞു ഒഴുകി.
ടീച്ചർ അവളെ ചേർത്തുപിടിച്ചു.



അവർ തമ്മിലുള്ള ബന്ധം ഓരോ ദിവസം കഴിയുന്തോറും കൂടുതൽ വളർന്നുവന്നു .
കുറച്ചുകാലങ്ങൾ കൊണ്ട് അവൾ സ്കൂളിലെ
നമ്പർവൺ വിദ്യാർഥിയായി മാറി ടീച്ചർ അവളോട് ചോദിച്ചു
'ഗായത്രി നീ പഠിച്ചു വലുതായി ഏത് മേഖലയിൽ ജോലിചെയാനാണ്  നിനക്ക് താൽപര്യം'
'ടീച്ചറെ എനിക്കും ആകണം ഒരു ടീച്ചർ... ടീച്ചറെ പോലെ നല്ലൊരു ടീച്ചർ...'

പെട്ടെന്ന് ആരോ തന്റെ തോളിൽ തട്ടിക്കൊണ്ട്
'സ്റ്റേഷന് എത്താനായി ഇറങ്ങുന്നില്ലേ'? എന്ന് ചോദിച്ചു.
അവൾ പെട്ടെന്ന് ഞെട്ടി ഉണർന്നു. ചുറ്റുപാടും ഒന്നും നോക്കി ഇറങ്ങേണ്ട സ്റ്റേഷൻ  ആയിരിക്കുന്നു.
'എത്ര പെട്ടെന്നാണ്  കാലം  കഴിഞ്ഞു പോയത്...'
അവൾ ഇരുന്നുകൊണ്ട് ഓർത്തു.
' ഞാനിന്നൊരു ടീച്ചറാണ് അന്ന് ഞാൻ ടീച്ചറോട് പറഞ്ഞ വാക്കുകൾ ഞാനിന്ന് നിറവേറ്റി  ടീച്ചറുടെ റിട്ടയർമെന്റിന്റെ കുറച്ച് വർഷങ്ങൾക്കു മുന്നേ ടീച്ചർ സ്വന്തം നാട്ടിലേക്ക് മാറിയിരുന്നു.
അന്ന് കണ്ടതിനു ശേഷം പിന്നെ ടീച്ചർ നേരിട്ട് കണ്ടിട്ടില്ല ഇന്ന് ഞാൻ പോകുന്നത് ടീച്ചറെ നേരിട്ട് കാണാൻ വേണ്ടിയാണ്.

അധ്യാപന കാലഘട്ടങ്ങളിൽ ഞാൻ എഴുതിയ ആദ്യത്തെ രചന
'  ടീച്ചർ എന്ന നായിക ' എന്ന ചെറുകഥക്ക്   കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. ആ പുരസ്കാരം എന്റെ ടീച്ചർക്ക് സമർപ്പിക്കണം

എന്റെ ഈ  കഥാരചനയിലെ  ഏറിയ പങ്കും  ടീച്ചർ കാണിച്ചുതന്ന ജീവിതമാർഗ്ഗങ്ങളായിരുന്നു. എന്തെന്നാൽ ഒരു അധ്യാപകൻ ദൈവത്തെപ്പോലെയാണ്. ഒരു വ്യക്തിയെ സൃഷ്ടിക്കുന്നതിലും  ഒരു സമൂഹത്തെയും,  രാഷ്ട്രത്തെയും, ലോകത്തെയും സൃഷ്ടിക്കുന്നതിൽ അധ്യാപകന് വളരെ വലിയ പങ്കുണ്ട്. ടീച്ചർ തന്റെ വാക്കുകളിലൂടെയല്ല,  പ്രശംസനീയമായ പ്രവൃത്തികളിലൂടെയാണ്  എനിക്ക് അറിവ് പകർന്നത്. ടീച്ചർ എന്നെ ഉപദേശിച്ചിട്ടില്ല, പക്ഷേ ആ വ്യക്തി എനിക്ക് ജീവിച്ചു കാണിച്ചുതന്നു, അതിനെയാണ് അധ്യാപക തന്ത്രങ്ങൾ എന്ന് വിളിക്കുന്നത്. എന്റെ ടീച്ചർ എനിക്കൊരു അമ്മയായിരുന്നു, ഒരു നല്ല സുഹൃത്തായിരുന്നു, ഒരു വഴി കാട്ടിയിരുന്നു.. എന്നെ ഞാനക്കിയ എന്റെ ദൈവം...

ഒരു നെടുവീർപ്പോടെ ട്രെയിൻ സ്റ്റേഷനിൽ എത്തുന്നതും കാത്ത് അവൾ വാതിൽനരികിൽ നിന്നു.

**Sreena.A**
Second year
Physical science



# Ever flaming

Woke upon a sudden call !
the burdened Soul added her tumult
Someone is there ,
Face unseen....
A shrieky night's call
Murmuring flies
Restless crickets
Sleepy python
Thursty Wolf and drooling dogs
Tiresome  thoughts wander somewhere
It aches, swells and it bleeds...
Go Ahead....Go....
Somebody Consoled !
But face unseen,
Chained thoughts are dragging behind
broken memories crying aloud
Withered dreams are still haunting
am tired, she muttered
Hope never lost, looking forward
The scuffled souls are waiting
Awaiting a Fairy tale.....

**Sahla kp**
First year
English



# നാണയത്തുട്ട്

ധൃതി പിടിച്ചാണ് അന്നവൾ വീട്ടിൽ നിന്നിറങ്ങിയത്. സാധാരണ ടൗണിലേക്ക് പോകാറുള്ള ബസ്സും കടന്നുപോയി. പെട്ടെന്നാണവൾക്ക് അവിടേക്കുള്ള ഒരു ഓട്ടോ കിട്ടിയത്. ടൗണിൽ എത്തിയതും ചാടിയിറങ്ങി കൈയ്യിൽ കരുതിയ നാണയത്തുട്ടുകൾ ഡ്രൈവർക്ക് നൽകി അവൾ നടന്നകന്നു.

അൽപസമയത്തിനു ശേഷമാണ് തന്റെ മുന്നിലേക്കൊരു കൈ നീണ്ടുവരുന്നതായി അവളറിഞ്ഞത്. എന്താണ് സംഭവിക്കുന്നതെന്ന് അറിയുന്നതിന് മുന്നേ തന്നെ,ആ മനുഷ്യൻ തന്റെ കൈയ്യിലിരുന്ന നാണയം അവൾക്ക് നൽകിക്കൊണ്ട് പറഞ്ഞു ' ഓട്ടോ ക്യാഷ് മൂന്ന് രൂപ കൂടുതലാണ് തന്നത്. ഇത് പിടിക്കി'. നന്മയുടെ കരങ്ങൾ വച്ചുനീട്ടിയ ആ നാണയത്തുട്ടുകൾ യാന്ത്രികമായി വാങ്ങി, അതിലേക്കവൾ അത്ഭുതത്തോടെ നോക്കി. വെറുമൊരു ചില്ലറയുടെ പേരിൽ തന്നെ തേടി വന്നിരിക്കുന്നു. അവൾക്കത് വെറും മൂന്നു രൂപയായിരുന്നില്ല., ഇനിയും വറ്റാത്ത കരുതലിന്റെ, സത്യസന്ധതയുടെ, തിരിച്ചറിവിന്റെ നാണയത്തുട്ടുകളാ യിരുന്നു.
കൃതജ്ഞതയോടെ അയാളെ ഒന്ന് നോക്കാൻ പോലും അവൾക്ക് കഴിഞ്ഞില്ല. അതിനു മുന്നേ തന്നെ അയാളകന്നു കഴിഞ്ഞിരുന്നു. നന്മയുടെ കരങ്ങളേന്തിയ ആ മനുഷ്യൻ.!

**RUSAINA P**
Second year
Social Science



# പുസ്തകങ്ങൾ



വിജ്ഞാനത്തിന്റെ കലവറകളാണ് പുസ്തകങ്ങൾ. അവ അറിവിന്റെ അക്ഷയപാത്രങ്ങളും ഭാവനാ നിർഭരമായ ആശയസ്രോതസ്സുകളുമാണ്. ഒരു മനുഷ്യന്റെ വ്യക്തിത്വ വികാസത്തിലും ഒരു സമൂഹത്തിന്റെ സാംസ്കാരിക പുനരുദ്ധീകരണത്തിലും നിർണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന മായാജാലങ്ങളുമാണവ.

പുസ്തകങ്ങളിലൂടെ സഞ്ചരിച്ച് വളർന്ന ആളുകളാണ് ഇന്ന് നമ്മുടെ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ള വരെല്ലാവരുമെന്നത് നമുക്ക് കാണാൻ കഴിയും. പുസ്തക വായനയുടെ ഗുണങ്ങൾ അനേകമാണ്. മലയാളികളുടെ പ്രിയ കവി "കുഞ്ഞുണ്ണി മാഷ് " വായനയെ വിശേഷിപ്പിച്ചത് നമുക്കറിയാം. അദ്ദേഹം പറഞ്ഞു:"വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും". നമ്മുടെ മുൻ മുഖ്യമന്ത്രിയായ സി.എച്ച് മുഹമ്മദ് കോയ കുട്ടികളോടായി ഉദ്ഘോഷിച്ചു: "വായിക്കൂ, വായിക്കൂ..... വീണ്ടും വായിക്കൂ...". മഹാന്മാരായ നമ്മുടെ മുൻ തലമുറയുടെ ഇത്തരം വചനങ്ങൾ വായനയുടെ പ്രാധാന്യം നമ്മെ ഓർമ്മിപ്പിക്കുന്നു. വായനയിലൂടെ വിശാലമായ, വൈവിധ്യമാർന്ന ഈ ലോകത്തെ കുറിച്ച് തെളിച്ചമാർന്ന ഒരു കാഴ്ചപ്പാടുണ്ടാക്കാൻ മനുഷ്യന് സാധിക്കുന്നു. ചരിത്രം വായിക്കുന്നതിലൂടെ ഒന്നുമില്ലായ്മയിൽ നിന്നും ഇന്നത്തെ ആധുനിക ലോകത്തേക്കുള്ള മനുഷ്യ സഞ്ചാരം നമുക്ക് വീക്ഷിക്കാനാകുന്നു. അവർ അഭിമുഖീകരിച്ച ബുദ്ധിമുട്ടുകളും നടന്നു തീർത്ത ദുർഘട പാതകളും നമുക്ക് ദർശിക്കാനാകുന്നു. അതിലെ വീഴ്ചകളും വിജയങ്ങളും കാണാനാ വുകയും പാഠങ്ങൾ ഉൾക്കൊണ്ട് പുതിയൊരു ലോക സൃഷ്ടിപ്പിന് സഹായകമാകാനും സാധിക്കുന്നു. ഇപ്രകാരം തന്നെ ആത്മകഥകളും ജീവചരിത്രങ്ങളും നമ്മെ സ്വാധീനിക്കുന്നു. സാമൂഹ്യശാസ്ത്രപരമായ വായന നമ്മെ ഉത്തമരായ സാമൂഹിക ജീവികളാ ക്കുകയും നമ്മുടെ പരിസ്ഥിതിയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാനും പ്രാപ്തരാക്കുന്നു. വിശ്വവിഖ്യാതനായ ചിന്തകനും എഴുത്തുകാരനുമായ "ഫ്രാൻസിനട് ബേക്കൺ" തന്റെ ഗ്രന്ഥമായ "ഓഫ് സ്റ്റഡീസിൽ" വായനയെയും അതിന്റെ ഗുണങ്ങളെയും മനോഹരമായി പ്രതിപാതിക്കുന്നത് നമുക്ക് കാണാം. ഓരോ വിഭാഗത്തിൽ പെടുന്ന പുസ്തകങ്ങൾക്കും അതിന്റേതായ ധർമ്മം നിർവഹിക്കാനുണ്ട്. ഗണിതശാസ്ത്രമായാലും, ഭൗതികശാസ്ത്രമായാലും, രസതന്ത്രമായാലും, ഊർജ്ജതന്ത്രമായാലും, സാഹിത്യമായാലും വായിക്കുന്നത് എന്താണെങ്കിലും അതിന് അതിന്റേതായ മാഹാത്മ്യം ഉണ്ടെന്നത് നമുക്കീ പുസ്തകത്തിൽ നിന്നും വായിച്ചറിയാനാകും. നാം വായിക്കുന്നത് സാഹിത്യകൃതികൾ ആണെങ്കിൽ പോലും അത് ആസ്പദമാക്കിയ സ്ഥലത്തെ കുറിച്ചുള്ള വ്യക്തമായ ചിത്രവും എഴുത്തുകാരന്റെ ജീവിത

രീതികൾക്കതിലുള്ള സ്വാധീനവും വ്യത്യസ്ത മനുഷ്യർക്ക് വ്യത്യസ്ത കാര്യങ്ങളെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളും നമുക്കറിയാനാകുന്നു.

ഒരേ കാര്യത്തെ വ്യത്യസ്ത ചിന്താകോണിൽ നിന്നും ദർശിക്കാൻ പ്രാപ്തരാകുന്നത് വഴി ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനെളുപ്പമാകുന്നു എന്നതാണ് വായനയുടെ മറ്റൊരു ഗുണം. വായിക്കാത്ത ഒരാൾക്ക് ലോകത്തിന്റെ അപൂർണ്ണമായ ചിത്രം മാത്രമേ കാണാൻ കഴിയുകയുള്ളൂ. എങ്കിൽ വായനാശീലമുള്ള ഒരാൾ ഒരു ലോക സഞ്ചാരിയെ പോലെ അനുഭവ സമ്പത്തുള്ളയാളാകും. വായിക്കാത്ത ആൾ കെട്ടിക്കിടക്കുന്ന ഒരു ജലസ്രോതസ്സാണെങ്കിൽ വായിക്കുന്ന ഒരാൾ ഒഴുകുന്ന നദിയാണ്.

നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ കാലഘട്ടത്തിൽ, സാമൂഹിക മാധ്യമങ്ങൾ അരങ്ങ് തകർക്കുമ്പോൾ മനുഷ്യ സമൂഹം പുസ്തക ശീലങ്ങളിൽ നിന്നും തിരിച്ചു നടക്കുന്നുണ്ടോ എന്നത് നമ്മെ ഓരോരുത്തരേയും ആശങ്കാകുലരാക്കുന്ന കാര്യമാണ്. ഒരു ഞൊടിയിടയിൽ ലോകത്താകമാനമുള്ള വിജ്ഞാനങ്ങൾ വിരൽത്തുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ വായനയെന്തിന് എന്ന് പുതുതലമുറ ചോദ്യമുന്നയിക്കുന്നു. എല്ലാവരും ഇന്ന് സാമൂഹിക മാധ്യമങ്ങളുടെ മായാലോകത്താണ്. ആളുകൾ വ്യക്തി താത്പര്യാർത്ഥം പടച്ചുവിടുന്ന ഭാവനാ ലോകമാണ് യാഥാർത്ഥ്യം എന്ന മിഥ്യാധാരണയിലാണ് താനും തന്റെ ഒരിക്കലും കാണാത്ത ശ്രവിക്കാത്ത സുഹൃത്തുക്കളുമടങ്ങുന്ന ചെറിയ കുമിളകൾക്കുള്ളിൽ ബന്ധിതരാണ്. അവർക്ക് സമയം ലഭിക്കുന്നില്ല എന്നതാണ് അല്ലെങ്കിൽ ലഭ്യമായ സമയവും അവസരങ്ങളും മന:പ്പൂർവം കണ്ടില്ലെന്നു നടിക്കുകയാണ്, നശിപ്പിച്ചു കളയുകയാണ്. ഒഴിവുസമയങ്ങൾ കായികാധ്വാനത്തിൽ ചിലവഴിച്ചു കഴിഞ്ഞാൽ പുസ്തകങ്ങളിലേക്ക് ഗാഢമായി ഊളിയിട്ടിരുന്നു. അതിന്റെ ചിന്താലോകത്ത് വിഹരിച്ചിരുന്ന യുവതയെ നമുക്ക് നഷ്ടമായിരിക്കുന്നു. പകരം ഇന്നിവിടെ വളർന്നു വരുന്നത് വായനയില്ലാതെ മുരടിച്ച നിർമിത ബുദ്ധിക്ക് (ആർട്ടിഫിഷ്യൽ ഇന്റലിജിൻസിന് ) ബുദ്ധി പണയം വച്ച പുതു ബാല്യങ്ങളാണ്. ഈയൊരവസരത്തിൽ യുവ സംരംഭകനും ധനാഢ്യനുമായ "ഇലോൺ മസ്കിന്റെ" വാക്കുകൾ നമ്മളോർക്കണം: "വരാനിരിക്കുന്നത് ഒന്നുകിൽ പ്രതീക്ഷയുടെ ലോകമാണ്, അല്ലെങ്കിൽ നാശത്തിന്റെ കാലഘട്ടമാണ് ".

ഈ ഉപഭോക്തൃ വർത്തമാന യുഗത്തിൽ ശുഭപ്രതീക്ഷ നൽകുന്ന കാര്യമെന്തെന്നാൽ സാമൂഹിക മാധ്യമങ്ങളിലൂടെ തന്നെ വായനയുടെ ലോകത്തേക്ക് വഴി തിരിച്ചുവിടാനുള്ള ചില ശ്രമങ്ങളാണ്. അത് അഭിനന്ദാർഹവുമാണ്. ചില ആപ്പുകളിലൂടെ പുസ്തകങ്ങൾ കേൾക്കാൻ കഴിയുന്നത് ഈ തിരക്കേറിയ ജീവിതത്തിൽ പുസ്തക വായന ലളിതമാക്കുന്നു. ഏതു പുസ്തകങ്ങളും ഓൺലൈനിലൂടെ ലഭ്യമാകുന്നു എന്നത് വായനയെ എളുപ്പമാക്കുകയും ചെയ്യുന്നു. ആരോഗ്യ പ്രശ്നങ്ങൾ മാറ്റി നിർത്തിയാൽ ഇത്തരം പരീക്ഷണങ്ങൾ ശുഭസൂചകമാണ്. ഏതുവിധേനയായാലും ഏതൊക്കെ മാർഗങ്ങൾ അവലംബിച്ചാലും വളർന്നുവരുന്ന കുരുന്നുകളിൽ വായനയുടെ വിത്തുകൾ പാകാന് നമുക്കാകണം. പുസ്തക വസന്തങ്ങൾ തീർക്കാൻ നമുക്ക് സാധിക്കണം.





പുതിയ കുട്ടികൾക്ക് പെരുമാറാൻ അറിയില്ലെന്ന് വിലപിക്കുന്നവരുണ്ട് പക്ഷേ, കറുപ്പും കഷണ്ടിയും ലിംഗവും ഭാഷയുമൊന്നും കളിയാക്കപ്പെടേണ്ടതില്ല എന്ന് അവർക്കറിയാം..
ഓരോരുത്തരുടെ താല്പര്യം എന്നൊന്ന് ഉണ്ടെന്നും അത് വിലയുള്ള ഒരു കാര്യമാണെന്നുമുള്ള പഴയ തലമുറക്ക് - ഒട്ടുമറിയാത്ത കാര്യവും അവർക്കറിയാം
നൂല് പൊട്ടിക്കാൻ സാധ്യതയുള്ള പട്ടങ്ങളെ പണ്ടേ നമുക്ക് ഭയമാണല്ലോ
ഈ പുത്തൻ പട്ടങ്ങൾ നൂലില്ലാപ്പട്ടങ്ങളാണ്.
അവ അവരുടെ ഇഷ്ടത്തിന് പറന്നുപോകുന്നു..
ഏതെങ്കിലും മരക്കൊമ്പിൽ കുരുങ്ങിപ്പോയാലും കുരുത്തം കെട്ട പട്ടത്തിന്റെ കാറ്റുപോയെന്ന് ദു:ഖിക്കേണ്ട.
ഉള്ളം കൊണ്ട് പറക്കാനറിയുന്നവർ ഒരിടത്തിരുന്നാലും മതി.
അതവർക്കറിയാം.

**SHANILA .A**
Second year
Commerce



# ANNUAL REPORT OF THE COLLEGE UNION COUNCIL 2022-23

## EMEA TRAINING COLLEGE

### KONDOTTY

മലബാറിന്റെ ചരിത്ര ഭൂമികയിൽ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ സൂര്യ തേജസോടെ തിളങ്ങി നിൽക്കുന്ന **EMEATC** അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

2022-23 അക്കാദമിക വർഷത്തിൽ ചെയർപേഴ്സൺ അസി സബ്ജാന്റെ നേതൃത്വത്തിൽ നിലവിൽ വന്ന യൂണിയന് തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വത്തിന്റെ ഗൗരവം മനസ്സിലാക്കി പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മറ്റു ട്രൈനിങ് കോളജുകളിൽ നിന്നും വ്യത്യസ്തമായി കലാകായിക മേഖലകളിലും മികവ് തെളിയിക്കാനും, മാതൃകയാകാനും ഇ.എം.ഇ.എ. ട്രെയിനിംഗ് കോളേജിന് കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ വർഷത്തെ യൂണിയൻ റിപ്പോർട്ട് ഞങ്ങൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നത്.

വിദ്യാഭ്യാസ ദാഹികളായ വിദ്യാർത്ഥി സമൂഹത്തിൻറെ പരിപൂർണ്ണ പിന്തുണയോടെ തീർത്തും ജനാധിപത്യ രീതിയിൽ 2022 നവംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ അധ്യാപക വിദ്യാർഥികളെ പ്രതിനിധീകരിക്കാൻ അവസരം ലഭിച്ചത് ഇവർക്കാണ്.

| | | |
|---|---|---|
| Chairperosn | - | **Asi Sabjan. V. P** |
| Vice Chairperosn | - | **Amrutha. P** |
| General Secretary | - | **Mohammed Rahees K** |
| Joint secretary | - | **Suhada Sherin. P. K** |
| UUC | - | **Daheen Rasheed. M** |
| Fine Arts secretary | - | **Archana. K** |
| Student Editor | - | **Rinshidha. V** |
| General captain | - | **Ansal Muhammed** |

## DETAILED REPORT OF THE ACTIVITIES

### 1. സത്യപ്രതിജ്ഞ

EMEA ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ഖാദർ സാറിന്റെ അധ്യക്ഷതയിൽ എല്ലാ യൂണിയൻ ഭാരവാഹികളും സത്യപ്രതി പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. തുടർന്ന് ഭാവി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പരിപാടികളുടെ രൂപരേഖ തയ്യാറാക്കുന്നതിനും യൂണിയൻ അഡ്വൈസർ ഷാഫി സാറിൻറെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി.

### 2. ഫിഫ ഷൂട്ടൗട്ട്

നവംബർ 18ന് ഫിഫ വേൾഡ് കപ്പ് ഫുട്ബോൾ മത്സരവുമായി ബന്ധപ്പെട്ട് അധ്യാപക വിദ്യാർത്ഥികൾക്കായി ഷൂട്ടൗട്ട് മത്സരം നടത്തി.

## 3. യൂണിയൻ ഉദ്ഘാടനം

കോളേജ് യൂണിയൻ ഉദ്ഘാടനം ബഹു. പി. കെ ബഷീർ എം.എൽ.എ. 2022 നവംബർ 30ന് ഔദ്യോഗികമായി നിർവഹിച്ചു. ഭാവിയിൽ നല്ല അധ്യാപകർ ആകാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് യൂണിയൻറെ ഭാഗത്തുനിന്നും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

കോളേജ് മാനേജർ ബഹു. പാലത്തിങ്ങൽ ബാപ്പു, പ്രശസ്ത വയലിനിസ്റ്റ് റെനീഷ് നാരായണൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. ചെയർപേഴ്സൺ അസി സബ്ജാന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ പ്രിൻസിപ്പൽ അബ്ദുൽ ഖാദർ പറമ്പാട്ടിൽ, ഷാഫി. കെ, മായ. പി.വി, ചന്ദ്രൻ നായർ. എം.എൻ എന്നിവർ പ്രസംഗിച്ചു.

ഹഫ്സ ടീച്ചർ ,ദഹിൻ റഷീദ് എന്നിവർ ആശംസകൾ അറിയിച്ചു.യൂണിയൻ ജനറൽ സെക്രട്ടറി മുഹമ്മദ് റഹീസ് സ്വാഗതവും ജോയിൻ സെക്രട്ടറി സുഹാത ഷെറിൻ നന്ദിയും പറഞ്ഞു.

## 4. FIFA final score prediction

ഫിഫ ഫൈനൽ ഫുട്ബോൾ മത്സരവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായി FIFA FINAL SCORE PREDICTION മത്സരം സംഘടിപ്പിച്ചു.

## 5. ക്രിസ്തുമസ് പുതുവത്സരാഘോഷം

2022 ലെ ക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട് ഡിസംബർ 23ന് കേക്ക് മുറിച്ചും വിതരണം ചെയ്തും യൂണിയൻ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

സദസ്സിനെ കയ്യിലെടുത്ത സാന്താക്ലോസും വിദ്യാർത്ഥികൾ നിർമ്മിച്ച പുൽക്കൂടും ആഘോഷത്തിന് മാറ്റ് കൂട്ടി. ന്യൂയർ ഫ്രണ്ടിനെ തെരഞ്ഞെടുക്കുകയും സമ്മാനങ്ങൾ പരസ്പരം കൈമാറുകയും ചെയ്തു പുതുവത്സരാഘോഷം അവിസ്മരണീയമാക്കി.

## 6. റിപ്പബ്ലിക് ദിനം

ഭാരതത്തിന്റെ 73-ാം റിപ്പബ്ലിക് ദിനം യൂണിയൻ വിപുലമായി ആഘോഷിച്ചു. രാവിലെ നടന്ന പരേഡിൽ വിദ്യാർത്ഥികളും യൂണിയൻ ഭാരവാഹികളും അണിനിരന്നു. ദേശഭക്തി ആലാപനവും പായസവിതരണവും നടത്തി.

## 7. വാലന്റൈൻസ് ഡേ

വാലന്റൈൻസ് ഡേ ദിനത്തോട് അനുബന്ധിച്ച് ഫെബ്രുവരി 14ന് യൂണിയൻ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 'മുഹബ്ബത്ത് കാ വത്തക്ക' എന്ന പേരിൽ തയ്യാറാക്കിയ വത്തക്ക വെള്ളം പരിപാടിയുടെ മാറ്റുകൂട്ടി.

## 8. Game's and Athletics

2023ലെ Games and Athletics ഫെബ്രുവരി 2 മുതൽ മാർച്ച് 9 വരെ സംഘടിപ്പിച്ചു. ചെസ്സ്, ആം റെസ്ലിംഗ്, ബാഡ്മിന്റൺ, ത്രോ ബോൾ, കബഡി, ഫുട്ബോൾ തുടങ്ങിയ ഗെയിംസ് ഇനങ്ങൾ മാർച്ച് ആദ്യവാരത്തോടെ സംഘടിപ്പിച്ചു. അത്ലറ്റിക് മീറ്റ് 'ഉർമാരി 2k23' മാർച്ച് 9-ന് കോളേജ് ഗ്രൗണ്ടിൽ നടന്നു. കുമ്മിണിപ്പറമ്പ് പോലീസ് സ്റ്റേഷൻ SI ശ്രീ P.Shibu ഉദ്ഘാടനം ചെയ്തു. Free style footballer റിസ്വാൻ മുഖ്യാതിഥിയായിരുന്നു. വിവിധ ഇനങ്ങളിൽ നടന്ന വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ റെഡ് ഹൗസ് ഒന്നാം സ്ഥാനവും, ഗ്രീൻ ഹൗസ് രണ്ടാം സ്ഥാനവും നേടി. മികച്ച പ്രകടനം കാഴ്ച്ചവെച്ച ഉസ്നുൽ മുബാറക്കും, ബാസിലയും വ്യക്തിഗത ചാമ്പ്യന്മാരായി.

## 9. She Star

മാർച്ച് 8-ന് വനിതാ ദിനത്തോടനുബന്ധിച്ച് യൂണിയന്റെ നേതൃത്വത്തിൽ "she star" പരിപാടി സംഘടിപ്പിച്ചു. ക്വിസ് മത്സരം, ടാലന്റ് ടെസ്റ്റ്, പദപ്രശ്നം പരിഹരിക്കൽ, Perosnality test എന്നീ 4 ഘട്ടങ്ങളിലായാണ് മത്സരം സംഘടിപ്പിച്ചത്. വിവിധ ഘട്ടങ്ങളിൽ മുന്നേറി നാച്ചുറൽ സയൻസ് വിദ്യാർഥിനി ആയിഷ റഫ്നീം EMEA ട്രെയ്നിംഗ് കോളേജിന്റെ 2023ലെ she Star ആയി തിരഞ്ഞടുക്കപ്പെട്ടു. പ്രിൻസിപ്പാൾ വിജയിയെ പ്രഖ്യാപിച്ചു. അരുൺ കുമാർ. പി.കെ, ലൗലി വി.ആർ, ചന്ദ്രൻ നായർ. എം.എൻ എന്നിവർ വിധികർത്താക്കളായി.

## 10. ആർട്സ് ഫെസ്റ്റ്– കൽഹാര 2k23

2023 -ലെ കോളേജ് യൂണിയൻ ആർട്സ് ഫെസ്റ്റ് കൽഹാര- 2k23 മാർച്ച് 16,17 തിയ്യതികളിലായി സംഘടിപ്പിച്ചു. പരിപാടി യുവ നടനും സംവിധായകനുമായ ശ്രീ. മുസ്തഫ ഉദ്ഘാടനം ചെയ്തു. ചെയർപേഴ്സൺ അസി സബ്ജാന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജനറൽ സെക്രട്ടറി മുഹമ്മദ് റഹീസ് കെ. സ്വാഗത പ്രസംഗം നടത്തി. കോളേജ് പ്രിൻസിപ്പാൾ ശ്രീ. അബ്ദുൽ ഖാദർ പറമ്പാട്ട്, അധ്യാപകർ ശ്രീ. ചന്ദ്രൻ നായർ, ശ്രീമതി മായ പി.വി. എന്നിവർ സംസാരിച്ചു. ഫൈൻ ആർട്സ് സെക്രട്ടറി അർച്ചന. കെ നന്ദി അറിയിച്ചു.

ഫൈൻ ആർട്സിന്റെ സ്റ്റേജിതര മത്സരങ്ങൾ ഫെബ്രുവരി ആദ്യവാരം മുതൽ സംഘടിപ്പിച്ചിരുന്നു. വർണാഭമായ വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ഗ്രീൻ ഹൗസ് ഒന്നാം സ്ഥാനവും, റെഡ് ഹൗസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കലാതിലമായി നാച്ചുറൽ സയൻസ് വിദ്യാർഥി സംഗീത. എസ്, കലാ പ്രതിഭയായി ഇംഗ്ലീഷിലെ അസി സബ്ജാൻ, സർഗ പ്രതിഭയായി ഇംഗ്ലീഷിലെ ഫിദ ഇഷാഖ്, ചിത്ര പ്രതിഭയായി ഇംഗ്ലീഷിലെ നഫ്ല ഷെറിൻ. ഇ എന്നിവരെ തിരഞ്ഞെടുത്തു.

## 11. ഇഫ്താർ സംഗമം

മതസൗഹാർദത്തിന്റെയും ത്യാഗസ്മരണകളുടെയും സന്ദേശം ഉണർത്തി കൊണ്ട് ഒരുമയുടെ മാഹാത്മ്യം വിളിച്ചോതി 2023 ഏപ്രിൽ 5-ന് ഇഫ്താർ മീറ്റ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ശ്രീ. അബ്ദുൽ ഖാദർ പറമ്പാട്ട് വിദ്യാർത്ഥികൾക്ക് റമസാൻ സന്ദേശം നൽകി. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം വിളിച്ചോതിയ സംഗമത്തിൽ അധ്യാപകരും വിദ്യാർഥികളും പങ്കെടുത്തു.

# വാനമ്പാടികൾ

## കൂടൊരുക്കുന്നു.....

ആ ദിനങ്ങളെ അങ്ങനെയങ്ങ് മറക്കാനാകുമോ..? ഒരു കൂട്ടം വാനമ്പാടികൾ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പരസ്പര സഹകരണത്തിന്റെയും സഹന ജീവിതത്തിന്റെയും കൂടൊരുക്കിയ ദിനങ്ങൾ.ഈ ദിവസങ്ങൾ ഞങ്ങൾ എണ്ണി എണ്ണി കാത്തിരിക്കുകയായിരുന്നു.

2023 ജനുവരി 12,13,14,15 ദിവസങ്ങളിലായി 'വാനമ്പാടികൾ കൂടൊരുക്കുന്നു' എന്ന നാമം ചാർത്തിയ ഞങ്ങളുടെ സഹവാസ ക്യാമ്പ് നടന്നു. കലയും പ്രകൃതിയും എന്നതായിരുന്നു ക്യാമ്പിന്റെ പ്രമേയം.

9.30 മുതൽ 4.30 വരെ ബെല്ലിന്റെ നാദങ്ങൾ ഇല്ലാതെ ഒരു ബന്ധനങ്ങളും ഇല്ലാതെ മൂന്ന് ദിവസം ഞങ്ങൾ സഹവാസത്തിന്റെ ലോകത്ത് തകർക്കുകയായിരുന്നു. സൽമ രചിച്ച സുന്ദരമായ ക്യാമ്പ് സോങ് മൈക്കിൽ മുഴങ്ങിയപ്പോൾ തന്നെ ക്യാമ്പിന്റെ ആവേശം ഞങ്ങളുടെ സിരയിൽ കയറിയിരുന്നു.

പ്രിൻസിപ്പാൾ അബ്ദുൽ ഖാദർ സർ ,IQAC കോഡിനേറ്റർ ചന്ദ്രൻ സർ, ഷാഫി സാർ, സ്റ്റാഫ് സെക്രട്ടറി മായ ടീച്ചർ ചെയർമാൻ അസി സബ്ജാൻ, കോർഡിനേറ്റർ സീസ് മിസ് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മുഖ്യാതിഥിയായി എത്തിയ ഡോക്ടർ പ്രമോദ് പി കെ ബാലകൃഷ്ണൻ സാർ തിരഞ്ഞെടുത്ത ഉദ്ഘാടക ഹംദയുടെ മഹനീയ കരങ്ങളാൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. കൺവീനർമാരായ അൻസലും സുബിഷയും സന്നിഹിതരായിരുന്നു. ആശംസകളുടെ മാലപ്പടക്കത്തിന് തീ കൊളുത്തി ശരീഫ് സാറും മറ്റു അധ്യാപകരും.

ക്യാമ്പിന്റെ ആദ്യ പരിപാടിയായ 'മഞ്ഞുരുക്കൽ' വാനമ്പാടികളുടെ മനസ്സിലെ മഞ്ഞുരുക്കിക്കൊണ്ട് മുന്നോട്ടുപോയി.

കോളേജിലെ പ്രധാന പണ്ടാരികളായ ഹംനയുടെയും റാഷിദയുടെയും വിയർപ്പിന്റെ ഉപ്പ് രസവും കാലങ്ങളായി കഴുകാത്ത കൈകളും കൂട്ടിച്ചേർന്ന് തയ്യാറാക്കിയ ഭക്ഷണവും പ്രതീക്ഷിച്ചു ഭക്ഷണശാലയിലേക്ക് പ്രവേശിച്ചപ്പോൾ തികച്ചും വ്യത്യസ്തമായി സ്വാദിഷ്ഠമായ വിഭവങ്ങൾ ആയിരുന്നു ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്.

ഹുസ്നുൽ മുബാറക്കിന്റെയും എംസി മോജോയുടെയും കൊടും തമാശകളെ അതിജീവിച്ചുകൊണ്ട് ഞങ്ങൾ ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു.പലരും ഭക്ഷണത്തെ ആക്രമിക്കുക തന്നെ ചെയ്തു. സീനുവിന്റെ വായിലൂറിയ വെള്ളം കണ്ട് അന്തംവിട്ട മുൻസിന, റംഷീദ, ആസിഫ, ഫർസാന എന്നിവർ സഹകരണ മനോഭാവത്തോടെ മുന്നോട്ടുവന്നുകൊണ്ട് ക്യാമ്പിന്റെ പ്രധാന ലക്ഷ്യം പൂർത്തീകരിച്ചു.

ഉച്ചയൂണിന് ശേഷം ഉച്ചമയക്കത്തിന്റെ ആലസ്യത്തിൽ ആയിരുന്ന ഞങ്ങളെ ഒച്ചയെടുത്തു വിളിച്ചുകൂട്ടി എന്റർടൈമെന്റ് കമ്മിറ്റി തങ്ങളുടെ അടവുകൾ പുറത്തെടുത്തു.അവർ ഞങ്ങളെ വിവിധ ഗ്രൂപ്പുകൾ ആക്കി വ്യത്യസ്ത സന്ദർഭങ്ങളെ നാടക രൂപത്തിൽ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടു. അഭിനേതാക്കളും അഭിനേത്രികളും സ്വയം മറന്നു നടനമാടി.

എന്റർടൈൻമെന്റ് കമ്മിറ്റിയുടെ തടവിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കിയത് Inclusive Education എന്ന വിഷയത്തെ സംബന്ധിച്ച് സംവദിക്കാൻ എത്തിയ ദിശ ഫൗണ്ടറും റിസർച്ച് സ്കോളറും ആയ ദിനു വെയിൽ സർ ആണ്. 'ഉള്ളറിയാം ഉൾക്കൊള്ളാം' എന്ന വേറിട്ട സെഷനിൽ സങ്കീർണമായ ഒരു വിഷയത്തെ മടുപ്പിക്കാതെ ഏറെ നേരം വളരെ രസകരമായി കളിയിലൂടെയും ചിരിയിലൂടെയും ചോദിച്ചും ചിന്തിപ്പിച്ചും അദ്ദേഹം ഞങ്ങളിലേക്ക് എത്തിച്ചു.

ഉറങ്ങിക്കിടന്ന കലാപ്രതിഭകളെ ആട്ടിയുണർത്താനും ചിതലരിച്ച ചിന്താഗതികളെ മാറ്റിയെടുക്കാനും ലളിതമായ തൻറെ അവതരണ ശൈലിയിലൂടെ അദ്ദേഹത്തിന് സാധിച്ചു. ക്ലാസിന്റെ ഉത്സാഹത്തിൽ സൂര്യൻ പടിഞ്ഞാറിൽ ഒളിച്ചത് പോലും ഞങ്ങൾ അറിഞ്ഞില്ല.

സലാം പറഞ്ഞുകൊണ്ട് കയറി വന്ന ഫറൂഖ് ട്രെയിനിങ് കോളേജിന്റെ പ്രിൻസിപ്പാൾ ഡോക്ടർ മുഹമ്മദ് സലീം സാറിൻറെ തികച്ചും അക്കാദമിക്കായ ഒരു ക്ലാസ് പ്രതീക്ഷിച്ച വാനമ്പാടികളെ കാത്തിരുന്നത് വിഭവസമൃദ്ധമായ ഒരു കലാവിരുന്നായിരുന്നു. അദ്ദേഹം വൈവിധ്യമേറിയ മാപ്പിളപ്പാട്ടിൻ ഈരടികളുമായി ഞങ്ങളിൽ ഒരാളായി മാറി.ഈണങ്ങളിലൂടെയും വരികളിലൂടെയും ജീവിതത്തിൻറെ മൂല്യങ്ങളെയും ജീവിതത്തിൽ വിദ്യാഭ്യാസത്തിൻറെ പ്രാധാന്യത്തെയും സംബന്ധിച്ചു ഞങ്ങൾക്ക് പകർന്നു തന്നു.

അരമണിക്കൂർ നേരത്തെ ഭക്ഷണത്തിന്റെ ബഹളത്തിനുശേഷം എല്ലാവരും മഞ്ഞ മഞ്ഞ ബൾബുകൾ കൊണ്ട് അലങ്കരിച്ച ചർച്ചമുക്കിൽ ഒരുമിച്ചുകൂടി. മോക്ക് പാർലമെൻറ്- ഇനി ആ പരിപാടിക്ക് ഈ പേരിടാൻ മടിക്കും ഇതിൻറെ ആസൂത്രകർ.അത്രയ്ക്ക് വിജയകരമായിരുന്നു (?) .

ശരീഫ് സർ അദ്ദേഹത്തിന്റെ കയ്യിലുള്ള ഡിഗ്രി എല്ലാം ഉപയോഗിച്ച് മോക്ക് പാർലമെന്റിനെ കുറിച്ച് പറഞ്ഞു പഠിപ്പിച്ചു , എങ്കിലും സംഗതി വൻ പരാജയമായിരുന്നു. അടി കൂടാനും കച്ചറ കളിക്കാനും കിടന്നുറങ്ങിയ കുമ്മിണി പറമ്പിനെ ഒച്ചവെച്ച് ഉണർത്താനും അവസരം അനുഗ്രഹിച്ചനുവദിച്ചു തന്ന ഞങ്ങളുടെ ഗുരുക്കന്മാർക്ക് നന്ദി. ഭരണപക്ഷവും പ്രതിപക്ഷവും വകുപ്പുമന്ത്രിമാരൊക്കെ ആ പ്രോഗ്രാമിനെ അടിപിടിയിൽ അവസാനിപ്പിച്ചു. ഏതായാലും പുറമേ നിന്നൊരാൾ കാണാനില്ലാത്തത് ഭാഗ്യം. സഭ നിയന്ത്രിക്കാൻ പാടുപെടുന്ന റംഷീദയുടെ കണ്ണുകളിലെ ദൈന്യത കണ്ടപ്പോൾ സങ്കടം കൊണ്ട് ചിരി

വന്നുപോയി .
എല്ലാവരും  ഉറങ്ങുന്നതിനായി റബ്ബ്കോ മെത്തയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് തറയിൽ കിടന്നു. ഉറങ്ങാൻ നിന്ന ഞങ്ങളുടെ നാക്കുകൾക്ക് ആ രാത്രിയിൽ ഉറക്കം ഉണ്ടായിരുന്നില്ല.
ബഹളം കേട്ട് ഉണർന്നുവന്ന മായാ മിസ്സ്  ഞങ്ങളെ മായാ ലോകത്തേക്ക് എത്തിച്ചപ്പോൾ ശബ്ദവും ഫാനിന്റെ മുഴക്കവും മാത്രം ആ കൂരിരുട്ടിൽ അവശേഷിച്ചു.അപ്പോഴും സുഹാദ, ഫർസാന , സുമയ്യ, ഫിദ എന്നിവരുടെ നേതൃത്വത്തിലുള്ള റിപ്പോർട്ടിംഗ് കമ്മിറ്റി ഉറങ്ങാതെ പിറ്റേദിവസത്തേക്കുള്ള ഹോട്ട് ന്യൂസിന്റെ (പാര ന്യൂസ് ) പണിപ്പുരയിലായിരുന്നു.
സീസ് മിസ്സിന്റെയും നസീറ മിസ്സിന്റെയും മധുര ശബ്ദം കേട്ടാണ് ഞങ്ങൾ ഉണർന്നത്.ഉണർന്നപ്പോൾ ഞങ്ങൾ കണ്ടത് കുളിച്ചൊരുങ്ങി നിൽക്കുന്ന ബ്യൂട്ടീഷൻ അമൃതയെ ആയിരുന്നു??. പിന്നെ എല്ലാവരും ബാത്റൂമിനായി ഓട്ടം തുടങ്ങി. ഞങ്ങളെ ആട്ടിൻ കൂട്ടത്തെ പോലെ അടിച്ചുതെളിച്ച്  സീസ് മിസ്സ് സെമിനാർ ഹാളിലേക്ക് കൊണ്ടെത്തിച്ചു.
സമയം ആറുമണി, മനോഹരമായിരുന്നു ആ പ്രഭാതം. പുൽത്തകിടിൽ ഇരുന്നുകൊണ്ട് പുഴുക്കാടും പ്യൂപ്പുകളും തുള്ളികളിച്ചപ്പോൾ എയ്റോബിക്സ് ചുവടുകളുമായി ഞങ്ങളും തുള്ളി കളിക്കുന്ന കുഞ്ഞുപുഴുകളായി.
എയറോബിക്സ് സെഷൻ കൈകാര്യം ചെയ്തത് പ്രശസ്ത ട്രെയിനർ അപർണ മിസ്സ് ആയിരുന്നു. എയറോബിക്സ് ചുവടുകളോട് കൂറുമാറിയ പുഷ്പാ ഷാഹിദ് ടീമിനെ മുൻനിരയിലെ വിഐപി സീറ്റുകളിലേക്ക് സ്ഥാനാന്തരം നൽകാൻ  മിസ്സ് പ്രത്യേകം ശ്രദ്ധിച്ചു.
ക്ലാസ് റൂം എങ്ങനെ എഫക്ടീവ് ആക്കാം എന്ന ചിന്തയുടെ പശ്ചാത്തലത്തിൽ പാവ നിർമ്മാണവും പാവ നാടകവും പരിശീലിപ്പിക്കാൻ എത്തിയ കൊടിയത്തൂർ പ്രശാന്ത് സാറിനെ ഞങ്ങൾ ഹാർദ്ദവമായി സ്വാഗതം ചെയ്തു. ' ജീവിതമേ നടനം' എന്ന് പേരിട്ട ഈ സെഷൻ അവസാനിക്കുമ്പോൾ പെയിന്റടിച്ച് കുട്ടപ്പൻ ആക്കിയ സെമിനാർ ഹാൾ ചുമരിൽ അണിനിരന്നത് വൈവിധ്യങ്ങളായ പാവകളായിരുന്നു. പാവകളെ ആനയിച്ചുകൊണ്ടുള്ള വരവും പശ്ചാത്തല സംഗീതവുമായിരുന്നു ഈ സെഷനിലെ കൂടിയ വെളിച്ചം (ഹൈലൈറ്റ്) .
" അയല പൊരിച്ചതുണ്ട്....കരിമീൻ വറുത്തതുണ്ട്...."
ഉച്ചയായപ്പോഴേക്കും പലരുടെയും ചുണ്ടുകളിൽ ഈ പാട്ട് തട്ടി കളിക്കുന്നുണ്ടായിരുന്നു.പിന്നെ അവിടെ കാണാൻ കഴിഞ്ഞത് വാലില്ലാത്ത അയല മീനുകളുമായി ഓടിനടക്കുന്ന ഒരുപറ്റം പൂച്ചക്കൂട്ടങ്ങളെയാണ്.വാലില്ലാത്ത  ഈ മീനുകൾ ഇത്രയും കാലം എങ്ങനെ നീന്തി ജീവിച്ചു എന്ന സംശയങ്ങളും ഉയർന്നുവന്നു.
ജലമന്ത്രിയായ മുബാറക്കും മന്ത്രിയുടെ PA അൻസലും തങ്ങളെ വോട്ട് ചെയ്ത്  വിജയിപ്പിച്ച EMEATC -ലെ മക്കൾക്ക് സുലഭമായ ജലവിതരണം ഉറപ്പാക്കി.
സമൃദ്ധമായ ഉച്ചഭക്ഷണത്തിന്റെ പ്രലോഭനത്തിൽ സുഖനിദ്ര ആസ്വദിക്കാനിരുന്ന വാനമ്പാടികളെ ഉണർത്തിക്കൊണ്ട് മറ്റത്തൂർ കളിമുറ്റം ടീമിൻറെ നാടൻപാട്ട് അവതരണം കോളേജ് അങ്കണത്തിൽ അരങ്ങേറി. നാടൻ പാട്ടുകളുടെ ചരിത്രവും വിവിധതരത്തിലുള്ള നാടൻ പാട്ടുകളും അവയുടെ പരിണാമങ്ങളെ കുറിച്ചും ടീം നായകൻ സുജിത്ത് സാർ ഞങ്ങൾക്ക് പകർന്നു നൽകി .
"ആവോ ദാമാനോ...." കൊട്ടിന്റേയും പാട്ടിന്റെയും ഹാങ്ങ് ഓവറിൽ ഇറങ്ങിവന്ന കലാപ്രേമികളെ കാത്തിരുന്നത് പഴമയുടെ മൊഞ്ചുള്ള പഴംപൊരിയും ഇളം പൊള്ളലേൽക്കുന്ന കട്ടൻ ചായയും.പെട്ടെന്നാണ് ഇംഗ്ലീഷിലെ ഫിദയുടെ രോദനം. പഴംപൊരിക്ക് വലിപ്പ വ്യത്യാസമുണ്ട്.... ആഹാ ....ഇന്ന് പാർലമെന്റിൽ തീപാറും??.
വൈകിട്ട് എല്ലാവരും ലാലി ടീച്ചറുടെയും നടന സിംഹം അരുൺ സാറിന്റെയും മഹനീയ സാന്നിധ്യത്തിൽ ചർച്ചമുക്കിൻ ഓരത്ത് ഒരുമിച്ചുകൂടി. തുടർന്ന് എന്റർടൈൻമെന്റ് കമ്മിറ്റി പ്രത്യേകം നാമകരണം ചെയ്ത A to Z ഗെയിം സംഘടിപ്പിക്കപ്പെട്ടു.
ഗെയിമിന് വേണ്ടി ഇരുട്ടിലും കാട്ടിലും ചട്ടിയിലും തപ്പി ബെഡ്ഷീറ്റ് മുതൽ മുട്ടുസൂചി വരെ കളികളത്തിൽ എത്തിച്ചു. അതോടൊപ്പം ക്യാമ്പസ് വൃത്തിയാക്കപ്പെടുക എന്ന എന്റർടൈമെന്റ് കമ്മിറ്റിയുടെ സദുദ്ദേശവും നടന്നു. ഏവരുടെയും പ്രിയങ്കരനായ അരുൺ സാർ ഗെയിമിന്റെ വിധി നിർണയിച്ചു .
കളിക്കളത്തിലെ ആരവത്തിൽ നിന്നും വിരമിച്ച പ്ലെയേഴ്സിനെ കാത്തിരുന്നത് മണിനടിയിലെ പൊൻമന്തിയായിരുന്നു. വിഭവസമൃദ്ധമായ സപ്പറിന് ശേഷം പാർലമെൻററി ഓഫീസിലേക്ക് കച്ചറ കൂടാൻ എല്ലാവരും എത്തി. പഴംപൊരിയുടെ വലിപ്പ വ്യത്യാസവും വാലില്ലാ മീനുകളുടെ കുത്തൊഴുക്കും പാർലമെൻറിൽ ചർച്ചാവിഷയമായി. ശരിക്കും തീ പാറി..ഭരണ പ്രതിപക്ഷങ്ങൾ തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. തീ കെടുത്താൻ സ്പീക്കർ ഫിദ അല്പം പ്രയാസപ്പെട്ടു.
ക്യാമ്പിലെ വിദ്യാർത്ഥികളുടെ സമയനിഷ്ഠ ഇല്ലായ്മയും ലാഘവ ഭാവത്തെയും വിമർശിച്ച  സാൽമിയ പ്രത്യേക കൈയ്യടി നേടി. നാടൻ പാട്ടിന്റെയും കളിക്കളത്തിന്റെയും അതിഗംഭീരമായ പാർലമെന്റിന്റെയും അതോടൊപ്പം മന്തിയുടെയും പ്രലോഭനത്തിൽ വീണ് എല്ലാവരും അല്പം നേരത്തെ അന്തിയുറങ്ങി.
ഒരു വയനാടൻ ഉല്ലാസ യാത്രയ്ക്ക് വേണ്ടി വെഹിക്കിൾ ഡിപ്പാർട്ട്മെൻറ് പ്രത്യേകം വെള്ളപൂശി തയ്യാറാക്കിയ കൊമ്പൻ ബസുകളുടെ ഹോൺമുഴക്കം കേട്ടാണ് പിറ്റേദിവസം പുലർന്നത്.
ഉറക്ക ക്ഷീണത്തെ തെല്ലും വകവയ്ക്കാതെ വാനമ്പാടികൾ നാടുകാണാൻ ഇറങ്ങി. സോനയുടെ സ്വന്തം പാട്ടും തെമ്മാടിക്കാറ്റിന്റെ തീവ്രതയും ബസുകളെ പിടിച്ചുലച്ചു. ചുരത്തിലൂടെയുള്ള തുരക്കൽ  തുടങ്ങും മുമ്പേ വഴിയോരത്തെ ഉപ്പുമാവ് തീറ്റ വേറിട്ട അനുഭവമായിരുന്നു.
ഇളം വെയിൽ ഹോട്ടായി തുടങ്ങിയപ്പോഴേക്കും കൊമ്പൻ ബസുകൾ അമ്പലവയൽ പൂപ്പൊലി മേളത്തിന്റെ കവാടത്തിൽ മുത്തമിട്ടു.അവിടെ ഞങ്ങളെ കാത്തിരുന്നത് പുഞ്ചിരി തൂകുന്ന ഒരായിരം പൂക്കൾ ആയിരുന്നു. കണ്ണെത്താ ദൂരത്തോളം പടർന്നു കിടക്കുന്ന വിവിധ വർണ്ണങ്ങളിലുള്ള വൈവിധ്യമാർന്ന പൂക്കൾ കണ്ണിനു




കുളിർമയേകി. പൂക്കൾക്ക് കാവലായി അലങ്കാരമത്സ്യങ്ങളും പക്ഷികളും എല്ലാം ഉണ്ടായിരുന്നു. കൂടാതെ മെഡിക്കൽ എക്സ്പോ, ചെടികളുടെ നഴ്സറി, വിവിധ ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾ എന്നിവയും പൂപ്പൊലിയുടെ ഭാഗമായിരുന്നു.

നട്ടുച്ച നേരത്ത് ക്ഷീണിച്ച അവശരായി ഞങ്ങൾ ചെന്ന് വീണത് ബിരിയാണിച്ചെമ്പിൽ. ഷാഫി സാറിൻറെയും രാജേഷ് സാറിൻറെയും മഹനീയ കരങ്ങളാൽ ദമ്മോടെ ദം പൊട്ടിച്ച് ബിരിയാണി വിളമ്പി തുടങ്ങി. ടച്ചപ്പിനായി സാലഡും മാങ്ങാ അച്ചാറും ചിക്കനോടൊപ്പം ഓരം ചേർന്നു നിന്നു.

ബിരിയാണിയുടെ ഏമ്പക്കം നേരെ വിട്ടത് തുഷാരഗിരി പാറക്കെട്ടുകളിലേക്കായിരുന്നു.പാറക്കെട്ടുകൾക്കിടയിലൂടെ അച്ചടക്കത്തോടെ ഭൂമിയെ മുത്തുന്ന ജലകണങ്ങളും അതിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യകിരണങ്ങളും അതിൻറെ തണുപ്പും മനസ്സിന് കുളിരേകി. വെള്ളച്ചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ഒരു ചിത്രം പകർത്താനും ഞങ്ങൾ മറന്നില്ല. വെയിലിന്റെ ചൂട് ഇറങ്ങിയപ്പോഴേക്കും ചുരമിറങ്ങി തുടങ്ങി.

പാട്ടിന്റെയും ഡിസ്കോ ഡാൻസിന്റെയും റീലുകളുടെയും അകമ്പടിയോടെ കൊമ്പൻ ഋങ്ങളഅ യുടെ ചെങ്കൽ കവാടത്തിൽ ചെന്നുനിന്നു.

വിശപ്പിന്റെ വിളിയാളങ്ങൾക്ക് തടയിട്ടു കൊണ്ട് ചപ്പാത്തിയും ചിക്കൻ കറിയും എത്തി. പിന്നീട് പാർലമെൻറ് ഓഫീസിലേക്ക് വെച്ചുപിടിച്ചു. ഡിസിപ്ലിൻ കമ്മിറ്റിക്ക് എതിരെ ഉന്നയിച്ച ആരോപണങ്ങൾ സ്പീക്കർ മുഹാജിറും ഭരണ പ്രതിപക്ഷവും സെൽഫ് ഡിസിപ്ലിനിൽ ഒതുക്കി തീർത്തു.

തുടർന്ന് ക്യാമ്പ് ഫയർ .രാത്രിയുടെ നിശബ്ദത കൊണ്ടോ ക്യാമ്പിന്റെ പിരിച്ചുവിടാനുള്ള വൈമനസ്യം കൊണ്ടോ തീ ആദ്യം ഒന്ന് കത്താൻ മടിച്ചു.ഒടുവിൽ ഞങ്ങളുടെ സൗഹൃദത്തിന്റെയും ആവേശത്തിന്റെയും ആഴം അറിഞ്ഞിട്ടാവണം തീ ഉയർന്നു പൊന്തി.

ക്യാമ്പിനിടയിൽ വന്നുപോയ കൊച്ചുകൊച്ചു സൗന്ദര്യ പിണക്കങ്ങൾ എല്ലാം തീയിൽ കത്തിയമർന്നു. ഡാൻസ് മാസ്റ്റർ റാഷിദ് സാറിൻറെ പരിശീലനത്തിൽ പാട്ടിനൊപ്പം ഞങ്ങൾ ചുവടുകൾ വച്ചു.

ക്യാമ്പിന്റെ അവസാനദിവസം യോഗ ട്രെയിനറും അധ്യാപകനുമായ അബ്ദുള്ള ശിഹാബ് സാർ നയിച്ച യോഗ ക്ലാസിൽ പലരും തങ്ങളുടെ ഉറക്കച്ചടവിന് കൂടെ കൂട്ടി. സ്വപ്നം കണ്ടുറങ്ങിയ ഹസ്നയെയും നാജിലയെയും തട്ടി ഉണർത്താൻ ശിഹാബ് സാർ അൽപ്പം ഒന്ന് കഷ്ടപ്പെട്ടു. നിത്യജീവിതത്തിൽ യോഗയെ കുറിച്ചും അതിൻറെ പ്രാധാന്യത്തെക്കുറിച്ചും സാർ ഞങ്ങളെ ബോധവൽക്കരിച്ചു.

പ്രഭാത ഭക്ഷണത്തിനുശേഷം വന്യജീവി സംരക്ഷകൻ ആയിട്ടുള്ള ഉപ്പൂടൻ റഹ്മാൻ സാർ പാമ്പുകളുടെ ലോകത്തേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തോടൊപ്പം കൂട്ടിന് ഒരു മൂർഖൻ അണ്ണനും ഉണ്ടായിരുന്നു.സെലിബ്രിറ്റി ആയ അണ്ണന്റെ കൂടെ സെൽഫി എടുക്കാൻ ഞങ്ങളിൽ ചിലർക്ക് ആക്രാന്തം ഏറി.

പല ധൈര്യവാന്മാരുടെയും സധൈര്യങ്ങൾക്കു മുമ്പിൽ ഞങ്ങൾ അമ്പരന്നു.ചെയർമാൻ അസിയെ മുന്നിൽ കണ്ട മൂർഖൻ അണ്ണൻ സെമിനാർ ഹാൾ വിട്ടു പുറത്തേക്കു ഓടി രക്ഷപ്പെട്ടു ??.

വിഭവസമൃദ്ധവും സ്വാദിഷ്ടവുമായ സദ്യക്കുശേഷം പായസം നുണഞ്ഞുകൊണ്ട് ക്യാമ്പിന്റെ സമാപന ചടങ്ങിനായി എല്ലാവരും സെമിനാർ ഹാളിൽ ഒരുമിച്ചു കൂടി.മൂന്നുദിവസത്തെ മറക്കാനാവാത്ത അനുഭവങ്ങൾക്ക് കർട്ടനിടാൻ സമയമായി എന്ന ചിന്ത ഞങ്ങളെ അലോസരപ്പെടുത്തി.

ഔദ്യോഗികമായ സമാപന ചടങ്ങിനു ശേഷം ഞങ്ങളുടെ ശ്രദ്ധയെ ക്യാമ്പ് അവലോകനത്തിലേക്ക് തിരിച്ചുവിട്ടു. ക്യാമ്പ് അവലോകനത്തിന് എത്തിയ ബിൻസിനയുടെ വെടിക്കെട്ട് നിർത്തുവാൻ വേണ്ടി ഞങ്ങൾ കയ്യടിച്ചെങ്കിലും അതിനെയൊന്നും വകവയ്ക്കാതെ ഒരു നീണ്ട പ്രഭാഷണം തന്നെ അവൾ നടത്തി. ക്യാമ്പിലെ ഒരുപാട് നല്ല അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് തലൈവി ഐശ്വര്യയും എത്തി.

കൂട്ടുകൂടലിന്റെയും കൂടൊരിക്കലിന്റെയും അനുഭവങ്ങൾ നിറഞ്ഞുനിന്ന മനസ്സുമായി ഞങ്ങൾ പടിയിറങ്ങുമ്പോൾ ഇനിയും ഒരുമിക്കാൻ കഴിയണെ എന്ന പ്രാർത്ഥനയോടെ ആ സായാഹ്നത്തോട്



# നൈസാമിന്റെ സുന്ദരനഗരിയിലേക്കൊരു യാത്ര

കണ്ടകാഴ്ചകളേക്കാൾ അധികമാണു കാണാത്തത് എന്നത് അധിശോക്തിയല്ല ഹൈദരാബാദ് കണ്ടവർക്ക്. കുറെ ഓടി നടന്ന് കണ്ടാലും തിരികെ പോവാൻ നേരം മനസ്സിലാവും. ഇനിയുമേറെ കാണാൻ ബാക്കിയുണ്ടെന്ന്. അതെ, ചരിത്രമൊരുപാട് ഉറങ്ങികിടക്കുന്നു നൈസാമിന്റെ സുന്ദരനഗരിയിൽ, ദക്ഷിണേന്ത്യയിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഏറ്റവും സെവലപ്ഡ് ആയ എണ്ണം പറഞ്ഞ മെട്രോ നഗരങ്ങളുടെ കണക്കെടുപ്പിൽ ഹൈദരാബാദ് ഒട്ടും താഴോട്ടല്ലാതെ തല ഉയർത്തി നിൽക്കുകയാണ്. അനേകം ഭ്രമിപ്പിക്കുന്ന കാഴ്ചകളുമായി. ഒരു ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിന്റെ ആവേശത്തിലാണ് അന്ന് ഒരുപറ്റം ചങ്ങാതിക്കൂട്ടം പ്രഭാതത്തെ വരവേറ്റത്. പുലർച്ചയുടെ സൗന്ദര്യം ആസ്വദിക്കാത്ത പലരും അതിനെ തൊട്ടറിഞ്ഞു. ഒട്ടും വൈകാതെ തന്നെ കോഴിക്കോട് തീവണ്ടിയാപ്പീസിൽ

തീവണ്ടിക്കായുള്ള കാത്തിരിപ്പിന്റെ ഓരോ നിമിഷവും യുഗങ്ങളായി തോന്നി. ഉത്സാഹവും ആകാംക്ഷയും പ്രതീക്ഷയും സമ്മിശ്രമായ നിമിഷങ്ങൾ. ആപ്പിൽ നോക്കി തീവണ്ടിയെ പിന്തുടർന്നവരെല്ലാം അൽപം ആപ്പിലായി.

സിസ്റ്റത്തിന്റെ ശരിയായ നടത്തിപ്പിനായി തലയെണ്ണൽ അത്യന്താപേക്ഷിതമായിരുന്നു. ഒന്ന്, രണ്ട്, മൂന്ന്... ചില തലകളെ കാണാനില്ല! എല്ലാവരുടെയും ആകാംക്ഷയ്ക്ക് വിരാമമിട്ടു കൊണ്ട് കസേരമനുഷ്യൻ അസി വിളിച്ചോതി. ചില തലകൾ വരും സ്റ്റോപ്പിൽ കയറിപ്പറ്റാനുണ്ട്. ഹോ ...സമാധാനം നീണ്ട കാത്തിരിപ്പിനൊടുവിൽ കിതച്ചുകൊണ്ട് എകസ്പ്രസ് എത്തി.കൂട്ടത്തിൽ ധൈര്യശാലിയായ ആസിഫ ട്രെയിനിന് കൈ കാണിച്ചു. ഭാഗ്യംട്രെയ്ൻ നിർത്തി. നിർത്തേണ്ട താമസം ഓരോരുത്തരായി ഭാണ്ഡകെട്ടുകൾട്രെയിനിനുള്ളിലേക്കറിഞ്ഞു.അങ്ങനെ അശകളും പ്രതീക്ഷകളും നിറഞ്ഞ ഹൈദരാബാദ് യാത്രയുടെ തുടക്കമായി. നിരവധി തവണ ട്രെയ്ൻ യാത്രകൾ നടത്തിയിട്ടുള്ള ഷാഹിദിന്റെ പിന്തുണ ഏവർക്കും ധൈര്യം പകർന്നു.ദാണ്ഡകെട്ടുകൾ അടക്കത്തിലും ചിട്ടയിലും ഒതുക്കുന്നതിനിടയിൽ കാടപ്പടി MLA യുടെ പ്രത്യേക അറിയിപ്പ്. അധികം ഉസറാക്കി ഒതുക്കണ്ട ഷൊർണൂരിൽ ട്രെയ്ൻ മാറിക്കയറും. ഇടയ്ക്കപ്പോഴോ പരപ്പനങ്ങാടി സ്റ്റേഷനിൽ നിന്നും EMEATC യുടെ യോഗമുറയുടെ ആശാൻ റാഷിദ് സാറും നേരത്തെ എണ്ണത്തിൽ പെടാത്ത ചില തലകളും ഓടിക്കയറി. വളരെ വൈകാതെ ചൂളം വിളിച്ച് ട്രെയ്ൻ ഷൊർണൂരിലെത്തി.കിട്ടിയ അരമണിക്കൂറിന്റെ ഇടവേളയിൽ വിശപ്പിന്റെ വിളിയാളങ്ങൾക്ക് ഉത്തരം നൽകാൻ ഒട്ടും താമസിപ്പിച്ചില്ല. ഉച്ചഭക്ഷണം പൂർത്തിയായപ്പോഴേക്കും കിതച്ച് കൊണ്ട് പരശുറാം എക്സ്പ്രസ് എത്തി. ഒരിക്കൽ കൂടി ദാണ്ഡകെട്ടുകൾ പേറി ട്രെയ്ൻ കയറാൻ ഞങ്ങൾ നിർബന്ധിതരായി. ഇത്തവണ ഭാണ്ഡക്കെട്ടുകളെല്ലാം നന്നായി ഒതുക്കിവച്ചു. ഞങ്ങളിൽ ചിലർക്കിത് ആദ്യ ട്രെയ്ൻ യാത്ര എന്നത് എടുത്തു പറയാതെ വയ്യ.

ട്രെയ്ൻ പുറപ്പെട്ടതും ഓരോ കമ്പാർട്ടുമെന്റുകളിൽ നിന്നും വ്യത്യസ്ത താളങ്ങളും ഈണങ്ങളും ഒഴുകി വന്നു. ട്രെയ്ൻ വേഗത കൂടുന്നതിനനുസരിച്ച് താളമേളങ്ങൾ മുറുകുകയും ചെയ്തു. ട്രെൻഡിനൊപ്പം ക്യാപ്ഷനുമായി കോളേജിലെ അതുലാനർത്തകിമാരായ നാച്ചുറൽ സയൻസുക്കാരുടെ റീലും അരങ്ങേറി. പിന്നീട് തീവണ്ടി നീളത്തിൽ റീൽവണ്ടികളും ഗുൽന മിൽനയെ സജീവമാക്കി. ഗുൽന മിൽന?...അതെന്തോന്ന്? പല ഗാങ്ങുകൾക്കിടയിലും സമ്മിശ്രമായ ഇടപഴകലുകൾ നടക്കണമെന്ന ഉദ്ദേശത്തിന്റെ പശ്ചാതലത്തിൽ ഫൈൻ ആർട്സ് മേധാവി അർച്ചനയുടെ തലയിൽ കത്തിയ പഠന യാത്രക്കുള്ള ഉഗ്രൻ പേര്. ഗുൽന മിൽന! താളമേളങ്ങളുടെ ലഹരിയോടൊപ്പം രുചിഭേദങ്ങളുടെ ചാകര തന്നെ എത്തിത്തുടങ്ങി. ട്രെയ്നിലെ സഹയാത്രികർ പലരും സ്വയം മറന്ന് ഞങ്ങളിൽ ചിലരായി. അവരും ഞങ്ങൾ അവതരിപ്പിച്ച 'ഹൈലവൽ' ഗെയിമുകളിൽ പങ്കാളികളായി. ഗെയിമിന്റെ നിയമാവലികൾ മുറുകുന്നതിനിടയിൽ ഇടയ്ക്കപ്പെഴോ ചന്ദ്രൻ സാറും അൻസലും തമ്മിൽ ചുംബനങ്ങൾ കൈമാറിയതായിട്ടുള്ള ബ്രേക്കിങ് ന്യൂസ് കമ്പാർട്ടുമെന്റിൽ ഉടനീളം ആളിപ്പടർന്നു. ഈ ബഹളങ്ങൾക്കിടയിലും ചിലർ ജാലകത്തിന് ഓരം ചേർന്ന് കൊണ്ട് പ്രകൃതിയുടെഭാവഭേദങ്ങൾ സാകൂതം വീക്ഷിച്ചുകൊണ്ടിരുന്നു. കോളേജ് ഡക്കറേഷൻ കമ്മിറ്റിയുടെ തലൈവി അഞ്ചല ഷെറി ക്യാൻവാസിൽ പകർത്താനുള്ള ചിത്രങ്ങൾ ഒപ്പിയെടുക്കുന്നുണ്ടായിരുന്നു. കാഴ്ചകൾക്ക് മങ്ങൽ ഏൽപ്പിച്ചു കൊണ്ട് നിശയുടെ തണുത്ത കരങ്ങൾ ഏവരെയും തഴുകി. രാത്രി ഏറെ വൈകിയിട്ടും ഞങ്ങളുടെ

കമ്പാർട്ട്മെന്റുകൾ ശബ്ദമുഖരിതമായിരുന്നു. കൊറോണയ്ക്ക് ശേഷം കളം വിട്ട ലുഡോ ഗെയ്മിൽ റാഷിദ് സർ വിവിധ യോഗമുറകളും ആസനകളും പയറ്റിയങ്കിലും തോൽവിയായിരുന്നു ഫലം. ട്രെയ്നിന്റെ

പാൻട്രിയിൽ നിന്നും ഉച്ച ഭക്ഷണവുമായി വന്ന കേറ്ററിംഗ് സർവ്വീസുകാരെ നിരാശപ്പെടുത്തി കൊണ്ട് വീട്ടുകാർ സ്നേഹത്തോടെ കൊടുത്തയച്ച ആഹാരം ഞങ്ങൾ പങ്കിട്ടു. ഇടയ്ക്ക് സാന്ത്വനവുമായി ഫുഡ് കമ്മിറ്റി തണുത്ത വത്തക്ക, കക്കരിക്കയുമായി വന്നു.

ചായ് കോഫി, ചായ് കാപ്പി എന്ന വിളി കേട്ടാണ് അടുത്ത പുലരി കടന്നു വന്നത്. ഓരോരുത്തരും ചുടുചായ നുകർന്ന് കൊണ്ട് പ്രഭാതത്തിലെ തണുപ്പിൽ ഉറക്കത്തിന്റെ ആലസ്യം ഊതിപ്പറത്തി. ആസിഫ സെറ്റ് ആക്കിവച്ച അവിൽ പാക്കറ്റുകൾ പൊട്ടിച്ചു കീറികൊണ്ട് കേറ്ററിംഗ് സർവ്വീസുകാരെ ഒരിക്കൽ കൂടി നിരാശപ്പെടുത്തി.

മലഞ്ചെരുവുകളും കുന്നുകളും പാറക്കെട്ടുകളും കണത്താ ദൂരത്തോളം പരന്ന് കിടക്കുന്ന ചോളം, കോട്ടൺ പാടങ്ങളും പൂമരങ്ങളും പ്രകൃതിയുടെ ചാരുതയ്ക്ക് മാറ്റ് കൂട്ടി. നിഗൂഢമായ വഴികൾ പലതും താണ്ടി സെക്കന്ദരാബാദ് സ്റ്റേഷനിൽ ഞങ്ങൾ എത്തിച്ചേർന്നു.

യാത്രയുടെ ആലസ്യം വകവെക്കാതെ എല്ലാവരും ബസിനു നേരെ നടന്നു. ഞങ്ങൾക്ക് ഭക്ഷണത്തിനും വിശ്രമത്തിനുമായി ഹോട്ടൽ 'JB Plaza' ഒരുങ്ങിയിരുന്നു. കുളിയും ഭക്ഷണവും കഴിഞ്ഞ് ഉത്സാഹത്തോടെ ഞങ്ങൾ ബിർള മന്ദിർ ലക്ഷ്യമാക്കി നീങ്ങി.

ദ്രാവിഡ, രാജസ്ഥാനി, ഉത്കല വസ്തുവിദ്യകളുടെ സമന്യയമാണ് ഈ ക്ഷേത്രം. 2000 ടൺ ശുദ്ധമായ വെളുത്ത മാർബിൾ കൊണ്ടാണ്ഇത് നിർമിച്ചിരിക്കുന്നത്. 13 ഏക്കർ പ്ലോട്ടിൽ നൗബത്ത് പഹാഡ് എന്ന് വിളിക്കപ്പെടുന്ന 280 അടി ഉയരമുള്ള കുന്നിൻ മുകളിൽ നിർമിച്ച ഒരു ഹിന്ദു ക്ഷേത്രമാണ് ബിർള മന്ദിർ. 10 വർഷത്തെ നിർമാണം 1976-ൽ രമ്യകൃഷ്ണ മിഷനിലെ സ്വാമി രംഗനാഥാനന്ദ ഉദ്ഘാടനം ചെയ്തു. ക്ഷേത്രത്തിന്റെ പ്രവേശന കവാടത്തിൽ വെച്ച് മൊബൈൽ ഫോണും ക്യാമറകളും വിലക്കിയത് ഞങ്ങളെ തെല്ലൊന്ന് നിരാശപ്പെടുത്തി. വെളുത്ത മാർബിളിന്റെ പശ്ചാത്തലത്തിൽ വാട്ട്സ്അപ്പ് ഡിപി, പ്രൊഫൈൽ ചിത്രങ്ങൾ പകർത്താനുള്ള മോഹങ്ങൾ പൂവണിഞ്ഞില്ല. ട്രെൻഡിനൊപ്പം പകർത്താനുദ്ദേശിച്ച റീൽ മോഹങ്ങൾക്കും അല്പനേരത്തേക്ക് മ്യൂട്ട് ബട്ടൺ അമർത്തേണ്ടിവന്നു. വൈകുന്നേരം സൂര്യൻ ചുവപ്പിന്റെ വസ്ത്രമണിഞ്ഞപ്പോഴേക്കും ഞങ്ങൾ NTR ഗാർഡനിലത്തി. ഹുസൈൻ സാഗർ തടാകത്തോടു ചേർന്ന് 36 ഏക്കർ വിസ്തൃതിയിലുള്ള ഒരു ചെറിയ പൊതു നഗര പാർക്കാണ് NTR ഗാർഡൻ. ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി എൻ.ടി. രാമറാവുവിന്റെ പേരിലാണ് ഇത് അറിയപ്പെടുന്നത്. 1999 മുതൽ പല ഘട്ടങ്ങളിലായി നിർമിച്ച ഈ പ്രദേശം ഭൂമി ശാസ്ത്രപരമായി നഗരത്തിന്റെ മധ്യഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. നെക്ലേസ് റോഡ്, ലുംബിനി പാർക്ക് തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് സമീപമാണ് ഇത് സ്ഥിതി ചെയ്യുന്നത്. ശേഷം ഞങ്ങൾ ലുംബിനി പാർക്കിലേക്ക് പുറപ്പെട്ടു.

ലുംബിനി പാർക്ക് ഹുസൈൻ സാഗർ തടാകത്തോട് ചേർന്നുള്ള ഒരു പൊതു നഗര പാർക്കാണ്. ബോട്ടിംഗ് ആണ് ഇവിടുത്തെ മെയിൻ. കൂടാതെ ലേസർ ഓഡിറ്റോറിയം,പൂന്തോട്ടങ്ങൾ,മ്യൂസിക്കൽ ഫൗണ്ടയ്നുകൾ എന്നിങ്ങനെയുള്ള ദൃശ്യഭംഗിയുള്ള മറ്റ് സൗകര്യങ്ങളും ഇവിടുത്തെ ആകർഷണങ്ങളാണ്. ബോട്ടിംങ് ആയിരുന്നു ഞങ്ങളെ ഏറെ ആസ്വദിച്ചത്. തടാക മധ്യത്തിൽ സ്ഥാപിച്ചിരിക്കുന്ന ബുദ്ധ വിഗ്രഹത്തിലേക്ക് പോയി. ബോട്ട് സവാരിയെ ഞങ്ങൾ നാടൻ പാട്ടിന്റെ സാനിദ്ധ്യത്തിൽ സമ്പന്നമാക്കാൻ മറന്നില്ല. അത് ഞങ്ങളെപോലെ മറ്റ് യാത്രകരേയും ആനന്ദിപ്പിച്ചു. നാടൻ പാട്ടിനൊപ്പം അവരും താളം തുള്ളി.

സുഖകരമായ നിദ്രയ്ക്ക് ശേഷം രാവിലെ യാത്രാസംഘം ഹൈദരാബാദിലെ മായാനഗരിയായ രാമോജി ഫിലിം സിറ്റിയിലേക്ക് തിരിച്ചു. ക്യാമറയുമായി വന്നാൽ നമ്മൾക്ക് സ്വപ്നത്തിൽ കാണുന്ന കൊട്ടാരങ്ങളും കുതിരയെ പൂട്ടിയ രഥവും താജ് മഹലും എന്നു വേണ്ടതെല്ലാം പകർത്തി തിരിച്ചു പോകാനാകും.

ലോകത്തിലെ തന്നെ ഏറ്റവും വലിയ ഫിലിം സിറ്റി എന്ന പെരുമയോടെ ഗിന്നസ് റെക്കോർഡ് സർട്ടിഫിക്കറ്റ് പ്രതിഷ്ഠിച്ച കവാടത്തിലൂടെ ഞങ്ങൾ പ്രവേശിച്ചു.

ഒരു സിനിമയ്ക്ക് വേണ്ടതെല്ലാം ഇവിടെ മുൻകൂട്ടി തയ്യാറാക്കി വെച്ചിരിക്കുന്നു. അതാണ് ദക്ഷിണേന്ത്യയിലെ 'ഹോട്ട്' ഫിലിം സിറ്റിയുടെ പ്രത്യേകത.

ഹെറിറ്റേജ് സ്റ്റൈലിൽ രൂപപ്പെടുത്തിയ റെഡ് ബസ്സുകൾ ഇവിടെയെത്തുന്നവർക്ക് കാഴ്ചകൾ കാണാനായി തലങ്ങും വിലങ്ങും ഓടിക്കൊണ്ടിരിക്കുന്നു. 2000 ഏക്കറോളം വിസ്തൃതിയുള്ള ഇതിനകത്ത് കൂടിയുള്ള യാത്രയിൽ ഫിലിം സിറ്റി അധികൃതർ ഏർപ്പെടുത്തിയിട്ടുള്ള ഗൈഡും ബസ്സിൽ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. വിമാനത്താവളം, ലണ്ടൻ നഗരത്തിന്റെ തനി പകർപ്പ്, നാട്ടിൻപുറത്തെ വീടുകൾ, ബാഹുബലി സെറ്റ് ,തുടങ്ങിയ എണ്ണമറ്റ വിസ്മയങ്ങൾക്ക് സമീപം ബസ് നിർത്തി കാഴ്ച കാണാം.

പ്രത്യേകം ലൈറ്റ് സൗണ്ട് ഷോകളും ഇതിനിടയിൽ സജ്ജീകരിച്ചിരിക്കുന്നത് മടുപ്പില്ലാതാക്കും. നൃത്ത പ്രോഗ്രാമുകളും Wild West Stunt പെർഫോമൻസുകളും അതിശയിപ്പിക്കുന്നതായിരുന്നു.

പെർഫോമൻസുകളും അതിശയിപ്പിക്കുന്നതായിരുന്നു.

ബിർള മന്ദിറിൽ വെച്ച് മ്യൂട്ട് ആക്കിയ റീലുകളും ഫോട്ടോ പോസുകളും അൺമ്യൂട്ട് ആയി കൊണ്ടിരുന്നു.

സംഘത്തിലെ അഭിനേതാക്കളും അഭിനേത്രികളും ഷാറൂഖാൻ ആയും കാജോളായും പ്രത്യക്ഷപ്പെട്ടു.

തീർന്നില്ല....ബാഹുബലി, ദേവസേന, ശിവകാമി ,കട്ടപ്പ എന്നിവരെയും മറന്നില്ല. എന്തോരം കലാവാസനയാണ് ഞങ്ങളിൽ പലർക്കും..!

ഗുൽന മില്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ വീണ്ടും റീലുകളുടെയും ഫോട്ടോ പോസുകളുടെയും ഘോഷയാത്ര. അങ്ങനെ എവിടെ നോക്കിയാലും EMEATC യുടെ തരുണീമണികളുടെ ആറ്റിറ്റ്യൂഡ് പ്രതിമകൾ. ഇടക്കെപ്പോഴോ കുപ്പിവെള്ളത്തിന് ഒഴികെ എല്ലാ ഭക്ഷ്യസാധനങ്ങൾക്കും വില കൂടുതലാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. പൊരി വെയിലത്ത് കുറെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനിടയിൽ അല്പം ഐസ്ക്രീം നുണഞ്ഞു. രാമോജിയുടെ പശ്ചാത്തലത്തിൽ ഒരു സംഘചിത്രം പകർത്താനും ഞങ്ങൾ മറന്നില്ല.

തിരിച്ചറിഞ്ഞു. പൊരി വെയിലത്ത് കുറെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനിടയിൽ അല്പം ഐസ്ക്രീം നുണഞ്ഞു. രാമോജിയുടെ പശ്ചാത്തലത്തിൽ ഒരു സംഘചിത്രം പകർത്താനും ഞങ്ങൾ മറന്നില്ല.

രാവിലെ 11ന് അകത്തു കയറിയ ഞങ്ങൾ രാത്രി 10 മണി വരെ അവിടെ ചിലവഴിച്ചു. പല പാർക്കുകളിലും വിവിധ റൈഡുകളിലും ആയി ഞങ്ങൾ കുട്ടിക്കാലത്തേക്ക് അല്പം നേരം തിരിച്ചു നടന്നു. ധൈര്യവാൻ എന്ന് സ്വയം വിശേഷിപ്പിച്ച പലരുടെയും ധൈര്യത്തെ പല റൈഡുകളിലും ഞങ്ങൾ നേരിൽ കണ്ടു. 'കസേര മനുഷ്യൻ' അസിയുടെ ധൈര്യത്തെ എടുത്ത് പറയാതെ വയ്യ .തികച്ചും ജെജൻഡിക് ധൈര്യം.

10 മണിയോടെ ഒരുപാട് കണ്ടു ആസ്വദിച്ചു എന്ന അഹങ്കാരത്തോടെ തിരിച്ച് എൻട്രൻസ് എത്തിയപ്പോഴാണ് ഏക്കറുകളോളം ഇനിയും കാണാനിരിക്കുന്നു എന്ന സത്യം ഞങ്ങളുടെ ഗൈഡ് വെളിപ്പെടുത്തിയത്. "A City within a City " എന്ന വിശേഷണം എത്ര ഉചിതം.

ഗോൾകൊണ്ട കോട്ടയുടെ പടവുകൾ കയറി മുകളറ്റം എത്താനുള്ള ഫുൾ ചാർജോടെയാണ് പിറ്റേദിവസത്തിലേക്ക് ചങ്ങാതിക്കൂട്ടം ഉണർന്നത്. പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യൻ കുങ്കുമ വർണ്ണം പടർത്തി അപ്രത്യക്ഷമായി കൊണ്ടിരുന്നു. ബസ് യാത്രയ്ക്ക് ശേഷം ഗോൾകൊണ്ട കോട്ടയിലെത്തിച്ചേർന്നു. ചരിത്രം ബാക്കി വെക്കുന്ന കാഴ്ചകളാണ് വരും തലമുറക്കുള്ളത്.വിസ്മയം എന്ന വാക്കിനാൽ തീരുന്നതല്ല നൂറ്റാണ്ടുകൾക്ക് മുൻപ് പണികഴിപ്പിച്ച ഈ കോട്ടയുടെ അകത്തളങ്ങൾ.കോട്ടയുടെ അകത്തേക്ക് പ്രവേശിക്കുമ്പോൾ കാണുന്ന കവാടത്തിൽ നിന്ന് കൈകൊട്ടിയാൽ നിരവധി അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മുഗൾഭാഗത്ത് എത്തും ആ ശബ്ദം എന്നതുമാത്രം മതി അന്നത്തെ നിർമ്മാണ വൈദഗ്ധ്യം മനസ്സിലാക്കാൻ. കുന്നു കയറി മുകളിൽ എത്തിയാൽ നൈസാമിന്റെ നഗരിയെ ഒന്നാകെ ഒപ്പിയെടുക്കാം.തികച്ചും വിവരണങ്ങൾക്ക് അതീതം.

പേരുകേട്ട ഹൈദരാബാദി ബിരിയാണിയുമായുള്ള ഏറ്റുമുട്ടലിനു ശേഷം മൂന്നുമണിയോടെ സാലർ ജങ് മ്യൂസിയത്തിൽ എത്തി. നിരവധി ഗാലറികളുള്ള ഈ മ്യൂസിയം നാല് നിലകളിലായി സജ്ജീകരിച്ചിരിക്കുന്നു.സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാണിവിടെ.ഇറ്റാലിയൻ ശില്പിയുടെ മാസ്റ്റർപീസ് "Rebecca Wild" എന്ന ഒറ്റക്കല്ലിൽ തീർത്ത തൂവെള്ള മാർബിൾ ശില്പം ആകർഷണീയത നിറഞ്ഞതാണ്. നിരവധി ചരിത്ര ഏടുകൾ രാജവംശത്തിന്റെ ഓർമ്മ പുതുക്കി മ്യൂസിയത്തിൽ ഇടം പിടിച്ചിരിക്കുന്നു.മണിക്കൂർ ഇടവിട്ട് മണിമുഴങ്ങുന്ന പ്രത്യേകതയാർന്ന ഘടികാരം ഉൾപ്പെടെയുള്ളവ ഇവിടത്തെ വിസ്മയങ്ങൾ ചിലതുമാത്രം. പടിഞ്ഞാറൻ ചക്രവാളത്തിൽ പകലിനു ചിത ഒരുങ്ങിയപ്പോഴേക്കും ഞങ്ങൾ ചാർമിനാറിൽ എത്തിയിരുന്നു. ചാർമിനാറിലെ അന്നത്തെ സായംസന്ധ്യക്ക് ഞങ്ങളും സാക്ഷികളായി. ചാർമിനാറിനു തറക്കല്ലിടുന്ന വേളയിൽ കുത്തുബ്ഷ രാജവംശത്തിലെ സുൽത്താൻ മുഹമ്മദ് ഷാഹിദ് കുത്തുബ്ഷ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നുവത്രേ.

"അല്ലാഹുവേ ഈ നഗരത്തിന് ശാന്തിയും ഐശ്വര്യവും നൽകണമേ...എല്ലാ ജാതിയിലും മതത്തിലും പെട്ട കോടിക്കണക്കിന് ആളുകൾക്ക് ഈ നഗരം തണലേകാണെ" ശരിയാണ് വഴികളെല്ലാം ഇവിടെ സംഗമിക്കുന്നു, അല്ലെങ്കിൽ എല്ലാ വഴികളും എപ്പോഴെങ്കിലും ഇവിടെ കൂടിച്ചേരുന്നു. ഈ മിനാരങ്ങളും ചുറ്റുമുള്ള തെരുവോരങ്ങളും എത്രയോ അധികം ജനങ്ങളുടെ ഉപജീവനമാർഗം കൂടിയാണ്. കുപ്പിവളകളുടെയും മുത്തുമാലകളുടെയും അത്ഭുത സംഗമ കേന്ദ്രം കൂടിയാണ് ഇവിടം.നൂറുകണക്കിന് കച്ചവടക്കാർ വെറുതെ ഒന്ന് നോക്കിയാൽ നമ്മിലേക്ക് എത്തും.

കേരള മാഡം എന്ന അഭിസംബോധനയിൽ അൽപനേരം ആത്മനിർവൃതിയിലാണ്ട സീനുവിനെ ഉണർത്തിയത് വിലപേശലുകളുടെ ശബ്ദകോലാഹലങ്ങൾ ആണ്. വിലപേശലും വാങ്ങലും ഓരോരുത്തരുടെയും മിടുക്ക് പോലെയിരിക്കും. ഷോപ്പിങ്ങിനിടയിൽ മക്ക മസ്ജിദ് സന്ദർശിക്കാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു. സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ അവിടെ അങ്ങോളമിങ്ങോളം പാറി നടക്കുന്നുണ്ടായിരുന്നു.

എങ്ങും വിലപേശലുകളുടെ കോലാഹലങ്ങൾ. ഹൈദരാബാദിന് വിലപേശലുകളുടെ നഗരം എന്ന ചെല്ലപ്പേര് കൂടിയുണ്ടെന്നും ഞങ്ങൾ അറിഞ്ഞു .10 രൂപയ്ക്ക് കരിമ്പ് ജ്യൂസ് ഇവിടെ കിട്ടും. 100–150 രൂപയ്ക്ക് ബാഗും ചെരുപ്പുകൾ ഉൾപ്പെടെ വാങ്ങാം.

ഞങ്ങളെല്ലാവരും വീടുകളിലേക്ക് ഞങ്ങളുടെ മടങ്ങി വരവ് പ്രതീക്ഷിച്ചിരിക്കുന്ന പ്രിയപ്പെട്ടവർക്ക് വേണ്ടി സമ്മാനങ്ങൾ വാങ്ങി.എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ചാർമിനാറിന്റെ ചെറു രൂപങ്ങൾ വാങ്ങാനും ഞങ്ങൾ മറന്നില്ല.വൈകുന്നേരങ്ങളിലെ തിരക്കിൽ പോക്കറ്റടി ഉൾപ്പെടെ പ്രതീക്ഷിച്ചു വേണം മസ്ജിദും മിനാരങ്ങളും പ്രാവുകളും വിസ്മയം തീർക്കുന്ന ഈ കഥകളുടെ സംഗമം ഭൂമിയിൽ അലിഞ്ഞുചേരാൻ.

ഇരുട്ട് മിനാരങ്ങളെ ചുംബിച്ചു തുടങ്ങിയപ്പോൾ ഞങ്ങൾ പുറത്തേക്ക് കടന്നു. കാണാത്ത കാഴ്ചകൾ ഏറെ, കണ്ടത് മനോഹരവും എന്ന അനുഭൂതിയോടെ ഹൈദരാബാദിനോട് വിടചൊല്ലാനുള്ള ഒരുക്കത്തിലേക്ക് ആയിരുന്നു പിറ്റേദിവസം കണ്ണുതുറന്നത്.തിരികെ ട്രെയിൻ ഉച്ചയ്ക്ക് 12 മണിയായതിനാൽ അതിരാവിലെ തന്നെ എല്ലാവരും പാക്കിങ്ങിൽ മുഴുകി. 10 പ്ലാറ്റ്ഫോമും 11ഓളം ട്രാക്കുകളും ഉള്ള സെക്കന്തരാബാദ് സ്റ്റേഷനിൽ കേരളത്തിലേക്കുള്ള പരശുറാം ട്രെയിൻ ഞങ്ങളെ കാത്തു കിടപ്പുണ്ടായിരുന്നു.ഒട്ടും വൈകാതെ ട്രെയിൻ കേരളം ലക്ഷ്യമാക്കി കുതിച്ചു തുടങ്ങി. പിറ്റേദിവസം ഉച്ചയോടെ ഞങ്ങൾ കോഴിക്കോട് സ്റ്റേഷനിൽ വന്നിറങ്ങി.

ഈ യാത്ര ഒരെത്തിനോട്ടമായിരുന്നു. പുതിയ ഒരുപിടി കാഴ്ചകളിലേക്കും....ഞങ്ങളുടെ ഓരോരുത്തരുടെയും ആത്മാവുകളിലേക്കും ഉള്ള യാത്ര....അതൊരിക്കലും അവസാനിക്കുന്നില്ല, ഇനിയും രണ്ടു വട്ടം വന്നാലും ഹൈദരാബാദ് കാഴ്ചകൾ കണ്ടു തീർക്കാൻ ആകുമോ എന്നറിയില്ല.

നല്ല ഓർമ്മകൾ നൽകിയ സുന്ദര നഗരമേ...നിമിഷങ്ങളെ....എൻറെ പ്രിയ അധ്യാപകരെ.....ഹൃദയത്തിൻ ഭാഗമായ കൂട്ടുകാരെ....ഈ യാത്ര അവസാനിക്കുന്നില്ല....നമ്മൾ ഇനിയും തുടരും....ഇതുപോലൊരു യാത്ര...

## സത്യപ്രതിജ്ഞ



## ഫിഫ ഷൂട്ടൗട്ട്



## യൂണിയൻ ഉദ്ഘാടനം



## സ്വാതന്ത്ര്യദിനാഘോഷം



## വാലന്റൈൻസ് ഡേ



## റിപ്പബ്ലിക്ക് ദിനാഘോഷം



## ക്രിസ്മസ് & ന്യൂയർ










## ഷീ സ്റ്റാർ








## ടൂർ









## ടൂർ

















## ആർട്സ് ഫെസ്റ്റ് കൽഹാര 2k23




## ഗെയിംസ് & അത്‌ലറ്റിക്സ്



## വാനമ്പാടികൾ കൂടൊരുക്കുമ്പോൾ



## എൻ.എസ്.എസ്



## വെളിച്ചം - സപ്തദിന ക്യാമ്പ്



## ഇഫ്താർ സംഗമം



## Department of Commerce



## Department of English



## Department of Natural Science



## Department of Physical Science



## Department of Social Science



# നന്ദി

'ഖുഷാലി' ഒരു തുറന്നുകാട്ടലാണ്
പച്ചയായ മനുഷ്യജീവിതങ്ങളുടെ
ഒരു തുറന്നെഴുത്ത്...
കൊച്ചു കൊച്ചു സന്തോഷങ്ങളും നൊമ്പരങ്ങളും
നമുക്കിവിടെ വായിക്കാം....
ചിലപ്പോൾ നിങ്ങളെത്തന്നെ നിങ്ങൾ
കണ്ടെത്തിയന്നു വരാം
എല്ലാത്തിനും സാക്ഷിയായി ഖുഷാലി
നമുക്കിടയിൽ ഇഴകിചേരുന്നു....

ഈ പ്രയാണത്തിന് മുന്നിൽ നിന്ന് മാർഗം തെളിച്ച പ്രിൻസിപ്പൾ Dr. അബ്ദുൽ ഖാദർ സാറിന്,
മാഗസിൻറെ ഓരോ ഘട്ടത്തിലും അകമഴിഞ്ഞ് സഹകരിച്ച് , താങ്ങായി, തണലായി നിന്ന സ്റ്റാഫ് എഡിറ്റർ ശ്രീ. രാജേഷ് സർ
സർവ്വ പിന്തുണയുമായി കൂടെ നിന്ന മാഗസിൻ എഡിറ്റോറിയൽ ബോർഡിന്,
ജീവിതത്തിന്റെ ബാലപാഠങ്ങൾ പഠിക്കാനും പഠിപ്പിക്കുവാനും കൂടെ നിന്ന കലാലയത്തിന്
കൂടെ നിന്ന് സാന്ത്വനമേകിയ പ്രിയപ്പെട്ടവർക്ക്

## നന്ദി...നന്ദി...നന്ദി...

റിൻഷിദ.വി
സ്റ്റുഡന്റ് എഡിറ്റർ

# EMEA TRAINING COLLEGE 2021 - 2023 BATCH



